www.malankaralibrary.com

ബിഷപ്പ് പൊന്നുമുത്തൻ | ദൈവരാജ്യത്തിന്റെ ഭരണരീതി | ഗാന്ധിജിയുടെ സ്വരാജ് | കെ.ഇ.എൻ.

Vol. 7 No.10 Oct. 2010

# കാരുണികൻ

Rs. 25/-
www.karunikan.com
സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക



## ത്രിതലപഞ്ചായത്ത്
### സാധ്യതകളും ചുമതലകളും

www.malankaralibrary.com



ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പ് കേരളത്തിൽ നടക്കുകയാണ്. അധികാര വികേന്ദ്രീകരണത്തിന്റെ ഈ പ്രാദേശിക രൂപം മുമ്പോട്ടുവയ്ക്കുന്ന സാധ്യതകൾ അന്വേഷിക്കുകയാണ് കാരുണികന്റെ ഈ ലക്കം.

പഞ്ചായത്ത് ഭരണവും വികസനവും, പഞ്ചായത്ത് രാജും ജനാധിപത്യവും, ഗാന്ധിജിയുടെ സ്വരാജ് എന്നിവയാണ് പ്രധാന ലേഖനങ്ങൾ. തയ്യാറാക്കാൻ സഹായിച്ചത് കിലയിലെ (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ) വിദഗ്ദരാണ്.

പഞ്ചായത്ത് മുതലുള്ള സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളിൽ ഇടവകകൾക്ക് എങ്ങനെ പങ്കെടുക്കാനാവും എന്ന വിഷയത്തിൽ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ അഭിപ്രായം പറയുന്ന ഫീച്ചറാണ് ആകർഷണീയമായ ഇനം. ദൈവരാജ്യത്തിന്റെ ഭരണരീതിയെന്ന ലേഖനം സമൂഹഭരണരീതിയെക്കുറിച്ചുള്ള ക്രിസ്തു സങ്കല്പം അവതരിപ്പിക്കുന്നു. കൂടാതെ പുനലൂർ ബിഷപ്പ് സെൽവിസ്റ്റർ പൊന്നുമുത്തനുമായുള്ള അഭിമുഖവും.

കാരുണികൻ
സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക

**വിലാസം:**
എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ.
എറണാകുളം - 682 015
ഫോൺ : 0484 - 2665233
ഫാക്സ് : 0484 - 2665433
e-mail : karunikan@rediffmail.com
website: www.karunikan.com

www.malankaralibrary.com



# കരോൾ ഗാന മത്സരം

ക്രിസ്തുമസ്സിനോടനുബന്ധിച്ച് എം.സി.ബി.എസ് കലാഗ്രാമവും കാരുണികനും ചേർന്ന് തിരുവനന്തപുരത്ത് വച്ച് കരോൾ ഗാന മത്സരം സംഘടിപ്പിക്കുന്നു. എല്ലാ ക്രൈസ്തവ സഭകളിലും പെട്ട ഗായക സംഘങ്ങൾക്ക് പങ്കെടുക്കാവുന്നതാണ്.

തീയതി : 2010 ഡിസംബർ 19

സ്ഥലം : സെന്റ്. മേരീസ് സ്കൂൾ ഓഡിറ്റോറിയം
പട്ടം, തിരുവനന്തപുരം

**ആകർഷകമായ ക്യാഷ് അവാർഡുകളും സമ്മാനങ്ങളും**

---

**വിശദവിവരങ്ങൾക്കും രജിസ്ട്രേഷനും ബന്ധപ്പെടുക**

**ഫാ. അജിൻ എലവുത്തിങ്കൽ**

**Mob: 9744690180**

www.malankaralibrary.com



കാരുണികൻ

പുസ്തകം ഏഴ് ലക്കം പത്ത്
2010 ഒക്ടോബർ

**രക്ഷാധികാരി**
ഡോ. ഫ്രാൻസിസ് കൊടിയൻ
പ്രൊവിൻഷ്യൽ സുപ്പീരിയർ
എം.സി.ബി.എസ്. എമ്മാവൂസ് പ്രവിശ്യ

**സഹ രക്ഷാധികാരി**
ഡോ. തോമസ് പ്ലാത്തോട്ടത്തിൽ

**പത്രാധിപർ**
ജെ. നാലുപറയിൽ

**സഹപത്രാധിപർ**
ജി. കടൂപ്പാറയിൽ

**എക്സിക്യൂട്ടീവ് എഡിറ്റർ**
വിൻസന്റ് ശ്രാമ്പിക്കൽ

**സബ്ബ് എഡിറ്റർ**
സി. ലീല പെരുമ്പള്ളിൽ

**പത്രാധിപസമിതി**
പോൾ തേലക്കാട്ട്
ബോബി ജോസ് കട്ടികാട്
സാധു ഇട്ടിയവിരാ
ജേക്കബ് ആക്കനത്ത്
തോമസ് കൂട്ടുങ്കൽ

**സർക്കുലേഷൻ മാനേജർ**
തോമസ് വാണിയപ്പുരയ്ക്കൽ

**ചിത്രീകരണങ്ങൾ**
സതീഷ്. കെ.

**രൂപകല്പന**
അബ്ദു നെല്ലിമറ്റത്തിൽ

ഒരു എമ്മാവൂസ് പ്രസിദ്ധീകരണം

## ദൈവരാജ്യവും രാഷ്ട്രീയവും

കുഞ്ഞച്ചൻ കൃഷിക്കാരനായിരുന്നു. ഇങ്ങനെ പറഞ്ഞുതുടങ്ങുമ്പോൾ തന്നെ വായനക്കാർ ധരിക്കും, കുഞ്ഞച്ചന് സ്വന്തമായി പാടശേഖരങ്ങളുണ്ടായിരുന്നെന്ന്. ഒരു സെന്റ് ഭൂമിപോലും സ്വന്തമായി ഉള്ളവനായിരുന്നില്ല കുഞ്ഞച്ചൻ. എന്നിട്ടും അയാളായിരുന്നു കൃഷിക്കാരൻ.

1960 കളിലെ കുട്ടനാടാണ് രംഗം. പാടശേഖരങ്ങളും കായൽ നിലങ്ങളും വൻതോതിൽ കൈവശം വച്ചിരിക്കുന്നത് വൻകിട മുതലാളികൾ. അവരായിരുന്നു ഭൂമിയുടെ ഉടമസ്ഥരും കർഷകജന്മികളും. പിന്നെ നാട്ടിലുണ്ടായിരുന്നത് കർഷകതൊഴിലാളികളാണ്. അവരാണ് മുതലാളിയുടെ പാടത്ത് നടുന്നതും, കളപറിക്കുന്നതും, വളമിടുന്നതും, കൊയ്തുമെതിക്കുന്നതുമെല്ലാം. മുതലാളി സ്വന്തം വീട്ടിൽ ഇരിക്കുകയേയുള്ളൂ. പാടശേഖരങ്ങളിലെ ചെളിയിലും വെള്ളത്തിലും ഇറങ്ങി നടക്കാൻ മുതലാളിയുടെ വലുപ്പം അദ്ദേഹത്തെ അനുവദിച്ചിരുന്നില്ല!

മുതലാളിയുടെയും കർഷകത്തൊഴിലാളികളുടെയും ഇടയ്ക്കുള്ള കണ്ണിയായിരുന്നു 'കൃഷിക്കാരൻ'. നേരെ പറഞ്ഞാൽ ഒരുതരം നടത്തിപ്പുകാരൻ. അയാളാണ് മുതലാളിക്കുവേണ്ടി കായലിലും പാടശേഖരങ്ങളിലും ഓടിനടന്നിരുന്നത്. അയാളാണ് തൊഴിലാളികളെക്കൊണ്ട് ജോലി ചെയ്യിപ്പിച്ചിരുന്നത്.

www.malankaralibrary.com

എന്നാൽ അയാൾ രണ്ടു ഗണത്തിലും പെടില്ലായിരുന്നു. തൊഴിലാളികളുടെ കൂട്ടത്തിൽ അയാളെ അവർ കൂട്ടില്ല. കാരണം 'കൃഷിക്കാരൻ' മുതലാളിയുടെ അംബാസിഡറും ചാരനുമാണ്. മുതലാളിമാരുടെ ഗണത്തിലും അയാൾ പെടില്ല. അങ്ങനെ ഒറ്റപ്പെട്ടുപോയ ഒരു ഗണമായിരുന്നു കുട്ടനാട്ടിലെ കൃഷിക്കാർ.

ഈ ഒറ്റപ്പെടൽ രൂക്ഷമായത് പാർട്ടിക്കാർ കർഷകത്തൊഴിലാളികളെ സംഘടിപ്പിക്കാൻ തുടങ്ങിയപ്പോഴായിരുന്നു. സമ്പന്നരായ മുതലാളി ഗണത്തിലും സംഘടിതമായ തൊഴിലാളിക്കൂട്ടത്തിലും പെടാതെ കൃഷിക്കാർ ഒറ്റപ്പെട്ടു നില്ക്കുന്ന കാലമായിരുന്നു 1960 കൾ.

അക്കാലമാണ് നമ്മുടെ കഥാപാത്രം കുഞ്ഞച്ചന്റെ കാലഘട്ടം. ഒരു സുപ്രഭാതത്തിൽ കുഞ്ഞച്ചനെ ചാക്കോച്ചൻ മുതലാളി ജോലിയിൽ നിന്നും പിരിച്ചുവിട്ടു.

അതൊരു ലളിതമായ ചടങ്ങായിരുന്നു. രാവിലെ കുഞ്ഞച്ചൻ മുതലാളിയുടെ വീട്ടിൽ അന്നത്തെ പ്രവർത്തന അജണ്ട വാങ്ങാൻ ചെന്നതായിരുന്നു. പതിവുപോലെ മുതലാളി വരാന്തയിലേയ്ക്ക് ഇറങ്ങിവന്നു. പതിവിനു വിപരീതമായി അദ്ദേഹം കുഞ്ഞച്ചനോട് ക്ഷേമാന്വേഷണം നടത്തി. ക്ഷീണമൊക്കെയല്ലേ? അതിനാൽ ഇനിമുതൽ വിശ്രമിച്ചോളാൻ പറഞ്ഞു. പാരിതോഷികമായി ചെറിയൊരു തുകയും കൈയ്യിൽ വച്ചുകൊടുത്തു. വാങ്ങുമ്പോൾ കുഞ്ഞച്ചന്റെ തലകറങ്ങി. കാരണം, വീട്ടിലുള്ള ഭാര്യയും ഏഴുമക്കളുമായിരുന്നു അയാളുടെ മനസ്സിൽ...

ചാക്കോച്ചൻ മുതലാളി ക്ഷേമാന്വേഷണം നടത്തിയതിന് കാരണമുണ്ട്. മുതലാളിയുടെ ഭാര്യ തറമ്മയ്ക്ക് രണ്ടുമാസം മുമ്പ് ഒരു ഓപ്പറേഷൻ വേണ്ടിവന്നു. അന്ന് രക്തംകൊടുത്തത് കുഞ്ഞച്ചനായിരുന്നു. രക്തം കൊടുത്ത് ഒരാഴ്ച കഴിഞ്ഞപ്പോൾ കുഞ്ഞച്ചന് നെഞ്ചുവേദന വന്ന്, ആശുപത്രിയിലായി. ചോരമുഴുവൻ ഊറ്റി എടുത്തതാണ് ചങ്കുവേദനയുടെ കാരണമെന്ന് ജനസംസാരം... അങ്ങനെ രോഗിയായിത്തീർന്ന കുഞ്ഞച്ചന് തൊഴിലും നഷ്ടമായി.

പിരിച്ചുവിടലിലെ അന്യായവും മൃഗീയതയും നാട്ടിൽ സംസാരമായി. ചായക്കടയിലും ബാർബർ ഷോപ്പിലും ഇതായിരുന്നു ചർച്ചാവിഷയം. പുറത്തിറങ്ങാൻ മടിച്ചിരുന്ന കുഞ്ഞച്ചനെ ഒരു ദിവസം പാർട്ടിക്കാർ വീട്ടിൽച്ചെന്നുകണ്ടു സഹാനുഭൂതി പ്രകടിപ്പിച്ചു. എന്നിട്ട് അവർ സഹായവും വാഗ്ദാനം ചെയ്തു-കുഞ്ഞച്ചനുവേണ്ടി സമരം ചെയ്യാൻ തയ്യാറാണെന്ന്. മുതലാളിയുടെ പാടത്തും കായലിലും ചെങ്കൊടി കുത്താമെന്ന്. അത് ശരിയാണല്ലോ എന്ന് കുഞ്ഞച്ചനും ഭാര്യയ്ക്കും തോന്നി.

അങ്ങനെ തീരുമാനിച്ചിരിക്കുമ്പോഴാണ് ഒരു ദിവസം പള്ളിയിൽ നിന്നും തിരിച്ചെത്തിയ കുഞ്ഞച്ചന്റെ അമ്മ മാമിയമ്മ അതിനെ എതിർത്തത്: "വഴക്കിനും വയ്യാവേലിക്കും ഒന്നും പോകണ്ട. നമ്മളെ തമ്പുരാൻ നടത്തിക്കോളും!"

അമ്മയോട് എതിർക്കാൻ ശീലിച്ചിട്ടില്ലാതിരുന്ന കുഞ്ഞച്ചൻ സമരതീരുമാനത്തിൽ നിന്നും പിൻവാങ്ങി. മാമിയമ്മയെ ഉപദേശിച്ചത് പള്ളിയിലെ വികാരിയച്ചനായിരുന്നു.

www.malankaralibrary.com

വികാരിയച്ചനെ സ്വാധീനിച്ചത് ചാക്കോച്ചന്റെ ഭാര്യ തറമ്മയായിരുന്നു. തറമ്മയും മാമിയമ്മയും പള്ളിയിലെ സ്ഥിരം ഭക്തസ്ത്രീകളുമായിരുന്നു. ഫലമോ, പിന്നീടങ്ങോട്ട് കുഞ്ഞച്ചന്റെ കുടുംബം പട്ടിണിയിലായി.

അവകാശ സമരങ്ങളോടും അനീതിക്കെതിരെയുള്ള ജനകീയചെറുത്തു നില്പുകളോടും ആരോഗ്യകരമായ അകലം പാലിക്കുന്നൊരു സ്വഭാവം ഒരുകാലത്ത് പള്ളിക്കുണ്ടായിരുന്നു. "വഴക്കിനും വയ്യാവേലിക്കും ഒന്നും പോകേണ്ട" എന്ന മാമിയമ്മയുടെ വാക്കുകളിൽ പള്ളിയുടെ പൊതുട്രെൻഡാണ് പ്രതിഫലിച്ചത്.

ഏറെക്കാലം തുടർന്നുവന്നൊരു രീതിയായിരുന്നു അത്. എന്തായിരുന്നു പരിണിത ഫലം? രാഷ്ട്രീയപ്രവർത്തനത്തെയും ജനാധിപത്യ സ്ഥാപനങ്ങളിലെ അധികാരം ഏറ്റെടുക്കുന്നതിനെയും വേണ്ടരീതിയിൽ പ്രോത്സാഹിപ്പിക്കാൻ സഭയ്ക്ക് കഴിഞ്ഞിട്ടുണ്ടോയെന്ന് സംശയമാണ്.

ഈ വിലയിരുത്തൽ ശരിയാണോയെന്ന് എങ്ങനെ തിരിച്ചറിയാം? എളുപ്പമാണത്. അമ്പതുശതമാനം സ്ത്രീസംവരണം നടപ്പിലാക്കുമ്പോൾ യോഗ്യരും പരിചയസമ്പന്നരുമായ സ്ഥാനാർത്ഥികളെ വിശ്വാസികളുടെ ഇടയിൽ നിന്ന് ലഭ്യമാണോ? ഇവിടെയാണ് അവിശ്വാസികൾ വിശ്വാസികളെക്കാൾ ബുദ്ധിയും മികവും പ്രകടിപ്പിച്ചിരിക്കുന്നത്.

അനിവാര്യമായിരിക്കുന്നത് കാഴ്ചപ്പാടിലെ സമൂലമായൊരു മാറ്റമാണ്. ദൈവരാജ്യം പ്രഘോഷിച്ചവന്റെ ശിഷ്യസമൂഹം വരാനിരിക്കുന്ന സ്വർഗ്ഗരാജ്യത്തിനുകൊടുത്ത അമിതമായ ഊന്നലാണോ ഇത്തരം ഒരു അപചയത്തിനു കാരണം? യേശു പ്രഘോഷിച്ച ദൈവരാജ്യം ഈ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യരുടെ സമൂഹബന്ധങ്ങളിൽ ആരംഭിക്കുന്നതും വളരുന്നതുമാണ്. ഈ സത്യമാണ് സഭാനേതൃത്വം നിരന്തരം അനുസ്മരിക്കേണ്ടതും സമൂഹത്തിനാകമാനം കൈമാറേണ്ടതും. ദരിദ്രനും, നഗ്നനും, രോഗിക്കും, കാരാഗൃഹവാസിക്കും പ്രത്യേക പരിഗണന കൊടുക്കുന്നതാണ് യേശുവിന്റെ ദൈവരാജ്യം (മത്താ 25:35-40). അതിനുള്ള ആനുകാലിക മാർഗ്ഗമാണ് പൊതുപ്രവർത്തനവും, രാഷ്ട്രീയജീവിതവും, സ്വയംഭരണസ്ഥാപനങ്ങളിലെ അധികാരം നേടിയെടുക്കുന്നതും. ജനാധിപത്യവും രാഷ്ട്രീയപ്രവർത്തനവും യേശുവിന്റെ ദൈവരാജ്യത്തിന് എതിരല്ലെന്ന് മാത്രമല്ല, അതിലേക്കുള്ള രാജപാത തന്നെയാണെന്ന തിരിച്ചറിവിലൂടെ മാത്രമേ വലിയൊരു മാറ്റത്തിന് തുടക്കം കുറിക്കാൻ സഭയ്ക്ക് കഴിയൂ.

പത്രാധിപർ

www.malankaralibrary.com

# ഉള്ളടക്കം


14

**പൊന്നുമുത്ത്**
പാവങ്ങളോടുള്ള പക്ഷംചേരൽ കടലാസിൽനിന്നും ജീവിതത്തിലേയ്ക്ക് പകർത്തിയ വ്യക്തിയാണ് പുനലൂരിന്റെ പുതിയബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ. ആസന്നമായ ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ സമകാലിക കേരളയാഥാർത്ഥ്യങ്ങളെ യഥാവിധി വിശകലനം ചെയ്യുന്ന അഭിമുഖം.

18

**ദൈവരാജ്യത്തിന്റെ ഭരണരീതി**
യേശു വിഭാവനം ചെയ്ത സമൂഹത്തിലെ ഭരണക്രമം എത്തരത്തിൽ ഉള്ളതായിരുന്നു? ബൈബിൾ പണ്ഡിതനും പുതിയ നിയമം പ്രൊഫസറുമായ ഡോ. ജേക്കബ് നാലുപറയിലിന്റെ സുവിശേഷാധിഷ്ഠിതമായ ഒരന്വേഷണം.

20

**പഞ്ചായത്ത് ഭരണവും വികസനവും**
തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര സാധ്യതകൾ ഏതൊക്കെ? നാടിന്റെ വികസനത്തിൽ ത്രിതല പഞ്ചായത്ത് ഭരണസമിതിക്ക് എന്തൊക്കെ സംഭാവനകൾ ചെയ്യാനാകും? കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA) ഡയറക്ടർ പ്രൊഫ. എൻ. രമാകാന്തന്റെ അന്വേഷണാത്മക ലേഖനം.

25

**പഞ്ചായത്ത് രാജിൽ സഭയ്ക്കുള്ള പങ്ക്**
ഇടവകയെന്ന അടിസ്ഥാന യൂണിറ്റു മുതലുള്ള ഭരണ സംവിധാനം സഭയ്ക്കുണ്ട്. എങ്കിൽ പഞ്ചായത്ത് മുതലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസനപ്രവർത്തനങ്ങളിൽ ഇടവകകൾക്ക് എങ്ങനെ പങ്കെടുക്കാനാവും? തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ പങ്കെടുക്കുന്ന ഫീച്ചർ.







35

30

**പഞ്ചായത്ത് രാജും ജനാധിപത്യവും**
പ്ലാനിങ്ങിലും തീരുമാനമെടുക്കൽ പ്രക്രിയയിലും, ഭരണത്തിലും പരമാവധി ജനങ്ങൾ പങ്കാളികളാകുമ്പോഴാണ് ജനാധിപത്യം യാഥാർത്ഥ്യമാകുന്നത്. പഞ്ചായത്ത് രാജിലൂടെ ജനാധിപത്യം എങ്ങനെ കൈവരിക്കാം? KILA അസി. ഡയറക്ടർ സുരേഷ് എം. എഴുതുന്നു.

www.malankaralibrary.com



15



23

34

## ഗാന്ധിജിയുടെ സ്വരാജ്

എന്തായിരുന്നു ഗാന്ധിജി വിഭാവനം ചെയ്ത സ്വരാജ്? സ്വരാജിനുള്ള മാർഗ്ഗവും അതിന്റെ ഇന്നത്തെ പ്രസക്തിയും സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡവലപ്മെന്റ് സ്റ്റഡീസ് അസി. പ്രൊഫസർ എ. വി. ജോസഫ് വിശ കലനം ചെയ്യുന്നു.

03 എഡിറ്റോറിയൽ

08 പ്രതികരണങ്ങൾ

48 അന്ത്യവിധി

38

## കെ. ഇ. എന്നിന്റെ തീവ്രവാദം

വന്ദിക്കുന്നതുപോലെ മതത്തെ നിന്ദിക്കുവാനും അവകാശമുണ്ടെന്ന് കെ. ഇ. എൻ. അഭിപ്രായപ്പെട്ടു. കെ. ഇ. എന്നിന്റെ വാദമുഖങ്ങളിലേയ്ക്ക് ഡോ. സിപ്രിയൻ ഇല്ലിക്കമുറി നടത്തുന്ന അന്വേഷണം.

40

## ജനശബ്ദം

ജനാധിപത്യത്തിന്റെ ആത്മാവാണ് ജനശബ്ദം അഥവാ ജനതാത്പര്യം. ഇതിനു ചെവി കൊടുക്കേണ്ടവയാണ് ജനാധിപത്യവ്യവസ്ഥയിലെ ഗ്രാമസഭകൾ മുതലുള്ള സ്ഥാപനങ്ങൾ. അവയുടെയും സഭയുടെയും ചുമതലകളെക്കുറിച്ച് പ്രതികരിക്കുന്ന വിശ്വാസത്തിൽ ഡോ. മാത്യു ഇല്ലത്തുപറമ്പിൽ വിവരിക്കുന്നു.

43

## രോഗീലേപനത്തിന്റെ കാർമ്മികൻ?

രോഗീലേപനം ഒരു കൂദാശയാണ്. വൈദികർ മാത്രമാണ് രോഗീലേപനം എന്ന കൂദാശയുടെ കാർമ്മികർ. രോഗീലേപനത്തിന്റെ കാനോനിക ക്രമത്തെക്കുറിച്ച് ഡോ. ജോസ് ചിറമേൽ, ഇത്തവണത്തെ കാനോനിക്കൽ കൗൺസെലിൽ

46

## സഭയുടെ മാധ്യമപ്രവർത്തനം

അജപാലകർ തങ്ങളുടെ ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കുന്ന പംക്തിയായ യാഗവേദിയിൽ കൊല്ലം രൂപതാംഗമായ മോൺ. ഫെർഡിനന്റ് പീറ്റർ തന്റെ തനിമയാർന്ന അജപാലനരീതികളെക്കുറിച്ച് മനസ്സുതുറക്കുന്നു.

www.malankaralibrary.com

# പ്രതികരണങ്ങൾ

കാരുണികനിലെ വിഭവങ്ങളോട് പ്രതികരിക്കുന്നവർ സമൂഹത്തിന്റെ ഉന്നത ശ്രേണിയിലുള്ളവർ മുതൽ സാധാരണക്കാർ വരെയുണ്ട്. ക്രിയാത്മകമായ ഒരു ചർച്ചയാണ് പ്രതികരണങ്ങളിലൂടെ പുറത്തുവരുന്നത്. വായനക്കാരുടെ ഏതു പ്രതികരണവും ബഹുമാനപൂർവ്വം സ്വീകരിക്കാനും മാന്യമായി അവതരിപ്പിക്കാനുമുള്ള പ്രതിബദ്ധത ഞങ്ങൾ വീണ്ടും ഏറ്റുപറയുന്നു. തുറന്ന ആശയപ്രകടനത്തിലൂടെയും പ്രതിപക്ഷ ബഹുമാനത്തോടെയുമുള്ള സംവാദത്തിലൂടെയും സമൂഹത്തിലെ മൂല്യശ്രേണിക്ക് ക്രിസ്തീയമായ ദിശാബോധം നൽകുന്ന പ്രക്രിയയിൽ നാം പങ്കുചേരുകയാണ്.




## കുടിയിറക്കത്തിന്റെ നൊമ്പരങ്ങൾ

കുടിയിറക്കത്തിന്റെ നൊമ്പരങ്ങൾ വരച്ചുചേർത്തു എന്ന നിലയിൽ നന്നായിരുന്നു എന്ന് പറയാമെങ്കിലും പള്ളിയിൽ ആളില്ലാതിരിക്കുന്നതിലുള്ള അങ്കലാപ്പുകളിലും തൊഴിലില്ലായ്മാ ഭീതിയിലുമായി ചർച്ച ചുരുങ്ങി എന്നു പറയാതെ വയ്യ. കുറേക്കൂടി ആഴത്തിൽ ഈ പ്രതിഭാസത്തെ പഠനവിഷയമാക്കേണ്ടതുണ്ട് എന്ന് തോന്നുന്നു. എന്തുകൊണ്ട് കുടിയിറങ്ങുന്നു എന്ന ചോദ്യത്തിനുത്തരം എളുപ്പമാണ്. കുട്ടികൾ കുറവ്; കൃഷിയിടങ്ങൾ ജോലി ചെയ്യാനാളില്ലാതെ പാഴായിക്കിടക്കുന്നു; പുതുതലമുറയ്ക്ക് നല്ല വിദ്യാഭ്യാസം കുടിയേറ്റ കേന്ദ്രങ്ങളിലില്ല- ഇതെല്ലാം കാരണങ്ങളിൽ ചിലതാണ്. ജീവിതത്തോടുതന്നെയുള്ള കാഴ്ചപ്പാടിലെ മാറ്റം ഈ നീക്കത്തിനു പിന്നിലുണ്ട്. അന്നന്നേയ്ക്കുവേണ്ടി ജീവിക്കാനും സ്വന്തം കാര്യം ശ്രദ്ധിക്കാനുമുള്ള പ്രവണത ഇവിടുണ്ട്. കുടിയേറ്റ കേന്ദ്രങ്ങൾ, രാഷ്ട്രീയ-സാമൂഹിക-മതമേഖലകൾ വോട്ടിനും പ്രദക്ഷിണത്തിനും ആളെ കിട്ടാൻ മാത്രമേ ശ്രദ്ധിക്കുന്നുള്ളൂ എന്നതും കാരണമാകാം.

ഒരു കുടിയിറക്കം പുതിയൊരു കുടിയേറ്റത്തിലേക്കാണ്. കുടിയേറ്റത്തിന്റെ പുതിയ മേഖലകളെ കണ്ടെത്തി അപഗ്രഥിക്കണം. മലകളിലേക്കും ഗ്രാമങ്ങളിലേക്കുമായിരുന്നു പഴയകുടിയേറ്റം. ഇന്ന് കുടിയിറങ്ങുന്നവർ ചേക്കേറുന്നത് ടൗണുകളിലും താഴ്‌വാരങ്ങളിലുമാണ്. ഫ്ളാറ്റ് സംസ്ക്കാരങ്ങളിലേക്കുള്ള കുടിയേറ്റവും നന്നായുണ്ട്. ഇതിന്റെയെല്ലാം പ്രത്യാഘാതങ്ങൾ ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്.

കാർഷിക മേഖലയിൽ മാത്രമല്ല കുടിയിറക്കം.




മത്സ്യബന്ധനം, കച്ചവടം തുടങ്ങിയ ഇടങ്ങളിലും ഇതു പ്രകടമാണ്. കൊച്ചു പീടികകളും ചായക്കടകളും കുടിയിറങ്ങുന്നു. സൂപ്പർമാർക്കറ്റുകളും ഹോട്ടലുകളും പുതിയ കുടിയേറ്റകേന്ദ്രങ്ങളും ശൈലികളുമാകുന്നു. പരമ്പരാഗത ജീവിതശൈലികൾ കുടിയിറങ്ങുന്നു. വസ്ത്രധാരണരീതി, ഭക്ഷണക്രമം, കുടുംബബന്ധങ്ങൾ, അയൽപക്ക സഹകരണങ്ങൾ തുടങ്ങിയ മേഖലകളിലെല്ലാം വ്യാപകമായ കുടിയിറക്കങ്ങളുണ്ട്.

www.malankaralibrary.com

എങ്ങിനെ കുടിയിറക്കത്തിന് തടയിടാം എന്നാലോചിച്ചു തല പുകഞ്ഞിട്ടു കാര്യമില്ല. കുടിയേറ്റവും കുടിയിറക്കവും ജീവിതത്തിന്റെ താളമാണ്. കുടിയേറ്റത്തിലും കുടിയിറക്കത്തിലും കൂടെനില്ക്കാൻ നേതൃത്വത്തിന് ഇച്ഛാശക്തിയുണ്ടോ; അതിനുള്ള ആർജ്ജവത്വവും സമർപ്പണവുമുണ്ടോ? ഇതാണ് ചോദ്യം. കഴിഞ്ഞതലമുറയിലെ സഭാനേതൃത്വം കൂടെനിന്നിരുന്നു എന്നതിന് ധാരാളം ഉദാഹരണം കണ്ടെത്താനാവും. ഏറ്റത്തിൽ മാത്രമല്ല, ഇറക്കത്തിലും കൂടെ നിന്നേപറ്റൂ. കുടിയിറങ്ങുന്നവരുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരങ്ങൾ കൂട്ടായി നടപ്പാക്കിയേ പറ്റൂ.

വാഗ്ദാനദേശത്തേയ്ക്കു കുടിയേറിയവർ ഈജിപ്തിൽ നിന്ന് കുടിയിറങ്ങിയവരാണ് എന്ന സത്യം നമ്മെ ദൈവം നടത്തിയ വഴികളിൽ ചിന്തിപ്പിക്കണം. കുടിയേറ്റവും കുടിയിറക്കവും ചേർന്നതാണ് ചരിത്രം. ആ ചരിത്രം രക്ഷാകര ചരിത്രമാകുമോ എന്നതാണ് ഏറെ പ്രസക്തമായ ചർച്ചാ വിഷയം.

**ഡോ. ജോസ് വടക്കേടം**

വടവാതൂർ സെമിനാരി, കോട്ടയം

## തിരുത്ത്

കഴിഞ്ഞലക്കം കാരുണികനിൽ "മലബാറിന്റെ ജോഷ്വാ" എന്ന അഭിമുഖത്തിൽ റെമീജിയോസ് പിതാവിന്റെ പൗരോഹിത്യസ്വീകരണം 1977 ജൂൺ 11ന് എന്നാണ് കൊടുത്തിരുന്നത്. അത് 1987 ജൂൺ 11 എന്ന് തിരുത്തി വായിക്കണമെന്നപേക്ഷിക്കുന്നു.

**പത്രാധിപർ**

## സഭൈക്യ പ്രവർത്തനങ്ങൾ

കാരുണികൻ മാസിക സ്ഥിരമായി വായിക്കാറുണ്ട്. പൊതുവെ എല്ലാവരും മാസികയെക്കുറിച്ച് നല്ല അഭിപ്രായമാണ് പറയാറുള്ളത്. കഴിഞ്ഞ കുറച്ചുനാൾ മുൻപ് യാക്കോബായ സഭയിലെ ഒരു തിരുമേനി കുറച്ചു വൈദികരോട് കാരുണികനെക്കുറിച്ച് നല്ല അഭിപ്രായം പറയുന്നത് കേട്ടു. ഓർത്തഡോക്സ് -യാക്കോബായ - മാർത്തോമ്മാ - സി.എസ്.ഐ. സഭയിലെ അച്ചന്മാർ ചിലർ കാരുണികനെക്കുറിച്ച് നല്ലതു പറയുന്നതു കേട്ടിട്ടുണ്ട്. ഈ മാസിക അകത്തോലിക്കാസഭകളിൽപ്പെട്ടവരുടെയിടയിൽ പ്രത്യേകിച്ചും അകത്തോലിക്കാ വൈദികർക്ക് എത്തിച്ചുകൊടുക്കാൻ ശ്രമിക്കുന്നത് നല്ല കാര്യമായിരിക്കും.

ഏതാനും ചില അഭിപ്രായങ്ങൾ പറയുവാനാഗ്രഹിക്കുന്നു. സഭൈക്യപ്രവർത്തനങ്ങളിൽ താല്പര്യമുള്ള ഒരു വ്യക്തിയാണ് ഞാൻ. അതുകൊണ്ട് അതുമായി ബന്ധപ്പെട്ട വിഷയങ്ങൾ മാസികയിൽ കാണാൻ ആഗ്രഹിക്കുന്നുണ്ട്. സഭൈക്യം വളരെ വലിയ ഒരു വിഷയമാണെന്നറിയാം. എങ്കിലും സഭൈക്യത്തെക്കുറിച്ച് ഒരു ലക്കം കാരുണികനിൽ നിന്ന് പ്രതീക്ഷിക്കുന്നു.

കേരളത്തിൽ ചിലയിടങ്ങലിൽ സഭൈക്യ പ്രവർത്തനങ്ങൾ സജീവമായിട്ടു നടക്കാറുണ്ട്. വിവിധ സഭകളിലെ വൈദികർ പ്രാദേശികമായി ഒത്തുകൂടാറുണ്ട്. ചില പിതാക്കന്മാർ സഭൈക്യ കാര്യങ്ങളിൽ താല്പര്യമെടുക്കാറുണ്ട്. കോട്ടയത്തെ SEERI പോലെയുള്ള സ്ഥാപനങ്ങൾ അനേകം എക്യൂമെനിക്കൽ കാര്യങ്ങൾ ചെയ്യാറുണ്ട്. SEERI യെ കുറിച്ച് കാരുണികനിൽ ഒരു ലേഖനം പ്രതീക്ഷിക്കുന്നു. വിവിധ സ്ഥലങ്ങളിൽ നടക്കുന്ന സഭൈക്യ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ കാരുണികന്റെ സഹായവും ആവശ്യമുണ്ട്.

നിലയ്ക്കൽ എക്യൂമെനിക്കൽ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ വളരെയേറെ കാര്യങ്ങൾ നടക്കുന്നുണ്ട്. നിലയ്ക്കൽ എക്യൂമെനിക്കൽ പള്ളി സഭൈക്യപ്രവർത്തനങ്ങളുടെ ഒരു സാക്ഷ്യമാണ്. കാരുണികനിലൂടെ അതിനെക്കുറിച്ച് ഒരു ഫീച്ചർ പ്രതീക്ഷിക്കുന്നു.

കേരള കൗൺസിൽ ഓഫ് ചർച്ച്സ് (KCC) അതിന്റേതായ രീതിയിൽ കുറേ കാര്യങ്ങൾ ചെയ്യുന്നുണ്ട്. YMCA, YWCA തുടങ്ങിയ പ്രസ്ഥാനങ്ങളും സജീവമാണ്.

മലങ്കര കത്തോലിക്കാ സഭ സഭൈക്യത്തിനു വേണ്ടി നിലകൊള്ളുന്ന ഒരു സഭയാണ്. മാർ ഈവാനിയോസ് പിതാവിന്റെ സഭൈക്യപരിശ്രമങ്ങ

www.malankaralibrary.com

ളും, പുത്തൻകൂർ സമുദായത്തിൽ 1653 ലെ കൂനൻ കുരിശിനു ശേഷവും ഉണ്ടായ പുനരൈക്യ പരിശ്രമങ്ങളുമൊക്കെ കാരുണികനിൽ വിഷയമാക്കാവുന്നതാണ്.

**ഫാ. ജോർജ്ജ് തെക്കാടയിൽ**
മേരിഗിരി, തിരുവല്ല




## ക്നാനായ കുടിയേറ്റ ജനത

കാരുണികനിൽ കുടിയേറ്റത്തെയും, കുടിയിറക്കത്തെയും കുറിച്ച് നടത്തിയ പഠനങ്ങളും ചിന്തകളും വായിച്ചപ്പോൾ കേരളത്തിന്റെ രാഷ്ട്രീയ, സാമൂഹ്യ, സംസ്ക്കാരിക മണ്ഡലങ്ങളിൽ കുടിയേറ്റം ചെലുത്തിയ സ്വാധീനശക്തി ഒരിക്കൽക്കൂടി അയവിറക്കുവാൻ കാരണമായി.

ഇസ്രായേൽ ജനത്തിന്റെ കൂടിയേറ്റരക്തം പേറുന്ന യഹൂദജനതയുടെ പിൻതലമുറക്കാരായ ക്നാനായക്കാരാണ് സംഘടിതമായ മലബാർ കുടിയേറ്റത്തിന് നേതൃത്വം നല്കിയത് എന്ന സത്യം പരാമർശിക്കപ്പെടാതെ പോകുന്നത് ദുഃഖകരമാണ്.

20 -ാം നൂണ്ടാറ്റിന്റെ മദ്ധ്യത്തിൽ രണ്ടാം ലോകമഹായുദ്ധത്തിന്റെ കെടുതിയിൽ ഞെരുങ്ങിയ തന്റെ ജനത്തിന്റെ നിലവിളിക്ക് ഉത്തരം കണ്ടെത്താൻ ദൈവതിരുമുമ്പാകെ കരങ്ങൾ വിരിച്ച് പ്രാർത്ഥിച്ച അലക്സാണ്ടർ ചൂളപ്പറമ്പിൽ പിതാവും, അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം കാസർഗോഡ് ജില്ലയിലെ രാജപുരത്തും, കണ്ണൂർ ജില്ലയിലെ മടമ്പത്തും യഥാക്രമം 1800, 2000 ഏക്കർ ഭൂമി വാങ്ങി വൈദികരുടെ സഹായത്തോടെ സംഘടിത കുടിയേറ്റത്തിന് നേതൃത്വം നല്കിയ ഷെവലിയർ വി. ജെ. ജോസഫ് കണ്ടോത്തുമൊക്കെ കുടിയേറ്റ മക്കളുടെ സ്മരണയിൽ ഇന്നും നിലനില്ക്കുന്നു എന്നതിന്റെ തെളിവാണ് അലക്സാണ്ടർ ചൂളപ്പറമ്പിൽ പിതാവിന്റെ നാമത്തിലുള്ള അലക്സ് നഗർ കോളനിയും, ജോസഫ് സാറിന്റെ നാമത്തിൽ മടമ്പത്തുള്ള പ്രൊഫ. കണ്ടോത്ത് മെമ്മോറിയൽ B.Ed കോളേജും.

മലബാറിലെ കുടിയേറ്റജനതയ്ക്ക് സ്വന്തമായ ഇടയനും രൂപതയും ഉണ്ടാകുന്നതിന് 13 വർഷങ്ങൾക്ക് മുമ്പ് കോട്ടയം രൂപത സംഘടിതമായി ക്രമീകരിച്ച 72 കുടുംബങ്ങളടങ്ങിയ ആദ്യ കൂടിയേറ്റ സംഘം കള്ളാറിലെ ഉമ്മാച്ചി ബംഗ്ലാവിൽ 1942 ഫെബ്രുവരി 2 ന് ഇരുമ്പുപെട്ടികൾ ചേർത്തു വച്ചുണ്ടാക്കിയ താത്കാലിക അൾത്താരയിൽ കോഴിക്കോട് ലത്തീൻ രൂപതാദ്ധ്യക്ഷന്റെ അനുമതിയോടെ സുറിയാനി കുർബാന അർപ്പിച്ചതും, 1943 മെയ് 8 ന് മടമ്പം പുഴയുടെ തീരത്ത് കിടന്നുറങ്ങാൻ സ്വന്തം കൂരകെട്ടുന്നതിന് മുമ്പ്, തങ്ങൾക്കൊരുമിച്ച് ബലിയർപ്പിക്കാൻ താത്കാലിക ഷെഡുണ്ടാക്കണം എന്ന ദൃഢനിശ്ചയത്തോടെ സുറിയാനി കുർബാനയർപ്പിച്ചുതുമാണ് കണ്ണൂർ - കാസർഗോഡ് ജില്ലകളിലെ പ്രഥമ കൂടിയേറ്റ ക്രൈസ്തവ കൂട്ടായ്മ.

മറ്റെല്ലാ സമൂഹങ്ങളും ചെറുഗ്രൂപ്പുകളായി കൂടിയേറി, പിന്നീട് വൈദികർ എത്തി ക്രൈസ്തവ കൂട്ടയ്മകൾ രൂപപ്പെട്ടതാണെങ്കിൽ, കോട്ടയം രൂപതയിലെ മദ്ധ്യതിരുവതാംകൂറിലെ ഇടവകകളിൽ അഭിവന്ദ്യ ചൂളപ്പറമ്പിൽ പിതാവ് ഇടയലേഖനത്തിലൂടെ വിവരം അറിയിച്ച്, തിരഞ്ഞെടുക്കപ്പെട്ട 72 കുടുംബങ്ങൾ (എ.ഡി. 345 ലെ 72 കുടുംബങ്ങളുടെ പ്രതീകം) കോട്ടയം അരമനയിലെത്തി അഭിവന്ദ്യ

www.malankaralibrary.com

## പ്രശ്നപരിഹാരം

മലബാറിലെ ക്രൈസ്തവരെ സംബന്ധിച്ച് വളരെയധികം കാലികപ്രസക്തിയുള്ള ഒരു വിഷയം, 'കുടിയിറക്കം' വായനക്കാരുടെ മുന്നിലെത്തിച്ചതിന് കാരുണികന്റെ' അണിയറ ശില്പികൾക്കു നന്ദി. കുടിയേറ്റവും കുടിയിറക്കവും മനുഷ്യരാശിയുടെ സ്വഭാവമാണെന്ന് വിശുദ്ധ ബൈബിളിന്റെ പേജുകളിൽ നിന്നും വായിച്ചെടുക്കാവുന്നതാണ്. കുടിയേറ്റത്തിന്റെ ആരംഭദിശയിൽ കുടിയേറ്റക്കാർക്ക് ആഴത്തിലുള്ള ദൈവാശ്രയബോധവും, അടിയുറച്ച ഇച്ഛാശക്തിയും നിശ്ചയദാർഢ്യവും ഉണ്ടായിരുന്നു. നിർഭാഗ്യവശാൽ, കാലക്രമേണ ഭൗതിക വളർച്ചയുടെ മാസ്മരിക വലയത്തിൽപ്പെട്ട് പുതിയ ബന്ധങ്ങൾ ഉണ്ടായപ്പോൾ പുതിയതലമുറ പൈശാചിക ബന്ധങ്ങൾക്ക് അടിമപ്പെട്ടു. മദ്യത്തിനും നിരീശ്വരത്വത്തിനും അവിശുദ്ധ രാഷ്ട്രീയ ഇടപാടുകൾക്കും അഹങ്കാരത്തിനും വഴിവിട്ട ധാർമ്മിക അധഃപതനത്തിനും വഴിപ്പെട്ടു.

ഇസ്രായേൽ ജനത കാനാൻദേശത്തേയ്ക്ക് കുടിയേറ്റം നടത്തിയിട്ടും വഴിവിട്ട ജീവിതശൈലിയുടെ ഫലമായി അസ്സീറിയായിലേയ്ക്കും ബാബിലോണിലേയ്ക്കും വിപ്രവാസത്തിന് പോയതിന്റെ കാരണങ്ങൾ ബൈബിളിലൂടെ വായിച്ചാൽ എന്തുകൊണ്ട് ഇന്നത്തെ കുടിയിറക്കം സംഭവിക്കുന്നു എന്നതിനുള്ള ശരിയായ ഉത്തരം നമുക്ക് ലഭിക്കും.

ആയതിനാൽ പ്രശ്നത്തിനുള്ള യഥാർത്ഥ പരിഹാരനിർദ്ദേശങ്ങളാണ് നമുക്ക് വേണ്ടത്. ചിലത് കുറിക്കട്ടെ.

1. റീത്ത് വ്യത്യാസമില്ലാതെ മലബാറിലെ എല്ലാ വിഭാഗങ്ങളിലെയും സഭാപിതാക്കന്മാരും, വൈദികശ്രേഷ്ഠരും, സന്യസ്തരും, അല്മായരും കൂടി ദൈവത്തിനോടും, സമൂഹത്തിനോടും, പ്രതീകാത്മകമായോ, പരസ്യമായോ നമ്മുടെ കഴിഞ്ഞകാലത്തെ വഴിവിട്ട ചെയ്തികളെ ഓർത്ത് മാപ്പ് അപേക്ഷിക്കണം (ഉദാ: പോപ് ബനഡിക്ട് XIV).
2. എളിമയുടെയും ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും അരൂപിയിൽ മലബാറിലെ എല്ലാ മക്കളേയും മാതാവിന്റെ വിമലഹൃദയത്തിന് സമർപ്പിക്കണം (ഉദാ: വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ പാപ്പ റഷ്യയുടെ മാനസാന്തരത്തിനായിട്ട് മാതാവിന്റെ വിമലഹൃദയത്തിന് സമർപ്പിച്ചു).
3. കാർഷികമേഖലയെ പരിപൂർണ്ണമായും നവീകരിക്കുന്നതിനായിട്ടും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുമായി ചേർന്ന് ക്രിയാത്മകമായ കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യുക (ഉദാ: കുട്ടനാട് പദ്ധതിപോലെ).
4. പൂർവ്വികരായ കുടിയേറ്റക്കാർ വെട്ടിത്തെളിച്ച കാനാൻദേശം ഒരു കാരണവശാലും പുതിയ ഫറവോന്മാരുടെ പാദങ്ങളിൽ അടിയറവയ്ക്കാതിരിക്കുക-അതിനുള്ള കൂട്ടായ്മകൾ സഭാതലത്തിൽ ബലപ്പെടുത്തുക.

**ഫാ. ആൽഫ്രെഡ് വി. സി**, സെക്രട്ടറി,
വൈദികസെനറ്റ് കോഴിക്കോട് രൂപത

പിതാവിനോടൊപ്പം ഭക്ഷണംകഴിച്ച് ആശീർവാദം വാങ്ങി വൈദികരോടൊപ്പം യാത്രയായി കോളനികൾക്ക് രൂപം കൊടുത്തത് കേരള ചരിത്രത്തിലെ അനന്യസംഭവമാണ്. സീറോമലബാർ സഭയുടെ അതിർത്തി മലബാറിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് വർഷങ്ങൾക്കുമുമ്പ് കോട്ടയം രൂപതയിൽപെട്ട വൈദികർ കുടിയേറ്റക്കാരായ സുറിയാനി ക്രിസ്ത്യാനികൾക്കുവേണ്ടി അവരുടെ ആരാധനാക്രമത്തിൽ തന്നെ തിരുക്കർമ്മങ്ങൾ അനുഷ്ഠിച്ചിരുന്നു എന്നതും വിസ്മരിക്കാനാവാത്ത യാഥാർത്ഥ്യമാണ്.

സംഘടിത മലബാർ കുടിയേറ്റത്തിനുശേഷം, വയനാട്, പാലക്കാട് സൗത്ത് കാനറ ജില്ലകളിലേയ്ക്കും ക്നാനായക്കാർ കുടിയേറി. ഇന്ന് കാസർഗോഡ്, കണ്ണൂർ, വയനാട്, പാലക്കാട് ജില്ലകളിൽ കോട്ടയം അതിരൂപതയ്ക്ക് ഫൊറോനകളും, രണ്ട് ഡിഗ്രി കോളേജുകളും മറ്റ് അനുബന്ധ

www.malankaralibrary.com

സ്ഥാപനങ്ങളും ഉണ്ട്.

60കളിൽ ആരംഭിച്ച അമേരിക്കൻ കുടിയേറ്റത്തിലും, പിന്നീട് യു.കെ, ആസ്ട്രേലിയ, ഇറ്റലി തുടങ്ങിയ രാജ്യങ്ങളിലേയ്ക്കും, ബോംബെ, ഡൽഹി, ബാംഗ്ലൂർ തുടങ്ങിയ നഗരങ്ങളിലേക്കും നടന്ന കുടിയേറ്റങ്ങളിലും ക്നാനായക്കാരുടെ പങ്ക് നിസ്തുലമാണ്. അമേരിക്കയിലെ ചിക്കാഗോ സെന്റ്. തോമസ് സീറോ മലബാർ രൂപതയിൽ പ്രത്യേക വികാരി ജനറാളിന്റെ കീഴിൽ 8 ഇടവകകളിലും 9 സ്റ്റേഷനുകളിലുമായി ആയിരക്കണക്കിന് കുടിയേറ്റക്കാർ സംഘടിത കൂട്ടായ്മയായി നിലകൊള്ളുന്നു. ഗൾഫ് രാജ്യങ്ങളിലും, യൂറോപ്യൻ രാജ്യങ്ങളിലുമൊക്കെ വൈദികരുടെയും, അൽമായരുടെയും നേതൃത്വത്തിൽ കുടിയേറ്റ സമൂഹങ്ങൾ ക്രൈസ്തവ കൂട്ടായ്മയായി വളരുന്നു എന്നതും അഭിമാനകരമാണ്.

**ഫാ. കുര്യാക്കോസ് കുഴിവേലിൽ**
അസി. സെക്രട്ടറി,
കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി

## അന്ത്യവിധി

ഇത്തവണത്തെ കാരുണികനിലെ അന്ത്യവിധി മെച്ചപ്പെട്ടതായിരുന്നു. കാലങ്ങൾ എത്ര കഴിഞ്ഞാലും, എത്ര ദുരന്തങ്ങൾ അനുഭവിച്ചാലും മനുഷ്യന് മാറ്റമില്ല. കേരളത്തിൽ എത്ര മദ്യദുരന്തങ്ങൾ ഉണ്ടായി. എന്നിട്ടും മനുഷ്യൻ വീണ്ടും മദ്യത്തിന്റെ പുറകേ തന്നെ. ഇതെല്ലാം കണ്ടുകൊണ്ട് നമ്മുടെ സർക്കാരും; ആടിനെ പട്ടിയാക്കുന്ന പോലെയുള്ള കുറേ പ്രസ്താവനകളും. അന്ത്യവിധിയിൽ പറഞ്ഞതുപോലെയുള്ള ഒറ്റമൂലി ക്രമങ്ങൾ നടപ്പിലാക്കിയാൽ കേരളത്തിലെന്നല്ല എവിടെയും മദ്യദുരന്തങ്ങൾ നടക്കില്ല. കാരുണികന് എല്ലാവിധ ആശംസകളും.

**ഷിൻസ് മാത്യു,**
കോതമംഗലം

## കാരുണികന്റെ പ്രാധാന്യം

സാധാരണക്കാരന് അപ്രാപ്യമായ ദൈവശാസ്ത്രത്തെ ഹ്യൂമൻ ഇന്ററസ്റ്റിംഗ് വിഷയങ്ങളുമായി കോർത്തിണക്കി അവതരിപ്പിക്കുന്ന ഏക ക്രൈസ്തവ മാഗസിനാണ് കാരുണികൻ. സമകാലിക പ്രാധാന്യമുള്ള വിഷയങ്ങളുടെ വിവിധ തലങ്ങളെക്കുറിച്ച് ചിന്തിക്കുവാൻ പ്രാപ്തമാക്കുന്നവയാണ് ഇതിലെ ലേഖനങ്ങൾ ഓരോ ലക്കവും കാരുണികൻ ശ്രദ്ധ കേന്ദ്രീകരിക്കുന്ന വിഷയങ്ങൾ സഭാനേതൃത്വം ചർച്ചാ വിഷയമാക്കിയാൽ വലിയൊരു മാറ്റത്തിനാവും അത് വഴിയൊരുക്കുക.

**രാജു കളരുപാറ,**
ഇടപ്പുഴ

## അമരാവതി കുടിയിറക്കം

ഞാൻ കാരുണികന്റെ സ്ഥിരം വായനക്കാരനാണ്. കഴിഞ്ഞ ലക്കത്തിലെ കാരുണികനിൽ റെമീജിയോസ് പിതാവുമായുള്ള അഭിമുഖത്തിൽ വള്ളോപ്പിള്ളിപിതാവിനെക്കുറിച്ചുള്ള ഒരു പ്രസ്താവനയാണ് ഈ കത്തിനാധാരം. അമരാവതി കുടിയിറക്കകാലത്തൊക്കെ ടെന്റുകെട്ടി ആഴ്ചകളോളം പിതാവ് ടെന്റുകെട്ടി താമസിച്ചുവെന്ന് പേജ്-13ൽ പറയുന്നുണ്ട്. അമരാവതിയിലെന്നല്ല കുടിയിറക്കക്കാലത്ത് ഒരു സ്ഥലത്തും അദ്ദേഹം ആഴ്ചകളോളം ടെന്റിൽ പാർത്തതായി ഒരു രേഖയും ഇല്ല; അദ്ദേഹത്തിന്റെ ആത്മകഥയിൽ പോലും അത്തരമൊരു പ്രതിപാദ്യമില്ല. മാത്രവുമല്ല എ.കെ.ജിയോടൊപ്പമൊന്നും അദ്ദേഹം സമരം നടത്തിയിട്ടില്ല. തലശ്ശേരിയിൽ ആദ്യമായി സമരങ്ങളിലും ജാഥകളിലും പങ്കെടുത്തത് വടക്കനച്ചനായിരുന്നു. വടക്കനച്ചനും, വെല്ലിംഗ്ടണിനും, കുടിയേറ്റ ജനതയ്ക്കും അദ്ദേഹം പൂർണ്ണപിന്തുണയേകി എന്നതു ശരിയാണ്.

ഞാൻ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുന്ന മറ്റൊരു കാര്യം ഊരകം പള്ളി അടച്ചുപൂട്ടിയെന്നതിനെക്കുറിച്ചാണ്. എന്റെ അറിവിൽ അവിടെ പുതിയപള്ളി പണിയാനുള്ള നീക്കങ്ങൾ ആരംഭിച്ചു കഴിഞ്ഞു. അവിടെ വികാരിയച്ചനെ പിൻവലിച്ചുവെങ്കിലും കോട്ടയ്ക്കലിൽ നിന്നും അച്ചൻ അവിടെ പോയി കുർബാന ചൊല്ലുന്നുണ്ട്.


**ഫാ. ജോർജ്ജ് കഴിക്കാചാലിൽ**
സെന്റ്. ജോസഫ് ചർച്ച്, മാലപറമ്പ്.

www.malankaralibrary.com


## ലത്തീൻ
## ഞായറാഴ്ച പ്രസംഗങ്ങൾ

# നൂറുമേനി

ഡോ. ജേക്കബ് നാലുപറയിൽ




ലത്തീൻ കലണ്ടർ അനുസരിച്ചുള്ള ഞായറാഴ്ച പ്രസംഗങ്ങളുടെ സമാഹാരമാണ് ഈ ഗ്രന്ഥങ്ങൾ. ആഗമനകാലം മുതൽ ആണ്ടുവട്ടത്തിലെ അവസാന ഞായറാഴ്ച വരെയുള്ള സുവിശേഷ ഭാഗങ്ങളുടെ വ്യാഖ്യാനവും പ്രസംഗവുമാണ് ഇതിന്റെ ഉള്ളടക്കം.


2 Vols (₹ 100+100)

പ്രീ - പബ്ലിക്കേഷൻ ഓഫർ
നവംബർ 20ന് മുൻപ് ബുക്ക് ചെയ്യുക

വില (₹ 70+70)

വില (₹ 60+60)
(10 കോപ്പിയിൽ കൂടുതൽ)

വില (₹ 50+50)
(50 കോപ്പിയിൽ കൂടുതൽ)




കോപ്പികൾക്ക് ബന്ധപ്പെടുക

**ഫാ. തോമസ് വാണിയപ്പുരയ്ക്കൽ**
Mob: 94469 44 838

**ഷിബു ജോൺ വിളയിൽ**
Mob: 97452 15 467

www.malankaralibrary.com



# പൊന്നുമുത്ത്

ബിഷപ്പ് സെൽവിസ്റ്റർ പൊന്നുമുത്തൻ | ഫാ. മാർട്ടിൻ ശങ്കൂരിക്കൽ

'പാവങ്ങളോടുള്ള പക്ഷം ചേരൽ' കടലാസിൽ നിന്ന് ജീവിതത്തിലേക്കെടുത്ത ഒരു ഇടയൻ. ശുദ്ധ ശാസ്ത്രീയ സംഗീതസദസ്സുകളിലും അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങ (Basic Christian Communities [BCC]) ളിലും ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി, കാർമൽഗിരിയിലും സർഗ്ഗാത്മക പ്രവർത്തനങ്ങളിലും ഒരുപോലെ ശോഭിച്ച വ്യക്തിയാണ് പുനലൂരിന്റെ പുതിയ ബിഷപ്പ് സെൽവിസ്റ്റർ പൊന്നുമുത്തൻ. മധുരം പുരട്ടിയ വാക്കുകളും പൊതുസ്വീകൃത സമവാക്യങ്ങളും എല്ലാവരും പിന്തുടരുന്ന വാർപ്പുമാതൃക (Stereo type) കളും അദ്ദേഹത്തിന് അന്യമാണ്. ആസന്നമായ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ സമകാലിക കേരളയാഥാർത്ഥ്യങ്ങളെ യഥാവിധി വിശകലനം ചെയ്യുന്നു ഈ നല്ലിടയൻ.

■ പിതാവിന്റെ നാടിനെക്കുറിച്ചും കുടുംബത്തെക്കുറിച്ചുമൊക്കെ ഓർമ്മകൾ എന്തൊക്കെയാണ്?

നെയ്യാറ്റിൻകരയിലെ ഉച്ചക്കട വിരാലിയാണ് എന്റെ സ്വദേശം. അപ്പൻ 1999 ൽ മരിച്ചു. അമ്മയ്ക്ക് 87 വയസായി. ഞങ്ങൾ ഏഴുമക്കളാണ്. ബാല്യത്തിൽ എന്നും പള്ളിയിൽ പോകുന്നത് പതിവായിരുന്നു. അതിന് പ്രത്യേക അറ്റൻഡൻസ് ബുക്കും സമ്മാനവുമൊക്കെയുണ്ടായിരുന്നു. തിരുവനന്തപുരം രൂപതയ്ക്കുവേണ്ടിയാണ് ഞാൻ പട്ടമേറ്റത്. റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽനിന്ന് അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളെക്കുറിച്ചുള്ള പഠനത്തിനാണ് ഡോക്ടറേറ്റ് ലഭിച്ചത്. തിരുവനന്തപുരത്തെ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ പ്രത്യേക സാഹചര്യമായിരുന്നു പഠനത്തിലെ ഫോക്കസ്.

■ അടിസ്ഥാന ക്രൈസ്തവ സമൂഹം എന്ന ആശയം ഒന്ന് വിശദീകരിക്കാമോ?

ആദിമസഭയുടെ കൂട്ടായ്മാ ചൈതന്യമാണ് അടിസ്ഥാന ക്രൈസ്തവ സമൂഹത്തിന്റെ കാതൽ. വിശ്വസിച്ചവർ ഒരുമിച്ചുകൂടി; അവർക്ക് ഒരേഹൃദയവും ഒരേ മനസുമായിരുന്നെന്ന് നടപടി പുസ്തകം സാക്ഷ്യപ്പെടുത്തുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷം പോൾ ആറാമൻ മാർപാപ്പ സുവിശേഷ പ്രഘോഷണം (Evangelii Nuntiandi - No.58) എന്ന അപ്പോസ്തലിക ലേഖനത്തിലാണ് അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളെക്കുറിച്ച് ഔദ്യോഗികമായി സംസാരിക്കുന്നത്. ഒരു വിഘടിത സംഘം (protest group) ആകാതെ സഭയുടെ ചലനാത്മകതയുടെ സാക്ഷ്യപത്രമാകാനുള്ള വിളിയാണ് B.C.C.ക്കുള്ളത്. വിശ്വസിച്ചവർ ഒരുമിച്ചുകൂടുന്നു. വിശ്വാസം മാത്രം പോര,

www.malankaralibrary.com



കൂട്ടായ്മയും വേണം. വിശ്വാസമില്ലാത്തവർ ഒരുമിച്ചു കൂടുന്നുമില്ല. സമൂഹത്തിലെ സ്വാർത്ഥതയ്ക്കും അന്യവത്കരണത്തിനുമുള്ള മറുമരുന്നാണ് – അറിയാനും വളർത്താനും പ്രോത്സാഹിപ്പിക്കാനുമുള്ള ഉദ്യമമാണ് B.C.C.; സഭയുടെതന്നെ ചെറുപതിപ്പാണത്.

■ **ക്രൈസ്തവ ശാസ്ത്രീയ സംഗീതരംഗത്ത് പിതാവ് നൽകുന്ന ശ്രദ്ധയും പ്രോത്സാഹനവും വളരെ വലുതാണ്. ഈ താത്പര്യത്തിനു പുറകിലുള്ള ചേതോവികാരം എന്താണ്?**

എല്ലാ സംഗീതത്തിന്റെയും വേരുകൾ കിടക്കുന്നത് ശാസ്ത്രീയ സംഗീതത്തിലാണ്. ജാതിമതഭേദമെന്യേ അനേകർ ശുദ്ധശാസ്ത്രീയ സംഗീതത്തിന്റെ ആസ്വാദകരാണ്. എന്നാൽ വർഷങ്ങളായി ക്രൈസ്തവർക്ക് അന്യമായിപ്പോയ ഒരു മേഖലകൂടിയാണിത്. ശാസ്ത്രീയസംഗീതത്തിലൂടെ ക്രൈസ്തവ സന്ദേശം പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഞാൻ ഈ രംഗത്തേക്ക് കടന്നുവന്നത്. പ്രസിദ്ധ സംഗീതജ്ഞനായ കുമ്പളം ബാബുരാജ് ഭാഗവതരാണ് ഈ രംഗത്തേക്കെന്നെ കൈപിടിച്ചു നടത്തിയത്. ശാസ്ത്രീയസംഗീതം ഒരു പ്രത്യേക വിഭാഗത്തിനുവേണ്ടി വേണ്ടിയുള്ളതല്ല. അത് ഭാരതീയമാണ്. ദേവാ തുറന്നാലും, നാഥാ വസിച്ചാലും, ഈശ്വരധ്യാനം, പുതുജീവൻ, ദാഹാർത്തരേ വരുവിൻ (പണിപ്പുരയിൽ) എന്നിവയാണ് പ്രധാന സംഗീതസമാഹാരങ്ങൾ. അടുത്തകാലത്തായി KCBC Media Commission പുറത്തിറക്കിയ കൂട്ടായ്മയുടെ പുല്ലാങ്കുഴൽ എന്ന C.D യ്ക്ക് ദൃശ്യാവിഷ്ക്കാരവും നല്കിയിട്ടുണ്ട്.

■ **പുനലൂർ രൂപതയുടെ പ്രത്യേക സാഹചര്യത്തിൽ ദലിത് ശാക്തീകരണം ഒരു പ്രധാന കർമ്മ പരിപാടിയാണ്. അതിനായി ആവിഷ്കരിച്ചിരിക്കുന്ന കർമ്മപരിപാടികൾ എന്തൊക്കെയാണ്?**

ദലിത് ശാക്തീകരണ പ്രവർത്തനത്തിൽ വന്ന സമൂല വ്യതിയാനം (Paradigm Shift) വളരെ ശ്രദ്ധേയമാണ്. പുനലൂർ രൂപതയെ സംബന്ധിച്ച് - we are not working for Dalits but working with Dalits- ദലിതർക്കുവേണ്ടിയല്ല, ദലിതർക്കൊപ്പം ആയിരിക്കാനും പ്രവർത്തിക്കാനുമാണ് ഞാൻ ഇഷ്ടപ്പെടുന്നത്. മൂന്നുതരം പാർശ്വവത്ക്കരണത്തിന് അവർ വിധേയരായിക്കൊണ്ടിരിക്കുന്നതായി ഞാൻ മനസ്സിലാക്കുന്നു: 1) സാമൂഹികം (Social Marginalisation); 2) സാമ്പത്തികം (Economic Marginalisation); 3) ക്രൈസ്തവരെന്ന നിലയിലുള്ള പാർശ്വവത്കരണം (Marginalisation as Christians).

ഇങ്ങനെ ത്രിവിധ പാർശ്വവത്ക്കരണത്തിന് വിധേയരായിട്ടും ഈ ജനത വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നു എന്നത് നാം കാണാതെ പോകരുത്. ഭീഷണിയുടെയും പ്രലോഭനങ്ങളുടെയും മദ്ധ്യേയാണവർ. എന്നിട്ടും അവർ വിശ്വാസത്തിൽ അടിയുറച്ചുനിൽക്കുന്നു. കേരളത്തിലെ ദലിത് ക്രൈസ്തവരുടെ ജീവിതം ഒരുതരത്തിൽ ജീവിക്കുന്ന രക്തസാക്ഷിത്വമാണ്. എനിക്കവരെക്കുറിച്ച് അഭിമാനമാണ്. ദലിത് ക്രൈസ്തവരുടെ ഇന്നത്തെ ഏറ്റവും വലിയ പ്രശ്നം

www.malankaralibrary.com

ഭരണഘടന നല്കിയിരിക്കുന്ന സംവരണാനുകൂല്യം നേടിയെടുക്കുക എന്നതാണ്. അതിനുള്ള സമരത്തി ലാണ് ഞങ്ങൾ. ഒപ്പം വിദ്യാഭ്യാസപരമായി സമൂഹ ത്തിന്റെ മുഖ്യധാരയിൽ എത്തിച്ചേരുന്നതിനുവേണ്ടി യുള്ള ശ്രമത്തിലുമാണ്.

■ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പ് വരുക യാണ്. ഈ ഘട്ടത്തിൽ സഭയുടെ രാഷ്ട്രീയ ഇട പെടലുകളെക്കുറിച്ച് പിതാവിന്റെ അഭിപ്രായ മെന്താണ്?

'അല്മായവിശ്വാസികൾ' എന്ന അപ്പസ്തോലിക പ്രബോധനത്തിൽ ലോകത്തിന്റെ നന്മയ്ക്കും ജനത കളുടെ സമഗ്ര വളർച്ചക്കും അല്മായർ സാമൂഹിക മായ കാര്യങ്ങളിൽ ശക്തമായി ഇടപെടണമെന്നാണ് സഭ ഉദ്ബോധിപ്പിക്കുന്നത്. ഒരു മേഖലയും നമു ക്കന്യമാകരുത്. ബജറ്റിനെക്കുറിച്ചുള്ള ചർച്ചകൾവരെ സഭാസമൂഹത്തിൽ നടക്കണമെന്നാണ് ഞാൻ ആഗ്ര ഹിക്കുന്നത്. ശരീരത്തെയും ആത്മാവിനെയും വേർ തിരിക്കുന്ന അതിർരേഖക (compartmentalisation)ളുടെ കാലം കഴിഞ്ഞു. സഭ ആധുനിക ലോകത്തിൽ (Gaudium et spes) എന്ന രണ്ടാം വത്തിക്കാൻ കൗൺസി ലിന്റെ പ്രമാണരേഖ ആരംഭിക്കുന്നത് ശ്രദ്ധിക്കുക; "ഈ കാലഘട്ടത്തിലെ മനുഷ്യരുടെ വേദനകളും സങ്കടങ്ങളും സന്തോഷവും പ്രത്യാശയുമെല്ലാം സഭ യുടേതുതന്നെയാണ്." അങ്ങനെയെങ്കിൽ മനുഷ്യരെ ബാധിക്കുന്ന രാഷ്ട്രീയമുൾപ്പെടുന്ന ഒരു മേഖല യിൽനിന്നും സഭ ഒഴിഞ്ഞുനിൽക്കരുത്. പൊഴിയൂ രിലും മൂലമ്പിള്ളിയിലും മറ്റും സഭ നടത്തിയ സത്ക്രി യമായ ഇടപെടലുകളാണ് അവിടത്തെ പാവങ്ങൾക്ക് ആശ്വാസം നൽകിയത്.

> എല്ലാ സംഗീതത്തിന്റെയും റൂട്ട് കിടക്കുന്നത് ശാസ്ത്രീയ സംഗീതത്തി ലാണ്. ജാതിമതഭേദമെന്യേ അനേകർ ശുദ്ധശാസ്ത്രീയ സംഗീതത്തിന്റെ ആസ്വാദകരാണ്.

■ പുനലൂരിലെ അടിസ്ഥാന ക്രൈസ്തവ സമൂ ഹങ്ങളെക്കുറിച്ച് എന്തു പറയുന്നു?

പങ്കാളിത്തസഭ (participatory church) എന്ന ആശ യത്തിന്റെ ഏറ്റവും മനോഹരമായ സാക്ഷ്യമാണ് P.B.C.C. (Punalur Basic Christian Community). P.B.C.C. യുടെ 300 യൂണിറ്റുകൾ ഇന്ന് രൂപതയിൽ സജീവമാ ണ്. അജപാലന, വിദ്യാഭ്യാസ, സാമൂഹിക ശുശ്രൂഷാ സമിതികളിലൂടെയാണ് P.B.C.C. യുടെ പ്രവർത്ത നങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. പലപ്പോഴും കുടുംബയൂണിറ്റുകൾ ഒരു Pastoral Programme ആയിട്ടു മാറുമ്പോൾ P.B.C.C. രൂപതയുടെ Pastoral Option ആണ്.

■ ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ എങ്ങ നെയാണ് രൂപതയിലെ ജനങ്ങളെ ഒരുക്കിയത്?

വികസനത്തിന്റെ കാര്യത്തിൽ കക്ഷി രാഷ്ട്രീയ ങ്ങൾക്കതീതമായി പ്രവർത്തിക്കാനുള്ള ആഹ്വാനമേ ഞാൻ എന്നും നല്കിയിട്ടുള്ളൂ. ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിനോട് ബന്ധപ്പെട്ട് ഗ്രാമപഞ്ചാ യത്തുകൾക്ക് ഇന്നുള്ള അധികാരങ്ങളെക്കുറിച്ചും കടമകളെക്കുറിച്ചും P.B.C.C. കൾ വഴി ബോധവത് കരണം നടത്തുവാൻ ശ്രമിച്ചിട്ടുണ്ട്. പല വസ്തു തകളും ജനങ്ങൾക്കറിയില്ല എന്നതാണ് വാസ്തവം. ഈ അജ്ഞത പലരും ചൂഷണം ചെയ്യുന്നു. സങ്കുചി തമായ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കപ്പുറം സമഗ്രതലസ്പ ർശിയായ ജനക്ഷേമമാണ് സഭ എന്നും ലക്ഷ്യം വയ് ക്കുന്നത്.

■ കേരളത്തിലെ പൊതുസമൂഹത്തിന്റെ ശോഷണം എന്നത് ഇന്ന് വളരെയേറെ ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ്. മത-സമുദായ-ജാതി വിഭാഗങ്ങൾ കേരളത്തെ വീതംവെച്ചെടുക്കുന്നു എന്ന ആരോപണത്തെക്കുറിച്ച് പിതാവ് എന്തു പറയുന്നു?

പൊതുസമൂഹം എന്നത് വളരെയേറെ sugar coat-ing ഉള്ള ഒരു വാക്കാണ്. കേരളത്തിലിന്ന് കപട മതേതരത്വം (psuedo secularism) ഏറെ ശക്തമായി വരു ന്നുണ്ട്. ഓരോ മതത്തിന്റെയും സമുദായത്തിന്റെയും പ്രത്യേകതകളേയും തനിമയെയും സംസ്കാര ത്തെയും അവകാശങ്ങളെയും പരസ്യമായി പ്രഖ്യാപി

www.malankaralibrary.com



ക്കാൻ ഇവിടെ അവസരമുണ്ടാകട്ടെ! സമൂഹം വിഭജിതം എന്നുപറഞ്ഞ് പകൽസമയത്ത് മുതലക്കണ്ണീരൊഴുക്കുന്നവർ തന്നെ രാത്രി വിഭാഗീയതയുടെ വിത്തുവിതയ്ക്കുന്നത് നല്ലതല്ല. ഓരോ സമുദായത്തിനും അവരുടെ നന്മനിറഞ്ഞ തനിമകളും പാരമ്പര്യങ്ങളും കാത്തുസൂക്ഷിച്ചുകൊണ്ട് മുഖ്യധാരയിൽ അലിഞ്ഞു ഒന്നാകാനുള്ള സമഭാവനയുടെ സാമൂഹ്യവ്യവസ്ഥിതിയാണിവിടെ രൂപപ്പെടേണ്ടത്.

■ ഒരു കാലഘട്ടത്തിൽ ഭാരതീയ റീത്തിനെക്കുറിച്ചും സാംസ്കാരികാനുരൂപണത്തെ കുറിച്ചുമൊക്കെ ശക്തമായ ചർച്ചകൾ നടന്ന ഒരു സമൂഹമാണ് നമ്മുടേത്. N.B.C.L.C. പോലെയുള്ള സ്ഥാപനങ്ങളൊക്കെ ആ കാലഘട്ടത്തിന്റെ ബാക്കിപത്രമാണ്. പിതാവ് എങ്ങനെ കാണുന്നു മേൽപറഞ്ഞ ആശയങ്ങളെ?

ഭാഗ്യസ്മരണാർഹരായ കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയും ജെറോം ഫെർണാണ്ടസ് തിരുമേനിയും അമലോർത്ഭവദാസച്ചനും ഭാരതീയ തനിമയുള്ള ഒരു ആരാധനക്രമം ഉണ്ടാകണമെന്ന് തീവ്രമായി ആഗ്രഹിക്കുകയും പ്രവർത്തിക്കുകയും ചെയ്തവരാണ്. ബാംഗ്ലൂരിലെ N.B.C.L.C.-യുടെ പ്രവർത്തനം വളരെയധികം മുന്നോട്ടുപോവുകയും ചെയ്തു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിൽ നോക്കുമ്പോൾ വിപ്ലവാത്മകമായ ഒരു കാൽവെയ്പ്പായിരുന്നു ആരാധനക്രമത്തിലെ ഭാരതവല്ക്കരണം. എങ്കിലും ഭാരതത്തെ സംബന്ധിച്ച് വ്യത്യസ്തങ്ങളായ സംസ്ക്കാരവും ഭാഷകളും കണക്കിലെടുക്കേണ്ടതുണ്ട്. എന്റെ അഭിപ്രായത്തിൽ ഓരോ ഭാഷയുടേതുമായ പൊതു ആരാധനരീതിയെക്കുറിച്ച് ചിന്തിക്കുന്നതായിരിക്കും കൂടുതൽ അഭികാമ്യം. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥനയും വിശ്വാസ പ്രമാണവും എല്ലാ മലയാളികളും (റീത്തു വ്യത്യാസം ഇല്ലാതെ) ഒന്നുപോലെ ചൊല്ലിയിരുന്നെങ്കിൽ നന്നായിരുന്നുവെന്ന് ഞാൻ ചിന്തിക്കാറുണ്ട്.

■ തൃശൂർ ബിഷപ്പായിരുന്ന 'കുണ്ടുകുളം പിതാവ്' അറിയപ്പെട്ടിരുന്നത് 'ജനകീയ മെത്രാനെന്നാണ്'. എന്നാൽ അത്തരം ജനകീയർ മെത്രാന്മാർക്കിടയിൽ കുറയുകയാണോ?

ജനകീയ പ്രശ്നങ്ങളിൽ ഭാവാത്മകമായി ഇടപെടുക എന്നതാണ് ജനകീയതയ്ക്കടിസ്ഥാനം. ആ നിലയിൽ നോക്കുമ്പോൾ സഭ ഒരിക്കലും ജനകീയ പ്രശ്നങ്ങൾക്ക് എതിരു നിൽക്കാറില്ല. ഇന്നും ജനങ്ങളുടെ പ്രശ്നങ്ങളിൽ അത് മത്സ്യബന്ധന മേഖലയോ, വിദ്യാഭ്യാസ മേഖലയോ ആകട്ടെ സഭാപിതാക്കന്മാർ ഇടപെടാറുണ്ട്. അതെല്ലാം അജപാലന ദൗത്യത്തിന്റെ ഭാഗവുമാണ്. തീർച്ചയായും പിതാക്കന്മാർ ജനങ്ങളിൽനിന്ന് അകലെ എന്നുപറയുമ്പോൾ അവർ കൂടുതലായി ജനകീയരാകണമെന്ന ആഗ്രഹത്തിന്റെ പ്രതിഫലനം മാത്രമായാണ് ഞാൻ കാണുന്നത്. യഥാർത്ഥത്തിൽ ഓരോരോ പിതാക്കന്മാരെയും അടുത്തു പരിചയപ്പെടുമ്പോൾ മനസ്സിലാകും അവർ ജനകീയരാണെന്ന്.

■ പുനലൂർ രൂപതയെക്കുറിച്ചുള്ള പിതാവിന്റെ സ്വപ്നമെന്താണ്?

മെത്രാനായപ്പോൾ തന്റെ അധികാര സീമയിൽപെട്ട എല്ലാ ജനവിഭാഗങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കാനും പ്രവർത്തിക്കാനുമുള്ള ഉത്തരവാദിത്വമാണ് ഞാൻ ഏറ്റെടുത്തത്. ദൈവം സ്നേഹമാണ്. എല്ലാ മനുഷ്യരെയും ദൈവരാജ്യത്തിലെ വിരുന്നിനിരുത്തുക എന്നതാണ് എന്റെ സ്വപ്നം. ഞാൻ മെത്രാനായി അഭിഷിക്തനായത് ജൂൺ മാസം 28ന് വിശുദ്ധ ഇരണേവൂസിന്റെ തിരുനാളിലാണ്. അദ്ദേഹത്തിന്റെ വാക്കുകൾ ഞാൻ എപ്പോഴും ഓർമിക്കുന്നു: Glory of God is man fully alive. ■

www.malankaralibrary.com



# ദൈവരാജ്യത്തിന്റെ ഭരണരീതി

ഡോ. ജേക്കബ് നാലുപറയിൽ എം.സി.ബി.എസ്സ്
*ബൈബിൾ (പുതിയനിയമം) പ്രൊഫസർ*

യേശു വിഭാവനം ചെയ്ത സമൂഹത്തിലെ ഭരണക്രമം എത്തരത്തിൽ ഉള്ളതായിരുന്നു? സുവിശേഷാധിഷ്ഠിതമായ ഒരന്വേഷണം.

മതം രാഷ്ട്രീയത്തിൽ ഇടപെടരുത്! കേരളരാഷ്ട്രീയത്തിൽ ആവർത്തിച്ചു കേൾക്കുന്ന ആജ്ഞാപനമാണിത്. ഈ പശ്ചാത്തലത്തിൽ മനുഷ്യസമൂഹത്തിലെ ഭരണരീതിയെക്കുറിച്ചും സാമൂഹ്യക്രമീകരണത്തെക്കുറിച്ചും യേശുവിന് എന്തെങ്കിലും കാഴ്ചപ്പാട് ഉണ്ടായിരുന്നോ? ഉണ്ടെങ്കിൽ അതെന്തായിരുന്നു? ഇതാണ് ഇവിടുത്തെ അന്വേഷണ വിഷയം.

## ദൈവരാജ്യത്തിന്റെ പ്രഘോഷകൻ

യേശുവിന്റെ ജീവിതത്തിന്റെയും പ്രവർത്തനത്തിന്റെയും കേന്ദ്രം ദൈവരാജ്യമായിരുന്നു. അവൻ തന്റെ പരസ്യജീവിതം തുടങ്ങുന്നതുതന്നെ ദൈവരാജ്യത്തിന്റെ സാമീപ്യം പ്രഘോഷിച്ചുകൊണ്ടാണ് (മർക്കോ 1:15). തുടർന്ന് യേശു ചെയ്യുന്ന പ്രവൃത്തികളെല്ലാം ദൈവരാജ്യം യാഥാർത്ഥ്യമാക്കാൻ വേണ്ടിയായിരുന്നു (മർക്കോ 1:21–3:6). യേശു പറഞ്ഞ ഉപമാകഥകളിൽ ഭൂരിപക്ഷവും ദൈവരാജ്യത്തെക്കുറിച്ചായിരുന്നുതാനും. ചുരുക്കത്തിൽ ദൈവരാജ്യമായിരുന്നു യേശുവിന്റെ സ്വപ്നം. അതിനുവേണ്ടിയാണ് അവൻ ജീവിച്ചതും പ്രവർത്തിച്ചതും മരിച്ചതും.

## ദൈവഭരണം

ദൈവരാജ്യമെന്ന് മലയാളത്തിൽ സാധാരണ വിവർത്തനം ചെയ്യുന്ന മൂലപദത്തെ ദൈവഭരണമെന്നും വിവർത്തനം ചെയ്യാം. എന്ന് മാത്രമല്ല, ദൈവഭരണമാണ് ഒന്നുകൂടി മെച്ചപ്പെട്ട പരിഭാഷ. കാരണം യേശു പ്രഘോഷിച്ച ദൈവരാജ്യം ഭൂമിശാസ്ത്രപരമായ ഒരു സ്ഥലത്തെയല്ല, മറിച്ച് ഒരു മാനുഷികാവസ്ഥയെയാണ് സൂചിപ്പിച്ചിരുന്നത്.

എന്തായിരുന്നു യേശു വിഭാവന ചെയ്ത ദൈവഭരണം? ദൈവം പിതാവും മനുഷ്യരെല്ലാം മക്കളുമായിത്തീരുന്നൊരു സാമൂഹ്യക്രമമായിരുന്നു യേശുവിന്റെ ദൈവഭരണം. അതായത് മനുഷ്യരെല്ലാം ദൈവപിതാവിന്റെ പിതൃസ്വത്തിൽ തുല്യാവകാശികളായി പങ്കുപറ്റുന്ന വിശ്വസമത്വത്തിന്റെ സാമൂഹ്യക്രമമായിരുന്നു അത്.

ദൈവം സ്വന്തം പിതാവാണെന്ന അനുഭവത്തിലാണ് ഈ ഭരണക്രമം അടിത്തറ ഇട്ടിരിക്കുന്നത്. കാരണം, ദൈവം സ്വന്തം പിതാവാണെന്നും, താൻ ദൈവത്തിന്റെ പുത്രനാണെന്നും അനുഭവിച്ചറിഞ്ഞ (മർക്കോ 1:11) ശേഷമാണ് ദൈവരാജ്യത്തിന്റേതായ പ്രഘോഷണവും പ്രവർത്തനവും യേശു ആരംഭിക്കുന്നത്.

## ദൈവരാജ്യത്തിന്റെ അധികാരരീതി

ദൈവഭരണക്രമത്തിലെ അധികാരരീതിയെക്കുറിച്ച് യേശു വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. സെബദിപുത്രന്മാർ ഒന്നും രണ്ടും സ്ഥാനങ്ങൾ തട്ടിയെടുക്കാൻ ശ്രമിച്ചപ്പോഴാണ് യേശുവിന്റെ ഈ പഠനം. അവൻ പറഞ്ഞു: “വിജാതീയരുടെ ഭരണകർത്താക്കൾ അവരുടെ

www.malankaralibrary.com

മേൽ യജമാനത്വം പുലർത്തുന്നുവെന്നും അവരുടെ പ്രമാണിമാർ അവരുടെമേൽ അധികാരം പ്രയോഗിക്കുന്നുവെന്നും നിങ്ങൾക്കറിയാമല്ലോ. എന്നാൽ നിങ്ങളുടെയിടയിൽ അങ്ങനെയാകരുത്. നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം. നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടേയും ദാസനുമായിരിക്കണം" (മർക്കോ 10: 42-44). സാധാരണ അധികാരരീതിക്കു ഘടകവിരുദ്ധമായ രീതിയാണ് യേശു ഇവിടെ പഠിപ്പിക്കുന്നത്. അധികാരിയാകുന്നവൻ മറ്റുള്ളവരുടെ ദാസനും ശുശ്രൂഷകനുമാകണമെന്നത് സാധാരണ സാമൂഹ്യരീതിയല്ലല്ലോ.

## ദൈവരാജ്യത്തിന്റെ പക്ഷപാതം

ഈ ഭരണരീതിയിൽ ഒരു പക്ഷപാതം അടങ്ങിയിരിപ്പുണ്ട്. ചെറിയവർക്കും പാർശ്വവത്ക്കരിക്കപ്പെട്ടവർക്കും കിട്ടുന്ന പ്രത്യേക പരിഗണനയാണിത്.

തന്റെ പൊതുപ്രവർത്തനത്തിന്റെ ആരംഭത്തിൽ യേശു വയ്ക്കുന്ന മാനിഫെസ്റ്റോയിൽ നിഴലിക്കുന്നത് ഇതാണ്: "കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്ക 4:18-19).

അന്ത്യവിധിയ്ക്കുള്ള മാനദണ്ഡമായി യേശു പഠിപ്പിക്കുന്നതും ചെറിയവരോട് കാണിക്കുന്ന പരിഗണനയും പക്ഷപാതവുമാണ്. ദരിദ്രരോടും, പരദേശിയോടും, രോഗിയോടും, ജയിൽപുള്ളിയോടും കാണിക്കുന്ന പ്രത്യേക പരിഗണനയാണ് നിത്യജീവിതത്തിനുള്ള മാനദണ്ഡം (മത്താ 25:35-40).

## ദൈവഭരണത്തിന്റെ ഹൃദയം

ദൈവഭരണമെന്ന യേശുവിന്റെ സ്വപ്നം യാഥാർത്ഥ്യമാക്കാനുള്ള അടിസ്ഥാനഘടകം ഗത്സെമനിയിലെ പ്രാർത്ഥനയിലാണ് വ്യക്തമാകുന്നത്: "പിതാവേ,... എന്റെ ഹിതമല്ല, അങ്ങയുടെ ഹിതം നിറവേറട്ടെ" (മർക്കോ 14:36). ദൈവഹിതത്തിന് അനുസരിച്ച് സ്വന്തം ജീവിതം ചിട്ടപ്പെടുത്തുമ്പോഴാണ് ദൈവഭരണം നടപ്പിലാകുന്നത്. അപ്പോഴാണ് ഒരുവൻ ദൈവഭരണത്തിൻ കീഴിലാകുന്നത്. അതായത് ആ വ്യക്തിയുടെ മേൽ ദൈവം പിതാവായി ഭരണം നടത്തുന്ന അവസ്ഥയാണത്.

സുവിശേഷത്തിൽ പ്രതിഫലിക്കുന്ന ദൈവഹിതത്തിന്റെ ആത്മാവ് പരോന്മുഖതയാണ് (other- centeredness). സഹോദരനുവേണ്ടി ആയിരിക്കാനും ജീവിക്കാനുമാണ് ദൈവം മക്കളെ ക്ഷണിക്കുന്നത്. കാരണം ദൈവത്തിന്റെ സ്വഭാവം തന്നെ പരോന്മുഖതയാണ്. അപരർക്കുവേണ്ടി സ്വന്തം ജീവിതം യേശു കുരിശിൽ ബലിയർപ്പിച്ചതാണ് പരോന്മുഖതയുടെ കൊടുമുടി.

നിസ്വാർത്ഥതയും, പരസ്നേഹവും, പരോന്മുഖതയും ഭരണം നടത്തുന്ന ഇത്തരമൊരു സമൂഹത്തിനു മാത്രമേ ചെറിയവരോടും അവശരോടും പക്ഷപാതം കാണിക്കാനാവുകയുള്ളൂ.

## ആദ്യമോഡൽ

ദൈവഭരണത്തിലധിഷ്ഠിതമായൊരു സമൂഹത്തിനുള്ള ആദ്യപരിശ്രമം കാണുന്നത് നടപടി പുസ്തകത്തിലാണ്: "വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായിക്കരുതുകയും ചെയ്തു. അവർ തങ്ങളുടെ സ്വത്തുക്കളും വസ്തുവകകളും വിറ്റ് ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചു" (നട. 2:44-45). ക്രിസ്തുവിന്റെ ദൈവഭരണ സങ്കല്പം അനുവർത്തിക്കാനുള്ള ആദിമശിഷ്യരുടെ ആദ്യപരീക്ഷണമായി ഇതിനെ കാണാം.

## പില്ക്കാല പരിശ്രമങ്ങൾ

സഭാചരിത്രത്തിൽ പിന്നീട് പൊട്ടിമുളച്ച എല്ലാ സന്യാസപ്രസ്ഥാനങ്ങളും ദൈവഭരണസങ്കല്പം നടപ്പിലാക്കാനുള്ള പരിശ്രമങ്ങളായിരുന്നു. അതിൽത്തന്നെ ഏറ്റവും ശ്രദ്ധേയമായ മാതൃക അസീസ്സിയിലെ ഫ്രാൻസീസാണ് നല്കിയത്.

ചുരുക്കത്തിൽ യേശു പ്രഘോഷിച്ച ദൈവരാജ്യം വെറുമൊരു പരലോകവാഴ്ചയല്ലായിരുന്നു. എങ്കിലും ദൈവം പിതാവും, മനുഷ്യരെല്ലാം ദൈവമക്കളെന്ന നിലയിൽ പിതൃസ്വത്ത് പങ്കിട്ടനുഭവിക്കുന്ന അവസ്ഥയുമായതിനാൽ പൂർത്തിയാകാനുള്ള ഒരു വശം എന്നും ഇതിനുണ്ടായിരിക്കും. അതായത് ദൈവരാജ്യം ഇവിടെത്തന്നെയാണ്; ഒപ്പം ഇതിനപ്പുറത്തേക്ക് നീളുന്നതുമാണ്. ■

www.malankaralibrary.com



# പഞ്ചായത്ത് ഭരണവും വികസനവും

പ്രൊഫ.എൻ. രമാകാന്തൻ
*ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA)*

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരസാധ്യതകൾ ഏതൊക്കെ? നാടിന്റെ വികസനത്തിൽ ത്രിതലപഞ്ചായത്ത് ഭരണസമിതിക്ക് എന്തൊക്കെ സംഭാവനകൾ ചെയ്യാനാകും? അന്വേഷണാത്മകമായ വിദഗ്ധ ലേഖനം.

പഞ്ചായത്തുകൾ ജനങ്ങളുടെ ജീവിതത്തിൽ ഏറെ സ്വാധീനം ചെലുത്താൻ കഴിയുന്ന ഭരണസംവിധാനമായി ഇതിനകം മാറിക്കഴിഞ്ഞു. വികസന ഏജൻസികളായി മാത്രം പ്രവർത്തിച്ചു വരികയും പരിമിതമായ പൗരധർമ്മങ്ങൾ മാത്രം നിർവഹിക്കുകയും ചെയ്തിരുന്ന പഞ്ചായത്തുകൾ ഇന്ന് വികസന ഭരണത്തിലെ കേന്ദ്ര സ്ഥാപനങ്ങളാണ്.

## രാഷ്ട്രീയ - ഭരണസ്ഥാപനങ്ങൾ

73-ാം ഭരണഘടനാ ഭേദഗതിയോടെ പഞ്ചായത്തുകൾക്ക് ഭരണഘടനാപരമായ സംരക്ഷണം ലഭിക്കുകയും കേന്ദ്രസംസ്ഥാന ഗവൺമെന്റുകളെപോലെ ജനാധിപത്യപരമായി നിർവചിക്കപ്പെട്ട അധികാരപരിധിക്കുള്ളിൽ നിന്നും പ്രവർത്തിക്കുന്നതിനുള്ള സംരക്ഷണം ലഭിക്കുകയും ചെയ്തു. സ്വതന്ത്രമായ തീരുമാനമെടുക്കുന്നതിനും അവ നടപ്പാക്കുന്നതിനും കഴിയുന്ന പ്രാദേശിക ഗവൺമെന്റുകളാണ് ഇന്ന് ത്രിതല പഞ്ചായത്തുകളും നഗരസഭകളും.

ഭരണഘടനയുടെ 11-ാം ഷെഡ്യൂളിൽ പറയുന്ന അധികാരങ്ങൾക്കും ചുമതലകൾക്കും അനുസൃതമായി പ്രവർത്തിക്കുന്നതിനും പഞ്ചായത്തുകൾക്ക് കഴിയും. അതുപോലെ 12-ാം ഷെഡ്യൂളിൽ പറയുന്ന അധികാരങ്ങൾക്കും ചുമതലകൾക്കും വിധേയമായി പ്രവർത്തിക്കുന്നതിന് നഗരസഭകൾക്കും കഴിയും. ഇത്തരം അധികാരങ്ങളും ഉത്തരവാദിത്വങ്ങളും നിർവഹിക്കുന്നതിനാവശ്യമായ അനുബന്ധ നിയമനിർമ്മാണവും ചട്ടങ്ങളും ഉണ്ടാക്കുന്നതിനുള്ള ബാധ്യതയും സംസ്ഥാന ഗവൺമെന്റുകൾക്കുണ്ട്. ചുരുക്കത്തിൽ ഭരണഘടനാപരിരക്ഷയുള്ള രാഷ്ട്രീയ-ഭരണ സ്ഥാപനങ്ങളാണ് പഞ്ചായത്തുകളും നഗരസഭകളും.

## പഞ്ചായത്ത് രാജ് - കേരളത്തിൽ

പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും വിപുലമായ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും നൽകുന്നതിനും മാതൃക കാട്ടിയ സംസ്ഥാനമാണ് കേരളം. 1994 ൽ പാസ്സാക്കിയ പഞ്ചായത്ത്

www.malankaralibrary.com




രാജ് –നഗരപാലികാ നിയമങ്ങളെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങൾ 1999 ലും 2000 ലും കേരളം നടത്തി. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങൾക്കാകെ മാതൃകയായ നിയമത്തിന് രൂപം നൽകാൻ കഴിഞ്ഞ സംസ്ഥാനം എന്ന ബഹുമതി കൈവരിക്കാനും ഇന്ന് കേരളത്തിന് കഴിഞ്ഞിട്ടുണ്ട്.

തികച്ചും ജനാധിപത്യപരവും സുതാര്യവും ജനങ്ങളോട് ഉത്തരം പറയാൻ ബാദ്ധ്യതപ്പെട്ടതുമായ പഞ്ചായത്തുകളെയും നഗരസഭകളെയും സൃഷ്ടിക്കുന്നതിന് ഈ നിയമങ്ങൾ ലക്ഷ്യമിടുന്നു. ജനകീയ പങ്കാളിത്തത്തിലൂന്നിയതും സാമൂഹ്യനീതിയിലധിഷ്ഠിതവുമായ പ്രാദേശിക ഭരണസംവിധാനം രൂപപ്പെടുത്തുന്നതിനുള്ള ശക്തമായ അടിത്തറയാണ് കേരളത്തിലെ പഞ്ചായത്ത് രാജ് നിയമത്തിലൂടെയും നഗരപാലികാ നിയമത്തിലൂടെയും രൂപപ്പെടുത്തിയിട്ടുള്ളത്. സാമൂഹ്യപിന്നോക്കാവസ്ഥ അനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് പ്രത്യേക പരിരക്ഷയും പ്രസ്തുത നിയമങ്ങൾ ഉറപ്പാക്കുന്നു എന്നത് ഏറെ ശ്രദ്ധേയമാണ്.

1996 ൽ ആരംഭിച്ച അധികാര വികേന്ദ്രീകരണ പരിശ്രമങ്ങളും ജനകീയാസൂത്രണവും കേരളത്തിലെ പഞ്ചായത്തുകളേയും നഗരസഭകളേയും കൂടുതൽ അധികാരവൽക്കരിക്കുന്നതിനും കരുത്തുറ്റതാക്കി മാറ്റുന്നതിനും ഏറെ സഹായകമായി. ഭരണഘടനാ നിയമത്തിന്റെയും സംസ്ഥാന നിമയത്തിന്റെയും സാധ്യതകൾ പ്രയോജനപ്പെടുത്തി കൂടുതൽ പ്രവർത്തനക്ഷമമായതും ശാക്തീകരിക്കപ്പെട്ടതുമായ പ്രാദേശിക ഗവണ്മെന്റുകളെ സൃഷ്ടിക്കുക എന്നതായിരുന്നു ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ലക്ഷ്യം.

## അധികാര വികേന്ദ്രീകരണം

പ്രാദേശിക ഭരണത്തെ സമഗ്രതയിൽ കാണുന്നതിനും ഭരണപരമായ അധികാര വികേന്ദ്രീകരണത്തോടൊപ്പം ആസൂത്രണ വികേന്ദ്രീകരണവും ധനപരമായ വികേന്ദ്രീകരണവും സാധ്യമാക്കുന്നതിനുള്ള ഉപാധിയായിരുന്നു ജനകീയാസൂത്രണ പ്രസ്ഥാനം. പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ലഭിച്ച അധികാരങ്ങളും ഉത്തരവാദിത്വങ്ങളും നിർവഹിക്കുന്നതിനാവശ്യമായ വിഭവശേഷി പകർന്നു നൽകുന്നതിന് കേരളത്തിലെ ഗവണ്മെന്റ് കൈക്കൊണ്ട നടപടി ലോകത്താകമാനമുള്ള വികേന്ദ്രീകരണാനുഭവങ്ങളിൽ ഏറെ ശ്രദ്ധേയമായ ഒന്നായിരുന്നു. സംസ്ഥാന പദ്ധതി വിഹിതത്തിന്റെ മൂന്നിലൊരുഭാഗം തുക പ്രാദേശിക ഗവണ്മെന്റുകൾക്ക് നൽകുന്നതിനും പൂർണ്ണമായ ജനകീയ പങ്കാളിത്തത്തോടെ പ്രാദേശിക പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നതിനുള്ള സ്വാതന്ത്ര്യം ലഭിക്കുകയും ചെയ്തു.

## ജനകീയാസൂത്രണം

ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ പുതിയൊരു വികസന സംസ്കാരവും പ്രാദേശികാസൂത്രണ രീതി സമ്പ്രദായവും വളർത്തിയെടുക്കാൻ കഴിഞ്ഞ

www.malankaralibrary.com

തോടെ പഞ്ചായത്തുകളും നഗരസഭകളും അക്ഷരാർത്ഥത്തിൽ വികസനത്തിന്റെ പ്രഭവ കേന്ദ്രങ്ങളായി മാറി എന്നതാണ് യാഥാർത്ഥ്യം. വർദ്ധിച്ച തോതിൽ വികസന ഫണ്ട് താഴേക്ക് എത്തിയതോടെ പ്രാദേശിക ഭരണ സ്ഥാപനങ്ങളായ പഞ്ചായത്തുകളിലും നഗരസഭകളിലുമുള്ള ജനങ്ങളുടെ വിശ്വാസ്യത വർദ്ധിക്കുകയും ചെയ്തു.

ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ജനകീയാസൂത്രണത്തിലൂടെ സ്വീകരിച്ച രീതി സമ്പ്രദായവും സംഘടനാ സംവിധാനങ്ങളും ജനങ്ങളും പഞ്ചായത്തുകളും തമ്മിലുള്ള ബന്ധത്തിൽ തന്നെ അടിസ്ഥാനപരമായ മാറ്റം വരുത്തുന്നതിനിടയാക്കിയിട്ടുണ്ട്. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി നടപ്പാക്കിയ വിപുലമായ പരിശീലനങ്ങൾ ജനങ്ങൾക്ക് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലും നഗരസഭകളിലും

> പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ജനങ്ങളുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട ഒട്ടെല്ലാ മേഖലകളിലും ഇടപെടുന്നതിനുള്ള അധികാരങ്ങളുണ്ട്.

നടപ്പാക്കുന്ന പ്രവർത്തനങ്ങൾ അറിയുന്നതിനും ജനകീയാടിത്തറയുള്ള ഭരണസ്ഥാപനങ്ങളായി ഇവയെ മാറ്റുന്നതിനും കഴിഞ്ഞു. ജനാധിപത്യപരമായി പ്രവർത്തിക്കുന്ന പ്രാദേശിക ഗവണ്മെന്റുകളെ സൃഷ്ടിക്കുക എന്ന അധികാര വികേന്ദ്രീകരണത്തിന്റെ മഹത്തായ ലക്ഷ്യം കൈവരിക്കുന്നതിന് ജനകീയാസൂത്രണത്തിലൂടെ വലിയൊരളവുവരെ സാധിച്ചിട്ടുണ്ട്.

## വിപുലമായ സാധ്യതകൾ

പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ജനങ്ങളുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട ഒട്ടെല്ലാ മേഖലകളിലും ഇടപെടുന്നതിനുള്ള അധികാരങ്ങളുണ്ട്. പരമ്പരാഗതമായി തദ്ദേശഭരണ സ്ഥാപനങ്ങൾ നിർവഹിച്ചു പോന്നിരുന്ന പൗരസേവനങ്ങൾ കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്നതിനാവശ്യമായ വിഭവശേഷി ഇന്നുണ്ട്. സമൂഹത്തിന്റെയാകെ പൊതുനന്മയെ കണക്കിലെടുത്തുകൊണ്ട് വിപുലമായ നിയന്ത്രണാധികാരങ്ങളാണ് പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ളത്.

ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനും ശുചിത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ജീവിതയോഗ്യമായ പരിസ്ഥിതി സംരക്ഷിക്കുന്നതിനുമുള്ള പ്രാഥമിക ഉത്തരവാദിത്വവും ചുമതലയും പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുണ്ട്. ജനങ്ങൾക്കാവശ്യമായ വിവിധ സേവനങ്ങൾ ലഭ്യമാക്കുക എന്നതും സുപ്രധാനമായ നിരവധി സർട്ടിഫിക്കറ്റുകളും ലൈസൻസുകളും നൽകുക എന്നതും പഞ്ചായത്തുകളുടേയും നഗരസഭകളുടേയും അനിവാര്യമായ ചുമതലയാണ്. നീതിപൂർവ്വമായും കാര്യക്ഷമമായും ജനസൗഹൃദപരമായും സുതാര്യമായും ഇത്തരം ചുമതലകൾ നിർവഹിക്കുന്നതിന് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ബാധ്യതയുണ്ട്. ഇത്തരം സേവനങ്ങൾ നിയമാനുസൃതമായും സത്യസന്ധമായും നീതിപൂർവ്വമായും കാര്യക്ഷമമായും നിർവഹിക്കുന്നു എന്നുറപ്പാക്കുകയും, ഇതിനാവശ്യമായ മേൽനോട്ടം വഹിക്കുകയുമാണ് തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളുടെ കടമ.

## അനിവാര്യ ചുമതലകൾ

പഞ്ചായത്തുകളുടേയും നഗരസഭകളുടേയും പ്രധാന അനിവാര്യ ചുമതലകൾ താഴെപ്പറയുന്നവയാണ്.

- കെട്ടിട നിർമ്മാണം നിയന്ത്രിക്കുക
- പരമ്പരാഗതമായ കുടിവെള്ള സ്രോതസ്സുതകളുടെ സംരക്ഷണം
- ഖരമാലിന്യ ശേഖരണവും സംസ്കരണവും
- സാംക്രമിക രോഗവാഹികളെ നിയന്ത്രിക്കുക
- റോഡും മറ്റ് പൊതുമുതലുകളും സംരക്ഷിക്കുക
- ജനനവും മരണവും രജിസ്റ്റർ ചെയ്യുക
- പൊതുസ്ഥലങ്ങളിൽ പ്രാഥമിക സൗകര്യം ഏർപ്പെടുത്തുക.
- തെരുവ് വിളക്കുകൾ കത്തിക്കുകയും അവയെ പരിപാലിക്കുകയും ചെയ്യുക
- അപകടകരവും അസഹനീയവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകുക.

www.malankaralibrary.com



## പൊതുചുമതലകൾ

മുകളിൽ സൂചിപ്പിക്കപ്പെട്ട സുപ്രധാനമായ അനിവാര്യ ചുമതലകൾക്ക് പുറമെ നിരവധി പൊതുചുമതലകളും പഞ്ചായത്തുകൾക്കും നഗരസഭകൾക്കും നിർവഹിക്കാനുണ്ട്. സമൂഹത്തിന്റെ പൊതുനന്മയെ കണക്കിലെടുത്തുകൊണ്ടും പാവപ്പെട്ട ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയുമാണ് ഇത്തരം പൊതുവായ ചുമതലകൾ നിറവേറ്റേണ്ടത്. പഞ്ചായത്തുകളുടേയും നഗരസഭകളുടേയും പൊതുചുമതലകൾ പ്രധാനമായും താഴെ പറയുന്നവയാണ്.

- വികസനാസൂത്രണത്തിനാവശ്യമായ പൊതുസ്ഥിതി വിവരകണക്കുകൾ ശേഖരിക്കുക
- മദ്യപാനം, മയക്കുമരുന്നുകളുടെ ഉപയോഗം എന്നിവയ്ക്കെതിരെയുള്ള സാമൂഹ്യബോധവൽക്കരണം
- സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുകയും അതിൽനിന്നും സംരക്ഷണം നൽകുകയും ചെയ്യുക.
- സാമുദായിക ഐക്യവും മതസൗഹാർദ്ദവും വളർത്തുക
- പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുകയും വിപുലമായ ബോധവൽക്കരണം നടത്തുകയും ചെയ്യുക.
- ദുർബലവിഭാഗം ജനങ്ങൾക്കിടയിൽ നിയമബോധവൽക്കരണം നടത്തുക.
- പാവപ്പെട്ടവരുടേയും ദുർബല വിഭാഗങ്ങളുടേയും സാമൂഹ്യശാക്തീകരണം സാധ്യമാക്കുക.
- വികസനത്തിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പ് വരുത്തുക

## വികസനചുമതലകൾ

അനിവാര്യ ചുമതലകൾക്കും പൊതുചുമതലകൾക്കും പുറമെ ജനങ്ങളുടെ സാമ്പത്തിക-സാമൂഹ്യ വികസനത്തിനും, വളർച്ചയ്ക്കും സഹായകമായ വിപുലമായ വികസന ചുമതലകളും തദ്ദേശഭരണ സ്ഥാപനങ്ങൾക്കുണ്ട്. പ്രാദേശിക സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതി ഉറപ്പാക്കുന്നതിനും സഹായകമായ പദ്ധതി തയ്യാറാക്കി നടപ്പാക്കുകയെന്ന

www.malankaralibrary.com

ഭരണഘടനാപരമായ ബാധ്യത നിറവേറ്റുന്നതിന് കഴിയും വിധം വിപുലമായ വികസന ചുമതലകളാണ് കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർവ ഹിക്കാനുള്ളത്. ജനങ്ങളുടെ ഭൗതിക ജീവിത പുരോ ഗതിക്കും ഗുണമേന്മയുള്ള ജീവിത സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഇത്തരം വികസന ചുമതലകൾ നിർവഹിക്കുന്നതിലൂടെ കഴിയും. വിവിധ മേഖലാടി സ്ഥാനത്തിലുള്ള വികസന ചുമതലകൾ പ്രധാന മായും താഴെപറയുന്നവയാണ്.

- കാർഷിക വികസനവും ഭക്ഷ്യസുരക്ഷയും ഉറപ്പാ ക്കുക
- മൃഗപരിപാലനം, ക്ഷീരവികസനം എന്നീ സേവ നങ്ങൾ ലഭ്യമാക്കുക.
- ചെറുകിട ജലസേചന സൗകര്യങ്ങൾ ഏർപ്പെടു ത്തുകയും ജലസ്രോതസ്സുകളുടെ സംരക്ഷണം ഉറ പ്പാക്കുകയും ചെയ്യുക.
- മത്സ്യവിഭവശേഷി വികസിപ്പിക്കുകയും മത്സ്യതൊ ഴിലാളി ക്ഷേമം ഉറപ്പാക്കുകയും ചെയ്യുക.
- സാമൂഹ്യവനവൽക്കരണവും പരിസ്ഥിതി സംരക്ഷ ണവും ഏറ്റെടുക്കുക
- ചെറുകിട-പരമ്പരാഗത വ്യവസായങ്ങൾ പ്രോത്സാ ഹിപ്പിക്കുക
- ഭവനരഹിതരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുക
- ജലവിതരണ പദ്ധതികൾ നടപ്പാക്കുക
- നിരത്തു വിളക്കുകൾ സ്ഥാപിക്കുകയും പാരമ്പ ര്യേതര ഊർജ്ജ സ്രോതസ്സുകൾ അഭിവൃദ്ധിപ്പെ ടുത്തുകയും ചെയ്യുക.
- സ്കൂളുകളുടെയും പ്രീപ്രൈമറി സ്കൂളുകളുടേയും നടത്തിപ്പ്.
- പൊതുനിരത്തുകളുടെ സംരക്ഷണം ഉറപ്പാക്കുക.
- തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കെട്ടിട നിർമ്മാണം നടത്തുക.
- ശിശുക്ഷേമ കേന്ദ്രങ്ങളുടെ സംരക്ഷണവും നട ത്തിപ്പും ഉറപ്പാക്കുക.
- ആരോഗ്യസ്ഥാപനങ്ങളുടെ സംരക്ഷണവും നട ത്തിപ്പും ഉറപ്പാക്കുകയും, രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്യുക.
- ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടപ്പാ ക്കുക.
- പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമപദ്ധതികൾ നടപ്പാ ക്കുക.
- കളിസ്ഥലങ്ങളും സ്റ്റേഡിയവും നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക.
- പൊതുശ്മശാനങ്ങളുടെ നിർമ്മാണവും പരിര ക്ഷയും ഉറപ്പാക്കുക.
- പ്രകൃതി ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുക.
- പൊതുവിതരണ സംവിധാനത്തിനെതിരെയുള്ള പരാതികൾ സ്വീകരിക്കുകയും, നിവാരണ മാർഗ്ഗ ങ്ങൾ ആരായുകയും നടപ്പാക്കുകയും ചെയ്യുക.

ജനങ്ങളുടെ സാമൂഹ്യ-സാമ്പത്തിക വികസന ത്തിൽ ഫലപ്രദമായി ഇടപെടുന്നതിനും മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിനും സുപ്രധാനമായ പങ്കാണ് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും വഹിക്കാനുള്ളത്. സാമൂഹ്യമായി അവശത അനുഭവി ക്കുന്ന ജനവിഭാഗങ്ങളുടെ ജീവിത പുരോഗതിയിലും സാമൂഹ്യശാക്തീകരണത്തിനും തദ്ദേശഭരണ സ്ഥാപ നങ്ങൾക്ക് ഫലപ്രദമായി ഇടപെടാൻ കഴിയും. ജന ങ്ങളുടെ പങ്കാളികളായി പൊതുസമൂഹത്തിന്റെയാകെ പിന്തുണയോടെ തങ്ങളിൽ നിക്ഷിപ്തമായ ചുമതല കളും ഉത്തരവാദിത്വങ്ങളും നിർവഹിക്കാൻ കഴി ഞ്ഞാൽ ജനങ്ങളുടെ ഹൃദയവികാരം കവരാൻ കഴി യുന്ന ഭരണസ്ഥാപനങ്ങളായി ഇവയ്ക്ക് മാറാൻ കഴി യുകയും ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിത്തറ കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യും. ഇത്തര ത്തിൽ ജനങ്ങളുടെ വിശ്വാസ്യത കൈവരിക്കാൻ കഴി യുക എന്നതായിരിക്കണം പുതുതായി തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് അധികാരത്തിലെത്തുന്ന ഭരണ സമിതി അംഗങ്ങളുടെ കടമ. ■

> സമൂഹത്തിന്റെയാകെ പൊതുനന്മയെ കണക്കിലെടുത്തുകൊണ്ട് വിപുലമായ നിയന്ത്രണാധികാരങ്ങളാണ് പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ളത്.

www.malankaralibrary.com



# പഞ്ചായത്ത് രാജിൽ സഭയ്ക്കുള്ള പങ്ക്

തയ്യാറാക്കിയത്: ജാസ്മിൻ ജേക്കബ്ബ്

ജനാധിപത്യമെന്ന സ്വപ്നം താഴെക്കിടയിൽ ഗ്രാമഗ്രാമാന്തരങ്ങൾ മുതൽ പ്രാവർത്തികമാക്കാനുള്ള പ്രായോഗിക പരിപാടിയായിരുന്നു ത്രിതലപഞ്ചായത്ത് ഭരണക്രമം. ഇടവകയെന്ന അടിസ്ഥാനയൂണിറ്റു മുതലുള്ള ഭരണസംവിധാനം സഭയ്ക്കുമുണ്ട്. എങ്കിൽ പഞ്ചായത്ത് മുതലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളിൽ ഇടവകകൾക്ക് എങ്ങനെ പങ്കെടുക്കാനാവും? തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ പ്രതികരിക്കുന്നു.



### അനിൽ അക്കര

*ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, അടാട്ട് പഞ്ചായത്ത്*

ജനനം : 1972, ആഗസ്റ്റ് 5; ജന്മസ്ഥലം : പുറണാട്ടുകര, തൃശ്ശൂർ
തൃശ്ശൂരിലെ സെന്റ് തോമസ് കോളേജിൽ നിന്നും ഇംഗ്ലീഷ് ലിറ്ററേച്ചറിൽ ബിരുദപഠനം. കോളേജ് പഠനകാലത്ത് കോൺഗ്രസ് രാഷ്ട്രീയത്തിൽ സജീവം. കേന്ദ്ര പഞ്ചായത്തിരാജ് കോർ കമ്മറ്റി അംഗം, ജില്ല യൂത്ത് കോൺഗ്രസ് ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഏറ്റവും നല്ല ഗ്രാമപഞ്ചായത്തിനുള്ള 2005-2006 ലെ സ്വരാജ് ട്രോഫി അവർഡ് അടാട്ട് പഞ്ചായത്തിനായിരുന്നു.

ഇടവകകൾ പ്രൈമറി ഡവലപ്പ്മെന്റ് ഏജന്റുകളാണ്. കാരണം ഇടവകാപരിധിയിൽ വരുന്ന ആളുകളുടെ സാമൂഹിക- സാമ്പത്തികരംഗവുമായി അടുത്തിടപെടാൻ ഇടവകകൾക്ക് മറ്റ് ഭരണസംവിധാത്തേക്കാൾ എളുപ്പത്തിലാകും. കാരണം ജനങ്ങൾക്ക് മാനസിക അടുപ്പം കൂടുതൽ ഇടവകയോടാണ്. അതിനാൽ ഇടവകാംഗങ്ങളെ നാടിന്റെ വികസനത്തിനുവേണ്ടി ക്രിയാത്മകരാക്കുവാൻ ശക്തമായ ഇടവകാ പ്രവർത്തനങ്ങൾക്കാകും.

നമ്മുടെ നാടിന്റെ വികസനപ്രക്രിയകളിൽ ക്രൈസ്തവസഭ ഭാഗഭാക്കാണ്. ആതുര-വിദ്യാഭ്യാസ രംഗങ്ങളിൽ സഭ നൽകിവരുന്ന സേവനങ്ങൾ നിസ്തുല

www.malankaralibrary.com

> പ്രാദേശികതലങ്ങളിലെ കൃഷിക്കാരെ ശക്തിപ്പെടുത്തി പരിപോഷിപ്പിക്കാനാവശ്യമായ സംഘടനകൾ രൂപീകരിക്കാൻ ഇടവകകൾ വേദിയൊരുക്കണം.

ങ്ങളാണ്. എന്റെ പഞ്ചായത്തിൽ ആരോഗ്യമേഖലയ്ക്കായി സി. എം. ഐ സഭ നല്കുന്ന സേവനങ്ങൾ ഞാനിവിടെ അനുസ്മരിക്കുന്നു.

ആമ്പക്കാട്, പുറനാട്ടുകര, അടാട്ട്, പേരാമംഗലം, ചിറ്റിലപ്പിള്ളി എന്നീ പ്രദേശങ്ങളുടെ വളർച്ചയ്ക്ക് അവിടുത്തെ ഇടവകകൾ നൽകിവരുന്ന പിന്തുണ സഹായകമായിട്ടുണ്ട്.

പഞ്ചായത്തീരാജിന്റെ അടിസ്ഥാന ലക്ഷ്യം സ്വാശ്രയഗ്രാമങ്ങൾ ഉണ്ടാക്കുക എന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ എണ്ണത്തിൽ ആശങ്കാജനകമായ കുറവാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇതിന് പ്രധാന കാരണം ജനങ്ങൾ ഗ്രാമങ്ങൾ വിട്ട് നഗരകേന്ദ്രീകൃത മേഖലകളിലേയ്ക്ക് പോകുന്നതാണ്.

ഗ്രാമങ്ങൾ വിട്ട് നഗരങ്ങളിലേയ്ക്ക് പോകാൻ ആളുകളെ പ്രേരിപ്പിക്കുന്ന പ്രധാനഘടകം കാർഷിക മേഖലയുടെ തകർച്ചയാണ്. സുസ്ഥിരമായ വിലനിർണ്ണയം അഥവാ തറവില സമ്പ്രദായം നമ്മുടെ വിപണനരംഗത്തില്ലാത്തതിനാൽ പലപ്പോഴും കർഷകന് തന്റെ മുടക്കുമുതൽ പോലും കൃഷിയിൽ നിന്ന് ലഭിക്കാതെ വരുന്നു. ഉദാഹരണത്തിന് നേന്ത്രക്കായ ഉത്പാദനത്തിൽ മുൻപന്തിയിൽ നില്ക്കുന്ന വയനാട്- പാലക്കാട് ജില്ലകളിലെ ആളുകൾക്ക് ഒരു കിലോയിൽ ലഭിക്കുന്ന വരുമാനമെന്നത് 8 രൂപയാണ്. എന്നാൽ അതേ നേന്ത്രക്കായ വിപണിയിൽ എത്തിക്കഴിയുമ്പോൾ 20 രൂപയായി മാറുന്നു. അങ്ങോട്ട് കൊടുക്കുന്നതിന് വിലയില്ല; അതുതന്നെ തിരിച്ചുവാങ്ങുമ്പോഴുണ്ടാകുന്ന വിലവ്യത്യാസം! ഇത് കർഷകനെ തളർത്തുന്നു. ഇക്കാര്യത്തിൽ സഭയ്ക്ക് പ്രത്യേകിച്ച് ഇടവകകൾക്ക് കർഷകരെ സഹായിക്കാനാകും.

പ്രാദേശികതലങ്ങളിലെ കൃഷിക്കാരെ ശക്തിപ്പെടുത്തി പരിപോഷിപ്പിക്കാനാവശ്യമായ സംഘടനകൾ രൂപീകരിക്കാൻ ഇടവകകൾ വേദിയൊരുക്കണം. ഇത്തരം സംഘടനകളുടെ പ്രവർത്തനം പഞ്ചായത്തുകൾക്കും സഹായകമാകും.

സ്വാശ്രയസംഘങ്ങളുടെ രൂപീകരണം എല്ലാ സമുദായസംഘടനകളും നടത്തുന്നുണ്ട്. പഞ്ചായത്തിന്റെ നേതൃത്വത്തിലുള്ള സ്വാശ്രയസംഘങ്ങളുടെ ശാക്തീകരണം കാർഷികമേഖലയ്ക്ക് ഗുണംചെയ്യും. കാർഷിക മേഖലയ്ക്ക് ഗുണകരമാകുന്ന സെമിനാറുകളും, ചർച്ചകളും പഞ്ചായത്തിന്റെ സഹകരണത്തോടെ ഇടവകകളിൽ സംഘടിപ്പിക്കണം.

മറ്റൊരു പ്രധാനകാര്യം ഈ സമീപകാലങ്ങളിലായി സഭ ഉയർത്തുന്നത് അടിസ്ഥാന ആവശ്യങ്ങൾക്കു വേണ്ടിയുള്ള മുറവിളികളല്ല. മറിച്ച് ഇടയ ലേഖനങ്ങളിലൂടെയും ചർച്ചകളിലൂടെയും ശബ്ദമുയർത്തുന്നത് സഭയ്ക്ക് വെല്ലുവിളിയുയർത്തുന്ന മൂവ്മെന്റുകൾക്കെതിരെയാണ്. സ്വാശ്രയമാനേജ്മെന്റ്, എഞ്ചിനീയറിങ്, മെഡിക്കൽ പ്രവേശനം എന്നിവയെക്കാൾ പ്രാധാന്യമുള്ള വിഷയങ്ങൾ നിലനിൽക്കെയാണിത്.




## കെ. കെ. നാരായണൻ

*ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, കണ്ണൂർ*


ജനനം : 1948, ജൂലൈ 15; ജന്മസ്ഥലം : പെരളശ്ശേരി, കണ്ണൂർ

പതിനൊന്നാമത്തെ വയസ്സിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ രാഷ്ട്രീയപ്രവേശം. കണ്ണൂർ വിസ്മയ വാട്ടർ തീം പാർക്ക് ചെയർമാൻ, പാർട്ടി ജില്ലാ സെക്രട്ടറിയേറ്റ് അംഗം എന്നീ നിലകളിൽ ജില്ലയുടെ രാഷ്ട്രീയ രംഗങ്ങളിൽ സജീവ നേതൃത്വം വഹിച്ചുവരുന്നു.

എന്റെ ജില്ലയിലുൾപ്പെടുന്ന മലയോര മേഖലകളുടെ വികസനത്തിന് ക്രൈസ്തവ സഭ നല്കിവരുന്ന സേവനങ്ങൾ നിരവധിയാണ്.

കേരളത്തിലെ മാത്രമല്ല രാജ്യത്തിന്റെ തന്നെ വിദ്യാഭ്യാസ പുരോഗതിയിൽ പ്രധാന പങ്കുവഹിക്കുന്നത് ക്രിസ്തീയ സഭകളാണെന്നത് നിസ്തർക്കമാണ്.

www.malankaralibrary.com

കണ്ണൂർ സമ്പൂർണ്ണ സാക്ഷരതാ ജില്ലയായി മാറിയിരിക്കുന്നു. കൂടാതെ എസ്. എസ്. എൽ. സി, ഹയർ സെക്കന്ററി തലങ്ങളിലെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച 'മുകുളം' പദ്ധതിയ്ക്ക് പൂർണ്ണപിന്തുണയേകി മുന്നേറുന്നതും ക്രിസ്ത്യൻ മാനേജ്മെന്റ് സ്കൂളുകളാണ്.

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി പോലുള്ള സഭാനേതൃത്വകൂട്ടായ്മകളുടെ പ്രവർത്തനങ്ങൾ ജില്ലയുടെ വികസനപദ്ധതികളിൽ നിർണ്ണായക പങ്കു വഹിക്കുന്നു. 2010 ജനുവരിയിൽ അവർ സംഘടിപ്പിച്ച 'പൊലിക മലബാർ ഫാം ഫെസ്റ്റ്' വൻ വിജയമായിരുന്നു. കൃഷി സംബന്ധമായ സംശയങ്ങൾ നിവാരണം ചെയ്യാനും ജൈവകൃഷി സാധ്യതകളെക്കുറിച്ച് ബോധവത്ക്കരിക്കാനും മികച്ച കർഷകരെ ആദരിക്കാനുമുള്ള വേദിയായി ആ കാർഷിക പരിപോഷണ പഠന മെഗാമേള മാറി.

ജില്ലാ വികസനത്തിൽ ക്രൈസ്തവസഭയ്ക്കും സ്ഥാപനങ്ങൾക്കും വളരെ വലിയൊരു സ്ഥാനമാണുള്ളതെങ്കിലും ഇനിയും കുറെ മേഖലകളിലേയ്ക്ക് കൂടി സഭ ശ്രദ്ധതിരിക്കേണ്ടതുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ജനകീയാസൂത്രണ പദ്ധതികളിൽ സഭ പൂർണ്ണ പിന്തുണ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്കുന്നില്ലയെന്നാണ് എന്റെ അഭിപ്രായം.

സഭ സ്വയം ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന പദ്ധതികളിൽ എന്നപോലെതന്നെ സർക്കാർ പദ്ധതികളുടെയും നേതൃനിരയിലേയ്ക്ക് ഇടവകകൾ കടന്നുവരേണ്ടിയിരിക്കുന്നു. അതിനായുള്ള ആദ്യപടിയെന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിത്തറകളായ ഗ്രാമസഭകളിൽ ഇടവകാനേതൃത്വവും, അംഗങ്ങളും സജീവരാകണം. ആസൂത്രണത്തിന്റെയും, നിർവ്വഹണത്തിന്റെയും വരവുചിലവു കണക്കുകളടക്കം ചർച്ച ചെയ്യുന്നത് അവിടെയാണ്. പഞ്ചായത്ത് വാർഡ് തലത്തിൽ നടക്കുന്ന ഗ്രാമസഭകളിൽ വാർഡ് മെമ്പറടക്കം സന്നിഹിതരായിരിക്കും; അവിടെ വച്ചാണ് പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതും. രാഷ്ട്രീയ തിരിമറികൾ നടക്കാതെ ആവശ്യക്കാരനെ തിരഞ്ഞെടുക്കാൻ ആ വാർഡിലെ വികാരിയച്ചന്മാർക്കും ഇടവകാനേതൃത്വത്തിനും കഴിയും. കാരണം അവരവരുടെ ഇടവകയിലെ ആളുകളുടെ ആവശ്യങ്ങൾ വികാരിയച്ചന്മാർക്കായിരിക്കും മറ്റാരേയുംകാൾ, ഒരു പക്ഷെ വാർഡ് മെമ്പറേക്കാളും കൂടുതലായി അറിയുവാൻ സാധിക്കുക. അതിനാൽ പദ്ധതി രൂപീകരണത്തിന്റെ പ്രാരംഭഘട്ടമായ ഗ്രാമ-വാർഡ് സെമിനാറുകളിൽ വികാരിയച്ചനടക്കം ഇടവകാംഗങ്ങൾ സംബന്ധിക്കണം.

കണ്ണൂരുപോലുള്ള മലയോര ജില്ലകളിൽ ധാരാളം ആദിവാസി സമൂഹങ്ങളുണ്ട്. അവർക്കാവശ്യമായ ഭവനനിർമ്മാണവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപ്പാക്കിക്കൊടുക്കുന്നുണ്ട്. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ആദിവാസികൾക്ക് തൊഴിലെടുത്ത് ജീവിക്കാനാവശ്യമായ ചെറിയ പദ്ധതികൾക്ക് രൂപംകൊടുക്കാൻ ഗ്രാമതലങ്ങളിൽ ഇടവകകൾക്ക് കഴിയും.

സഭാനേതൃത്വത്തിലുള്ള വാർത്താമാധ്യമങ്ങൾക്ക് രാഷ്ട്രീയവീക്ഷണമുണ്ട്; അത് ആവശ്യവുമാണ്. എങ്കിലും വികസനപ്രക്രിയകളെ രാഷ്ട്രീയ വീക്ഷണത്തോടെ സമീപിക്കുന്നത് നാടിന്റെ പുരോഗതിയെ തടസ്സപ്പെടുത്തും. സഭ ഇപ്പോൾ തുടർന്നു പോരുന്നത്

> **തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി പോലുള്ള സഭാനേതൃത്വകൂട്ടായ്മകളുടെ പ്രവർത്തനങ്ങൾ ജില്ലയുടെ വികസനപദ്ധതികളിൽ നിർണ്ണായക പങ്കു വഹിക്കുന്നു.**

എന്തിനും ഏതിനും ഇത്തരം 'വീക്ഷണങ്ങളാണ്'.

ഒരു ഇടവകയുടെ പ്രവർത്തനമെന്നത് അവിടുത്തെ ക്രൈസ്തവരുടെയിടയിൽ മാത്രം ഒതുങ്ങാനിടവരരുത്. അന്യസമുദായങ്ങളോട് സഹകരിക്കാനും, സഹകരിപ്പിക്കാനും സഭാനേതൃത്വത്തിനാവണം. അങ്ങനെ തങ്ങളുടെ പ്രവർത്തന വിസ്തൃതി കൂട്ടുന്നതോടെ ഇതര മതനേതൃത്വത്തിനും അതൊരു പ്രചോദനമാകും. പ്രത്യേകിച്ച് രാഷ്ട്രീയസംഘർഷങ്ങൾക്ക് സ്ഥിരം വേദിയാകാറുള്ള കണ്ണൂർ ജില്ലയിൽ ഇത്തരം ഉദ്യമങ്ങൾക്ക് വളരെയധികം പ്രസക്തിയുണ്ട്.

www.malankaralibrary.com



**ഷിയ ഷക്കീർ**

*ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, കുമളി*

ജനനം : 1970, മെയ് 12; ജന്മസ്ഥലം : ഏമ്പയാർ, ഇടുക്കി
കാഞ്ഞിരപ്പിള്ളി സെന്റ് ഡൊമിനിക് കോളേജിൽ നിന്നും ഡിഗ്രി എടുത്തു. പതിനഞ്ച് വർഷമായി ഇടതുപക്ഷ രാഷ്ട്രീയത്തിൽ സജീവം. കുമളി ഗ്രാമപഞ്ചായത്തിൽ വാർഡ് മെമ്പർ, വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

എന്റെ ഗ്രാമ പഞ്ചായത്ത് പരിധിയിൽപ്പെട്ട എല്ലാ ഇടവകാ വികാരിമാരുമായും എനിക്ക് ഇടപെടേണ്ടി വന്നിട്ടുണ്ട്. പഞ്ചായത്തിന്റെ വികസന പ്രക്രിയകളിൽ പല ഇടവകകളും സജീവരല്ലയെന്നാണ് എന്റെ അനുഭവം.

ഭവന നിർമ്മാണ പദ്ധതികളുമായി ബന്ധപ്പെട്ട് പഞ്ചായത്ത് പരിധിയിൽ വരുന്ന പാർപ്പിടരഹിതർക്ക് അനേകം വീടുകൾ നിർമ്മിച്ചുകൊടുക്കുകയുണ്ടായി. ഇതറിഞ്ഞ തേക്കടി പള്ളി വികാരിയച്ചൻ എന്നെ സമീപിച്ചു പറഞ്ഞു: “എന്റെ ഇടവകയിൽ താമസയോഗ്യമായ വീടും, സ്ഥലവുമില്ലാത്ത മൂന്ന് കുടുംബങ്ങളുണ്ട്. അവരുടെ കാര്യം കൂടി പരിഗണിക്കണേ”. അച്ചന്റെ നിർദ്ദേശാനുസരണം ഞങ്ങൾ നടപടികൾ ദ്രുതഗതിയിൽ പൂർത്തിയാക്കി.

ഇതുപോലെ തങ്ങളുടെ ഇടവക പരിധിയിലുള്ള ആളുകളുടെ ആവശ്യങ്ങൾ പഞ്ചായത്തിനെ അറിയിക്കാൻ വികാരിയച്ചന്മാർക്ക് സാധിക്കും. ഗ്രാമസഭകളിലൂടെ പദ്ധതികളുടെ യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് രാഷ്ട്രീയ മേൽനോട്ടം തടസ്സമാണ്. കണ്ടെത്തിയാൽ തന്നെ യഥാർത്ഥ ഉപഭോക്താവിന് പദ്ധതികളുടെ ഗുണങ്ങൾ എത്തുന്നതിന് ഒരുപാട് സമ്മർദ്ദങ്ങളുണ്ടാകും. സാധാരണ, ഭരിക്കുന്ന പാർട്ടിയുടെ താത്പര്യാർത്ഥം സഹായങ്ങൾ അതേ പാർട്ടിയംഗങ്ങ ളിലേയ്ക്കാണ് ഒഴുകാറ്. ഇവയെല്ലാം ഒഴിവാക്കാൻ വികാരിയച്ചന്മാരുടെ ഇടപെടലുകൾ സഹായിക്കും.

> ഇടവക പ്രവർത്തനങ്ങളോടൊപ്പം പഞ്ചായത്ത് പദ്ധതികളെയും കാണുകയാണെങ്കിൽ ഗ്രാമതലങ്ങളിൽ വലിയൊരു മാറ്റമുണ്ടാകും

തേക്കടി ലൂർദ്ദ് പള്ളി വികാരിയച്ചൻ എന്നോട് പറയുകയുണ്ടായി അദ്ദേഹത്തിന്റെ ഇടവകയിലെ ഒരു യുവാവ് – വിവാഹം കഴിച്ചിട്ട് ഒരു മാസമേ ആയിട്ടുള്ളൂ – പറഞ്ഞുവത്രേ: “ഞങ്ങൾക്ക് പരസ്പരം അഡ്ജസ്റ്റ് ചെയ്യാൻ പറ്റുന്നില്ല. വിവാഹമോചനം നടത്തുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കുകയാണ്”. നാട് ഭൗതികമായി പുരോഗമിക്കുമ്പോഴും ആളുകളുടെ ‘മാനസിക വികാസം’ കുറഞ്ഞുവരികയാണെന്നാണ് എന്റെ അഭിപ്രായം. രാഷ്ട്രീയ പാർട്ടികൾ തിരഞ്ഞെടുപ്പു പ്രചരണം പോലുള്ള സ്വാർത്ഥ താത്പര്യങ്ങൾക്കായി മാത്രമാണ് വീടുകൾ തോറും കയറിയിറങ്ങുന്നത്. എന്നാൽ വികാരിയച്ചന്മാർക്കും, ഇടവക സംഘടനകൾക്കും, ഭവനസന്ദർശനം നടത്തി (അക്രൈസ്തവരുടെയുൾപ്പെടെ) അവരുടെ ദുഃഖങ്ങളിലും സന്തോഷങ്ങളിലും പങ്കുചേരാൻ കഴിയണം.

കമ്പ്യൂട്ടറും ടെലിവിഷനും സൃഷ്ടിക്കുന്ന ‘ഇ– ലോകത്ത്’ (വെർച്ച്വൽ റിയാലിറ്റി) കുടുങ്ങിക്കിടക്കുന്ന കുട്ടികൾക്ക് അവരുടെ അഭിരുചിക്കനുസൃതമായ വിനോദവിജ്ഞാന സെമിനാറുകൾ സംഘടിപ്പിക്കുവാൻ പഞ്ചായത്തിനെ സഹായിക്കാൻ ഇടവക മതബോധന രംഗങ്ങൾക്ക് സാധിക്കും. അവധിക്കാലത്ത് മതബോധന വിദ്യാർത്ഥികൾക്കായി ‘വിശ്വാസോത്സവം’ സംഘടിപ്പിക്കുന്നതിനെക്കുറിച്ചറിഞ്ഞു. അത്തരം പരിപാടികൾ അക്രൈസ്തവ കുഞ്ഞുങ്ങളെയും ഉൾപ്പെടുത്തി സംഘടിപ്പിച്ചാൽ അത് നാടിന് ഗുണകരമായിത്തീരും.

രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വത്തിലുള്ള വികസനപദ്ധതികൾ പാർട്ടിയെ അനുകൂലിക്കുന്ന ഒരു വിഭാഗം ആളുകൾക്ക് മാത്രമേ സ്വീകാര്യമാകുക

www.malankaralibrary.com

യുള്ളൂ. എന്നാൽ ഇടവകകളിൽ വ്യത്യസ്ത ചിന്താഗതികളുള്ള അനേകം വ്യക്തികളുണ്ട്. വികസനയത്നങ്ങളിൽ വിഭിന്ന ആശയക്കാരയ അത്തരം ആളുകളെ ഏകോപിപ്പിക്കാൻ രാഷ്ട്രീയ നേതൃത്വത്തെക്കാൾ ഇടവക വികാരിമാർക്ക് സാധിക്കും.

ഇടവക പ്രവർത്തനങ്ങളോടൊപ്പം പഞ്ചായത്ത് പദ്ധതികളെയും കാണുകയാണെങ്കിൽ ഗ്രാമതലങ്ങളിൽ വലിയൊരു മാറ്റത്തിന് ഇടവകകൾ ഹേതുവാകും.




## അനു വിജയനാഥ്

*ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, കോതമംഗലം*

ജനനം : 1960, മെയ് 10; ജന്മസ്ഥലം : പല്ലാരിമംഗലം, കോതമംഗലം

1995-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ രാഷ്ട്രീയ പ്രവേശം. കോതമംഗലം താലൂക്ക് വനിതാ സഹകരണസംഘം പ്രസിഡന്റ്, സർക്കിൾ സഹകരണ യൂണിയൻ മെമ്പർ, മഹിളാ അസോസിയേഷൻ ഏരിയ സെക്രട്ടറി എന്നീ പദവികൾ വഹിച്ചുവരുന്നു.


കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പത്ത് പഞ്ചായത്തുകളുണ്ട്. മൂന്നു തവണ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായ എനിക്ക് പലപ്പോഴും ഈ പഞ്ചായത്തുകളിലുള്ള വ്യത്യസ്ത ക്രൈസ്തവ വിഭാഗങ്ങളിൽപ്പെട്ട പള്ളികളുമായി ബന്ധപ്പെടേണ്ടി വന്നിട്ടുണ്ട്. പല പള്ളികളുടെയും സന്യാസഭവനങ്ങളുടെയും, അൽമായരുടെയും പ്രവർത്തനങ്ങൾ എന്നെ പ്രചോദിപ്പിക്കാറുണ്ട്. നമ്മുടെ നാടിന്റെ വികസനത്തിനും, ക്ഷേമത്തിനും സഭ നല്കിവരുന്ന സേവനങ്ങൾ വലുതാണ്.

ഇടവകകൾ കൂടുതൽ ശ്രദ്ധയൂന്നണമെന്ന് എനിക്കു തോന്നുന്ന മേഖല 'സാന്ത്വനപരിചരണ' മേഖലകളിലാണ്. ഒരു ഇടവകയിൽ അല്ലെങ്കിൽ പഞ്ചായത്തിൽ ഇപ്പോൾ അനേകം മാതാപിതാക്കൾ ഒറ്റപ്പെട്ടു കഴിയുന്നുണ്ട്. അവരെ സംരക്ഷിക്കാൻ വൃദ്ധസദനങ്ങൾ നിർമ്മിക്കുന്നതിനെക്കാൾ ഉപരിയായി നമുക്കു ചെയ്യാനാവുക അവരുടെ ഭവനങ്ങൾ സന്ദർശിച്ച് ആവശ്യമായ സഹായങ്ങൾ എത്തിച്ചു കൊടുക്കുക എന്നതാണ്.

ഞങ്ങളുടെ ബ്ലോക്ക് ഓഫീസിനു സമീപമുള്ള സെന്റ് ജോർജ് കത്തീഡ്രൽ പള്ളിക്കടുത്ത് വയോവൃദ്ധരായ ആളുകളെ പരിചരിക്കുന്ന ഒരു ഭവനമുണ്ട്. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നടത്തുന്നതാണ് ആ സ്ഥാപനം. 37 വൃദ്ധജനങ്ങളുള്ള ആ സ്ഥാപനത്തിന്റെ ഏക വരുമാനമെന്നത് മൂന്നോ നാലോ സിസ്റ്റേഴ്സിന്റെ ശമ്പളമാണ്.

കോതമംഗലം ബ്ലോക്കിലെ ധർമ്മഗിരിയിൽ വി. യൗസേപ്പിന്റെ നാമധേയത്തിലുള്ള പാലിയേറ്റീവ് കെയറിൽ സാമ്പത്തിക ഭദ്രതയുള്ളവരുടെയടുത്തുനിന്നും മാത്രമേ പണം വാങ്ങുന്നുള്ളൂ. സാധുക്കളായ ആളുകളുടെ പക്കൽനിന്ന് ഫീസ് വാങ്ങുന്നില്ലെന്നു മാത്രമല്ല രോഗികൾക്കും അവരുടെ ഒപ്പം നിൽക്കുന്നവർക്കും ഭക്ഷണവും മറ്റവശ്യവസ്തുക്കളും നൽകുകയും ചെയ്യുന്നു. ഇത്തരത്തിൽ പോത്താനിക്കാട് ഒരു അൽമായനും സ്വതാത്പര്യാർത്ഥം തന്റെ വീട്ടിൽ പ്രവർത്തിക്കുന്നുണ്ട്.

ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വം ഇടവകകൾക്കു മാത്രമല്ല, അത്തരം പ്രവർത്തനങ്ങൾ ആവശ്യമായ മണ്ഡലങ്ങൾ പഞ്ചായത്തു നേതൃത്വത്തിന്റെ ശ്രദ്ധയിൽപ്പെടുത്താൻ മറ്റാരെയുംകാൾ ഇടവകകൾക്കാകും.

നാട്ടിലെ അശരണർക്കും നിസഹായർക്കും താങ്ങും തണലുമാകുന്നതിന് ഇടവകയിലെ യുവജനങ്ങളെ സംഘടിപ്പിക്കാൻ വികാരിയച്ചന്മാർക്ക് കഴിയും. കോതമംഗലം സെന്റ് ജോർജ്ജ് കത്തീഡ്രൽ പള്ളിയിലെ വികാരിയച്ചന്റേയും യുവജനങ്ങളുടെയും പ്രവർത്തനങ്ങൾ മറ്റ് പ്രസ്ഥാനങ്ങൾക്ക് മാതൃകയാണ്.

ഇടവകാ നേതൃത്വത്തിന് ചെയ്യാനാവുന്ന മറ്റൊരു പ്രധാനകാര്യം സ്ത്രീകൾക്കാവശ്യമായ ബോധവത്ക്കരണം നടത്തുക എന്നതാണ്. ഗാർഹിക പീഡനത്തിനെതിരെ ഒരു സെമിനാർ സംഘടിപ്പിക്കാൻ കോതമംഗലം മാർത്തോമ്മാചർച്ച് വികാരി ഞങ്ങളുടെ ബ്ലോക്കിലെ ലീഗൽ സർവ്വീസ് സൊസൈറ്റിക്ക് പൂർണ്ണ പിന്തുണയേകി മുന്നോട്ടു വരികയുണ്ടായി. അതുപോലെ സ്ത്രീധനത്തിനെതിരെ സംഘടിക്കാൻ സഭാനേതൃത്വവും മുൻകൈയ്യെടുക്കണം. ■

www.malankaralibrary.com



# പഞ്ചായത്ത് രാജും ജനാധിപത്യവും


സുരേഷ് എം.
*അസി. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA)*

**ജനാധിപത്യം ഒരു ആശയവും സ്വപ്നവുമാണ്. പ്ലാനിംഗിലും, തീരുമാനമെടുക്കൽ പ്രക്രിയകളിലും ഭരണത്തിലും പരമാവധി ജനങ്ങൾ പങ്കാളികളാകുമ്പോഴാണ് ജനാധിപത്യം യാഥാർത്ഥ്യമാകുന്നത്. പഞ്ചായത്ത് രാജിലൂടെ ജനാധിപത്യം എങ്ങനെ കൈവരിക്കാം?**

ജനാധിപത്യം ജനങ്ങളുടെ ആധിപത്യമാണ്. തീരുമാനമെടുക്കൽ പ്രക്രിയയിൽ ജനങ്ങൾക്ക് നേരിട്ട് പങ്കാളിത്തം ലഭിക്കുമ്പോഴാണ് ജനാധിപത്യം സാർത്ഥകമാകുന്നതും ജനപക്ഷ കാഴ്ചപ്പാടുകൾ ഏറ്റെടുക്കപ്പെടുന്നതും. കേന്ദ്രീകൃത ജനാധിപത്യ സംവിധാനത്തിന്റെ പരിമിതികൾ മറികടക്കാനുള്ള ഏറ്റവും നല്ല ഉപാധിയായാണ് ജനാധിപത്യ അധികാര വികേന്ദ്രീകരണം പരിഗണിക്കപ്പെട്ടത്.

ഇന്ത്യൻ പഞ്ചായത്ത് സംവിധാനത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. എന്നാൽ വ്യവസ്ഥാപിതവും ഭരണഘടനാ പിന്തുണയുമുള്ള പഞ്ചായത്തീരാജ് സംവിധാനത്തിന്റെ പിറവി ഭരണഘടനയുടെ 73-ാം ഭേദഗതികളോടെയാണ് സാധ്യമായത്. അധികാര വികേന്ദ്രീകരണ പ്രക്രിയയുടെ ഏറ്റവും മഹത്തായ ചരിത്രം, ഭരണഘടനാ ഭേദഗതിയുടെ ഭാഗമായി ഇന്ത്യൻ ഭരണഘടനയുടെ 243 A മുതൽ K വരെയുള്ള ആർട്ടിക്കിളുകളിൽ ഉൾപ്പെടുത്തിയ വ്യവസ്ഥകളാണ് എന്ന് നിസ്സംശയം പറയാം. 243 A വകുപ്പ് ഗ്രാമസഭകളെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന 243 B വകുപ്പ് പ്രകാരം സംസ്ഥാനമാണ് ത്രിതല പഞ്ചായത്തുകൾ രൂപീകരിക്കേണ്ടത്. അതിനുള്ള അധികാരം സംസ്ഥാനങ്ങൾ നൽകുന്നത് 243 സി വകുപ്പാണ്. 243 ഡി പഞ്ചായത്തുകളിലെ സംവരണ വ്യവസ്ഥകളും, 243 ഇ പഞ്ചായത്തുകളുടെ കാലാവധി 5 വർഷമായി നിജപ്പെടുത്തുന്ന വ്യവസ്ഥയും 243 എഫ് അംഗമാകാനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിക്കാൻ സംസ്ഥാനങ്ങൾക്കുള്ള അധികാരം സംബന്ധിച്ച വ്യവസ്ഥകളും ഉൾക്കൊള്ളുന്നു. 243 ജി വകുപ്പ് പഞ്ചായത്തുകളുടെ അധികാരങ്ങളേയും ചുമതലകളേയും പറ്റി വിശദമാക്കുമ്പോൾ 243 എച്ച് വകുപ്പ് തദ്ദേശ

www.malankaralibrary.com



സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും ഫണ്ട് അനുവദിക്കുന്നതിനും നികുതി പിരിക്കാനുള്ള അധികാരം അനുവദിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നു. ഓരോ അഞ്ചുവർഷത്തിലും സംസ്ഥാന ധനകാര്യ കമ്മീഷൻ രൂപീകരിക്കണമെന്ന വ്യവസ്ഥ 243 ഐ ലും ഓഡിറ്റും അക്കൗണ്ടും സംബന്ധിച്ച് നിയമ നിർമ്മാണത്തിനുള്ള സംസ്ഥാനങ്ങളുടെ അധികാരം 243 ജെ.യിലും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനെ സംബന്ധിച്ച വ്യവസ്ഥ 243 കെ.യിലും ഉൾക്കൊള്ളുന്നു. ചുരുക്കത്തിൽ പഞ്ചായത്തുകളെ യഥാർത്ഥ സ്വയംഭരണ സ്ഥാപനമാക്കാനുള്ള ഭരണഘടനാ പിൻബലമാണ് ഈ വ്യവസ്ഥകൾ.

## കേരളത്തിൽ

ഭരണഘടനാ വ്യവസ്ഥയുടെ തുടർച്ചയായി 1994 ൽ കേരള നിയമസഭ പാസ്സാക്കിയ കേരള പഞ്ചായത്തീരാജ് നിയമം ത്രിതല പഞ്ചായത്തുകളുടെ രൂപീകരണം വ്യവസ്ഥ ചെയ്യുന്നു. അതിന്റെ ഭാഗമായി ഗ്രാമ ബ്ലോക്ക് ജില്ലാതലങ്ങളിൽ ത്രിതല പഞ്ചായത്തീരാജ് സംവിധാനം ആവിഷ്കരിക്കപ്പെടുകയും ചെയ്തു.

ത്രിതലത്തിലുള്ള ഓരോ പഞ്ചായത്തും തനതു വ്യക്തിത്വമുള്ളതാണ്. ഒന്നിനും മറ്റൊന്നിനുമേൽ നിയന്ത്രണമില്ല. എന്നാൽ പ്രവർത്തന മികവ് സാധ്യമാക്കുന്നതിനായി ഇവ തമ്മിലുള്ള ഏകോപനത്തിന് വ്യവസ്ഥകൾ ഉണ്ട് താനും. ത്രിതല പഞ്ചായത്തിലേക്കുമുള്ള പ്രതിനിധികളെ ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്നു.

## ശക്തിപ്പെടുന്ന ജനാധിപത്യ വേദികൾ

ത്രിതല പഞ്ചായത്തുകളുടെ അടിസ്ഥാന ഘടകം ഗ്രാമസഭകളാണ്. ഭരണഘടനാ പിന്തുണയുള്ള ഗ്രാമസഭക്ക് ഒട്ടനവധി അധികാരങ്ങളും ചുമതലകളുമാണ് കേരള പഞ്ചായത്ത് രാജ് നിയമം നൽകിയിട്ടുള്ളത്. ജനാധിപത്യഭരണ സംവിധാനത്തിന്റെ അടിസ്ഥാന ഘടകമാണ് ഗ്രാമസഭകൾ. പഞ്ചായത്തുകളുടെ വികസന പ്രവർത്തനങ്ങളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും വിഭവ സമാഹരണ വിനിയോഗത്തിലും ക്ഷേമ പരിപാടികളുടെ ഏറ്റെടുക്കലിലും ഗ്രാമസഭകളുടെ പങ്ക് വളരെ ഉയർന്നതാണ്. ഒരു വാർഡിലെ വോട്ടവകാശമുള്ള മുഴുവൻ ആളുകളും അടങ്ങിയതാണ് ഒരു വാർഡിലെ ഗ്രാമസഭ. ഓരോ വോട്ടർക്കും തങ്ങളുടെ അഭിപ്രായങ്ങൾ തുറന്നുപറയാനും തീരുമാനമെടുക്കൽ പ്രക്രിയയിൽ നേരിട്ട് പങ്കാളിയാകാനും അവസരം നൽകുന്ന ഗ്രാമസഭകൾ ജനാധിപത്യ സംവിധാനത്തിന്റെ അടിസ്ഥാന ശിലകളാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

## ശാക്തീകരിക്കപ്പെടുന്ന ജനപ്രതിനിധികൾ

ഗ്രാമതല ജനാധിപത്യ വേദികളായ പഞ്ചായത്തുകളിലെ ജനപ്രതിനിധികളുടെ കാര്യപ്രാപ്തി വികസനം പഞ്ചായത്ത് സംവിധാനത്തിന്റെ നിലനിൽപിനും ശാക്തീകരണത്തിനും അനിവാര്യമാണ്. കഴിഞ്ഞ 15 വർഷത്തെ പ്രവർത്തനം പരിശോധിക്കുമ്പോൾ കേരളത്തിലെ ജനപ്രതിനിധികൾ തങ്ങളുടെ മേഖലയിലെ പ്രവർത്തനം ഏറ്റെടുക്കുന്നതിൽ ഒട്ടേറെ മുന്നോട്ട്പോയിട്ടുണ്ടെന്ന് വ്യക്തമാണ്.

ജനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ പരിഹരിക്കുന്നതിലും വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിലും കേരളത്തിലെ ജനപ്രതിനിധികൾ മാതൃകകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. പഞ്ചായത്തുകളുടെ പ്രവർത്തന മികവ് ലോകത്തിന് മുമ്പിൽ തുറന്നുകാട്ടിയ ഗ്രീൻകേരള എക്സ്

www.malankaralibrary.com

പ്രസ് റിയാലിറ്റി ഷോ കാണിച്ചുതന്ന വികസന മാതൃകകൾ ആരിലും വിസ്മയമുളവാക്കുന്നവയാണ്. ഇന്ന് രാജ്യം നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്നായ ഭക്ഷ്യ സുരക്ഷ എന്നത് ഒരു മരീചികയല്ലെന്നും അത് സാധ്യമാണെന്നും കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നമുക്ക് കാണിച്ചു തന്നിരിക്കയാണ്.

## വർദ്ധിച്ച അധികാരവും ചുമതലയും

പഞ്ചായത്തുകളുടെ അധികാരവും ചുമതലയും ഇന്ന് സർവ്വതല സ്പർശിയായി വളർന്നിരിക്കുന്നു. വെറും അധികാര ചുമതലകൾ മാത്രമല്ല അവ വിനിയോഗിക്കാനുള്ള ഫണ്ടും ജീവനക്കാരേയും പഞ്ചായത്തുകൾക്ക് കൈമാറി അവയെ പ്രാദേശിക സർക്കാരുകളുടെ തലത്തിലേക്ക് ഉയർത്താനുള്ള ശ്രമങ്ങൾ ഫലപ്രാപ്തിയിലേക്ക് നീങ്ങുകയാണ്. ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായ കേരളത്തിലാണ് പഞ്ചായത്തുകൾക്ക് ഇത്രയധികം അധികാര ചുമതലകളും നിർവ്വഹണ സംവിധാനങ്ങളും നൽകിയിട്ടുള്ളത്. കേവലം പൗരധർമ്മം (Civil Duties) നിർവ്വഹിക്കാനുള്ള വേദികളല്ല പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെന്നും അവ ഓരോ പൗരന്റേയും ജനനം മുതൽ മരണം വരെയുള്ള ജീവിത ചക്രത്തിന്റെ ഓരോ ഘട്ടത്തിലും ഇടപെടുന്ന വ്യക്തിത്വങ്ങളാവേണ്ടതാണെന്നും മറ്റ് സംസ്ഥാനങ്ങൾക്ക് കേരളം മാതൃക കാട്ടുന്നു.

## സ്ത്രീ ശാക്തീകരണത്തിന്റെ മഹനീയ മാതൃക

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട സ്ത്രീകൾക്ക് 33% സംവരണം കേരള പഞ്ചായത്തീരാജ് നിയമം വ്യവസ്ഥ ചെയ്തിരുന്നു. ജനസംഖ്യയിൽ ഭൂരിപക്ഷമുള്ള സ്ത്രീജനങ്ങളുടെ ശാക്തീകരണം സമൂഹത്തിന്റേയും രാജ്യത്തിന്റെ തന്നേയും ശാക്തീകരണമാണ് എന്ന തിരിച്ചറിവാണ് ഇത്തരത്തിലുള്ള വ്യവസ്ഥ നിയമത്തിൽ ഉൾപ്പെടുത്താൻ പ്രചോദനമായിട്ടുള്ളത്. ഈ സംവരണത്തിന്റെ ഭാഗമായി ഒട്ടേറെ സ്ത്രീകൾ സമൂഹത്തിന്റെ മുഖ്യധാരയിൽ തീരുമാനമെടുക്കൽ വേദികളിൽ, ഭരണനിർവ്വഹണ പ്രക്രിയയിൽ സജീവമായി ഇടപെട്ടിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമത്തിനു 2009 ൽ വരുത്തിയ ഭേദഗതി സംവരണ ശതമാനം 33 ൽ നിന്നും 50 ആയി വർദ്ധിപ്പിച്ചിരിക്കുകയാണ്. പ്രാദേശിക ഭരണ സംവിധാനത്തിൽ സ്ത്രീ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനും സ്ത്രീ ശാക്തീകരണത്തിനും ലിംഗനീതി (Gender Equity) ഉറപ്പ് വരുത്തുന്നതിനുമുള്ള മഹനീയ മാതൃകയാണ് ഈ ശ്രമം എന്നത് അവിതർക്കിതമാണ്.

> **അധികാര ചുമതലകൾ മാത്രമല്ല അവ വിനിയോഗിക്കാനുള്ള ഫണ്ടും ജീവനക്കാരേയും പഞ്ചായത്തുകൾക്ക് കൈമാറി അവയെ പ്രാദേശിക സർക്കാരുകളുടെ തലത്തിലേക്ക് ഉയർത്താനുള്ള ശ്രമങ്ങൾ ഫലപ്രാപ്തിയിലേക്ക് നീങ്ങുകയാണ്.**

## നിയന്ത്രണ മേൽനോട്ട സംവിധാനങ്ങൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ നിയന്ത്രണ – മേൽനോട്ട സംവിധാനമെന്ന നിലയിൽ ജുഡീഷ്യൽ അധികാരങ്ങളോടുകൂടിയ ഓംബുഡ്സ്മാൻ, ട്രൈബ്യൂണൽ എന്നിവ കേരള പഞ്ചായത്തീരാജ് നിയമനം വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തുകളുടേയും അതിന്റെ ജീവനക്കാരുടേയും പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ദുർഭരണം, അഴിമതി, പക്ഷപാതിത്വം തുടങ്ങി ജനവിരുദ്ധ പ്രവൃത്തികൾ തടയുന്നതിനും നിരവധി അധികാരങ്ങൾ ഓംബുഡ്സ്മാന്മാർക്ക് നൽകിയിട്ടുണ്ട്. ഹൈക്കോടതിയിൽ സേവനമനുഷ്ഠിച്ചിട്ടുള്ള ജഡ്ജിയെയാണ് ഓംബുഡ്സ്മാനായി നിയമിക്കുന്നത്. ഏതൊരു പൗരനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെയുള്ള പരാതി, സാധാരണ കോടതികളുടെ നടപടിക്രമങ്ങൾ ഇല്ലാതെ, ഫീസ് അടക്കാതെ സമർപ്പിക്കാവുന്നതാണ്. പരാതിയിൽ എത്രയും പെട്ടെന്ന് തീർപ്പാക്കാനുള്ള വ്യവസ്ഥകളും നിയമത്തിൽ അടങ്ങിയിരിക്കണം.

പഞ്ചായത്തിന്റെ തീരുമാനങ്ങൾക്കെതിരെ അപ്പീൽ സമർപ്പിക്കാനുള്ള വേദിയാണ് ട്രൈബ്യൂണൽ. നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള 24 കാര്യങ്ങളിൽ അപ്പീലോ റിവിഷനോ സമർപ്പിക്കാവുന്നതാണ്.

ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന സ്വത

www.malankaralibrary.com

ന്ത്ര ജുഡീഷ്യൽ സംവിധാനത്തിനും പുറമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു മാത്രമായുള്ള ഈ സംവിധാനങ്ങൾ ജനപക്ഷ നിയമത്തിന്റെ മറ്റൊരു മാതൃകാഘടകമാണ്.

## പ്രതിബന്ധങ്ങൾ

ജനാധിപത്യ സംവിധാനത്തിലെ ഈ മാറ്റങ്ങൾ കാണാൻ കഴിയാത്തവരോ ഉൾക്കൊള്ളാൻ കഴിയാത്തവരോ ആയി മാറി നിൽക്കുന്ന ഒരു വിഭാഗം ഉദ്യോഗസ്ഥരും രാഷ്ട്രീയ നേതൃത്വവും ഇപ്പോഴുമുണ്ട്. 'അധികാരത്തിനൊപ്പം അഴിമതിയും വീകേന്ദ്രീരിക്കപ്പെട്ടു', 'താഴെത്തട്ടിലുള്ള ജനപ്രതിനിധികൾ വേണ്ടത്ര കാര്യപ്രാപ്തി ഉള്ളവരല്ല' എന്ന് കരുതുന്നവരും 'അധികാരം എന്നിൽവരെ' എന്ന് ചിന്തിക്കുന്നവരുമാണ് ഇവരിലെ പ്രബല വിഭാഗം.

കേന്ദ്രീകൃത ഭരണ സംവിധാനത്തിൽ ഉണ്ടായിരുന്ന അഴിമതിയുടെ വളരെ ചെറിയൊരംശം മാത്രമാണ് വികേന്ദ്രീകൃത ഭരണ സംവിധാനത്തിൽ ഉള്ളതെന്നും പഞ്ചായത്ത് രാജ് സംവിധാനത്തിലെ ജനപ്രതിനിധികൾ കാര്യപ്രാപ്തിയിൽ ഒട്ടേറെ മുന്നിലാണെന്നതിന്റെ നിരവധി മാതൃകകൾ നിരത്തിയും ജാഗരൂകമായ പ്രതിരോധ പ്രവർത്തനങ്ങളിലൂടെയും ഈ പ്രതിബന്ധങ്ങൾ മറികടക്കേണ്ടതായിട്ടുണ്ട്.

## വെല്ലുവിളികൾ

അഴിമതി, അത് എത്ര ചെറിയ അളവിലുള്ളതാണെങ്കിലും തുടച്ച് നീക്കേണ്ടതുതന്നെയാണ്. അഴിമതിഗ്രസ്തമായ ഒരു വ്യവസ്ഥിതിയുടെ ഭാഗമായി പ്രവർത്തിക്കുന്നതിനാൽ, അഴിമതിയുടെ സൂചനകൾ പഞ്ചായത്ത് ജനപ്രതിനിധി –ഉദ്യോഗസ്ഥ തലത്തിൽ നിന്നും ഉയർന്നുവരുന്നുണ്ട്. പ്രാദേശിക ഭരണസംവിധാനത്തിൽ ജനങ്ങൾക്കുള്ള വിശ്വാസം നഷ്ടപ്പെടുത്തുന്ന ഈ പ്രവണത തടയപ്പെടേണ്ടതുതന്നെയാണ്. ജനങ്ങളുടെ ജാഗ്രവത്തായ പ്രവർത്തനങ്ങൾ വഴി ഇതു സാധ്യമാക്കാവുന്നതേയുള്ളൂ. ഗ്രാമസഭകളേയും സോഷ്യൽ ഓഡിറ്റ് സംവിധാനങ്ങളേയും ഇതിനായി ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

പ്രാദേശിക ഭരണസംവിധാനത്തിന്റെ അടിസ്ഥാന ഘടകമായ ഗ്രാമസഭകളുടെ പ്രവർത്തനം ഒട്ടും ആശാവഹമല്ല. പങ്കാളിത്തക്കുറവ്, ഗൗരവതരമായ ചർച്ചകളുടെ അഭാവം തുടങ്ങിയ പോരായ്മകൾ അടിയന്തിരമായി പരിഹരിക്കേണ്ടവയാണ്. പൂർണ്ണമായ പങ്കാളിത്തവും കാര്യക്ഷമമായ ചർച്ചയും, ശരിയായ തീരുമാനമെടുക്കൽ പ്രക്രിയയും ഗ്രാമസഭകളുടെ മാത്രമല്ല പ്രാദേശിക ഭരണസംവിധാനത്തിന്റെ തന്നെ ശാക്തീകരണത്തിന് അനിവാര്യമാണ്.

വികസന പദ്ധതികളുടെ ഗുണമേന്മ ഒട്ടേറെ മെച്ചപ്പെടുത്തേണ്ടതുണ്ട്. മെമ്പർ കേന്ദ്രീകൃത പദ്ധതി രൂപീകരണം മാറി പൗരകേന്ദ്രീകൃത പദ്ധതി രൂപീകരണം ഉറപ്പുവരുത്തേണ്ടതുണ്ട്. ഗ്രാമസഭകൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തിയും ജനപ്രതിനിധികളുടെ വർദ്ധിച്ച കാര്യപ്രാപ്തി വികസനം സാധ്യമാക്കിയും ഇവ പ്രാവർത്തികമാക്കാവുന്നതാണ്. പദ്ധതികളുടെ നിർവ്വഹണത്തിലും ജനകീയ സംവിധാനങ്ങളുടെ ഫലപ്രദമായ ഇടപെടൽ സാധ്യമാക്കണം. ചെലവഴിക്കപ്പെടുന്ന ഓരോ രൂപയും പൂർണ്ണ ഫലപ്രാപ്തിയിലെത്തുന്നു എന്ന് ഉറപ്പ് വരുത്തേണ്ടത് ഓരോ പൗരന്റേയും ധർമ്മമായി നാം ഏറ്റെടുക്കേണ്ടതുണ്ട്. കാർഷിക മേഖലയിലെ പഞ്ചായത്തുകളുടെ പ്രവർത്തനം ഇനിയും ഒട്ടേറെ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്.

പ്രാദേശിക വിഭവ സമാഹരണത്തിൽ കേരളത്തിലെ പഞ്ചായത്തുകൾ ഇനിയും ഒട്ടേറെ മുന്നോട്ട് പോകാനുണ്ട്. ലഭ്യമായതും സാധ്യമായതുമായ എല്ലാ വിഭവ സ്രോതസ്സുകളും ഉപയോഗപ്പെടുത്താൻ പഞ്ചായത്തുകൾക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. കെട്ടിടനികുതി (വസ്തു നികുതി) വിനോദ നികുതി, പരസ്യ നികുതി തുടങ്ങിയ നികുതികളും മറ്റ് വരുമാന സാധ്യതകളും പൂർണ്ണമായും ഉപയോഗപ്പെടുത്തി സർക്കാരിന്റെ ഗ്രാന്റിനെമാത്രം ആശ്രയിക്കാതെ പ്രാദേശിക വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ പഞ്ചായത്തുകൾക്ക് കഴിയേണ്ടതുണ്ട്.

## പ്രതീക്ഷകൾ

യഥാർത്ഥ പ്രാദേശിക സർക്കാരുകളുടെ തലത്തിലേക്ക് വളരാൻ നമ്മുടെ പഞ്ചായത്തുകൾ ഇനിയും ഒട്ടേറെ മുന്നോട്ടുപോകേണ്ടതുണ്ട്. കഴിഞ്ഞകാല അനുഭവങ്ങൾ നമുക്ക് നൽകുന്നത് ശുഭസൂചനകളാണെന്ന കാര്യത്തിൽ തർക്കമില്ല. പ്രതിബന്ധങ്ങളെ നേരിട്ടും വെല്ലുവിളികളെ അതിജീവിച്ചും കേരളത്തിലെ പഞ്ചായത്തുകൾ പ്രാദേശിക സർക്കാരുകളായി പൂർണ്ണതയിലെത്തുന്ന കാലം അതി വിദൂരമല്ല. ■

www.malankaralibrary.com



# ഗാന്ധിജിയുടെ സ്വരാജ്

എ. വി. ജോസഫ്
*അസി. പ്രൊഫസർ, സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡവലപ്പ്മെന്റ് സ്റ്റഡീസ്*

എന്തായിരുന്നു ഗാന്ധിജി വിഭാവനം ചെയ്ത സ്വരാജ്? സ്വരാജിനുള്ള മാർഗ്ഗവും അതിന്റെ ഇന്നത്തെ പ്രസക്തിയും വിശകലനം ചെയ്യുകയാണിവിടെ. ജനാധിപത്യത്തിന്റെ വികേന്ദ്രീകരണം ലക്ഷ്യമാക്കുന്ന പഞ്ചായത്ത് രാജുമായി ഇതിനുള്ള ബന്ധം എന്താണ്?

ഗാന്ധിജിയുടെ 'സ്വരാജ്' എന്ന ആശയവും അതിന്റെ സമകാലിക പ്രസക്തിയും മനസ്സിലാക്കണമെങ്കിൽ യൂറോപ്പിൽ നവോത്ഥാനത്തിനു ശേഷം ഉണ്ടായ വ്യവസായ വിപ്ലവവും അതിനെ തുടർന്നുണ്ടായ സാമ്പത്തിക വികസനവും പഠിക്കേണ്ടിയിരിക്കുന്നു.

## പശ്ചാത്തലം

1909–ൽ ലണ്ടനിൽ നിന്നും ദക്ഷിണാഫ്രിക്കയിലേയ്ക്കുള്ള കപ്പൽ യാത്രാമധ്യേ ഗാന്ധി രചിച്ച 'ഹിന്ദ്സ്വരാജ്' അല്ലെങ്കിൽ 'ഇൻഡ്യൻ ഹോം റൂൾ' എന്ന പുസ്തകത്തിലാണ് 'സ്വരാജ്' എന്ന ആശയം അവതരിപ്പിച്ചത്. ഈ പുസ്തകത്തിൽ ഇംഗ്ലണ്ടിലെ വ്യവസായവത്ക്കരണത്തേയും സാമ്പത്തിക വികസനത്തെയും ആധുനികവത്ക്കരണത്തെയും സൂചിപ്പിക്കുവാൻ ഗാന്ധി മറ്റുള്ളവരെപ്പോലെ തന്നെ 'പരിഷ്ക്കാരം' എന്ന പദമാണ് ഉപയോഗിച്ചത്.

ഈ പരിഷ്ക്കാരത്തെ ഹിന്ദ്സ്വരാജിൽ ഗാന്ധി ശക്തമായി വിമർശിച്ചിരിക്കുന്നു. കാരണം ഇതിന്റെ അടിസ്ഥാന മൂല്യസങ്കല്പം ശരീരസൗഖ്യമാണ് മനുഷ്യജീവിതത്തിന്റെ പരമോന്നത ലക്ഷ്യം എന്നതാണ്. ഗാന്ധിയുടെ അഭിപ്രായത്തിൽ പരിഷ്ക്കാരമെന്ന ഈ ദുർഭൂതത്തെ ഒഴിവാക്കേണ്ടതാണ്. ഇംഗ്ലീഷ്കാരിൽ നിന്നും രാഷ്ട്രീയസ്വാതന്ത്ര്യം നേടിയതിനുശേഷം ഈ തരത്തിലുള്ള പരിഷ്ക്കാരമാണ് ഇന്ത്യയിൽ നടപ്പിലാക്കുന്നതെങ്കിൽ ഇൻഡ്യ സ്വരാജ് നേടിയെടുത്തതായി കണക്കാക്കാൻ പറ്റില്ലെന്ന് ഗാന്ധി വിശ്വസിച്ചു.

## വർത്തമാനകാലത്തിന്റെ ദുരവസ്ഥ

മേൽ സൂചിപ്പിച്ചതുപോലെ വ്യവസായ വിപ്ലവത്തിന്റെ/ആധുനികവത്ക്കരണത്തിന്റെ കാതൽ മനുഷ്യന്റെ ആവശ്യങ്ങൾ പരിധിയില്ലാതെ വർദ്ധിപ്പിക്കുകയും അവ നിവർത്തിക്കുന്നതിനായി ഏതു മാർഗ്ഗവും സ്വീകരിക്കാനവരെ പ്രേരിപ്പിക്കുകയും ചെയ്യുക എന്നതാണ്. ഈ ആർത്തീപൂരണത്തിനായി ഇന്ന് മനുഷ്യൻ അവൻ വസിക്കുന്ന ഭൂമിയേയും അതിലെ എല്ലാ ജീവജാലങ്ങളേയും, മറ്റു വിഭവങ്ങളേയും, എന്തിനേറെ സ്വന്തം സഹോദരങ്ങളെ തന്നെയും ഉപയോഗിക്കാൻ തയ്യാറാകുന്നു.

നമ്മൾ പിന്തുടരുന്ന സാമ്പത്തിക വികസനവും അതിനു സഹായിച്ച ശാസ് ത്രസാങ്കേതിക വിദ്യകളും കൂടി മനുഷ്യനും മറ്റു ജീവികൾക്കും വരുത്തിവച്ച

www.malankaralibrary.com



പരിക്കുകൾ നമ്മൾ നേടിയ നേട്ടങ്ങളുമായി തുലനം ചെയ്യുമ്പോൾ എന്താണ് കാണുന്നത്?

- മനുഷ്യനൊഴികെയുള്ള ജീവികൾ വംശനാശം നേരിട്ടുകൊണ്ടിരിക്കുന്നു.
- അസംസ്കൃത വിഭവങ്ങളുടെ സ്രോതസ്സ് ക്ഷയിച്ചുകൊണ്ടിരിക്കുന്നു.
- പ്രകൃതിയുടെ സന്തുതിലിതാവസ്ഥ തകർന്നുകൊണ്ടിരിക്കുന്നു.
- ജലാശയങ്ങൾ വിഷലിപ്തമായിക്കൊണ്ടിരിക്കുന്നു.
- അന്തരീക്ഷത്തിലെ ഉയർന്ന കാർബൺ മലിനീകരണം മൂലം നീണ്ടുനില്ക്കുന്ന കാലാവസ്ഥാ വ്യതിയാനങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു.

ഈ തരത്തിലുള്ള സാമ്പത്തിക വികസനം - ആധുനികവത്ക്കരണം ഭൂമിക്കു താങ്ങുവാൻ സാധിക്കുന്നതിലും അപ്പുറമാണ് എന്ന് തെളിയുകയാണ്.

## സ്വരാജും ആത്മസാക്ഷാത്ക്കാരവും

ഗാന്ധിജിയുടെ ആശയമായ സ്വരാജിനെ മനസ്സിലാക്കാനും അതിന്റെ സമകാലിക പ്രസക്തി വിലയിരുത്താനുമുള്ള ഈ ശ്രമം പൂർണ്ണമാകണമെങ്കിൽ അദ്ദേഹത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ പ്രചോദന ഉറവിടവും ലക്ഷ്യവും മനസ്സിലാക്കേണ്ടിയിരിക്കുന്നു.

1925 നവം. 26 നു ഗാന്ധി 'ആത്മകഥ'യുടെ ആമുഖത്തിൽ ഇങ്ങനെ എഴുതുന്നു: "എനിക്കു നേടേണ്ടത് ആത്മസാക്ഷാത്ക്കാരം, ഈശ്വരനെ നേരിട്ടുകാണുക, മോക്ഷം പ്രാപിക്കുക എന്നതാണ്. ഇക്കഴിഞ്ഞ 30 വർഷമായി ഞാൻ തീവ്രമായി ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത് അതിനു വേണ്ടിയാണ്. ഞാൻ ജീവിക്കുന്നതും, ചലിക്കുന്നതും, നിലനില്ക്കുന്നതും ഈ ലക്ഷ്യം പ്രാപിക്കാനാണ്. എന്റെ എഴുത്തും, പ്രസംഗവും, രാഷ്ട്രീയരംഗത്തെ പ്രവർത്തനങ്ങളുമെല്ലാം ഇതേ ഉദ്ദേശ്യം മുൻനിർത്തിയാണ്. ഈ ആത്മസാക്ഷാത്ക്കാരത്തിനു

www.malankaralibrary.com

വേണ്ടത് യഥാർത്ഥവും സ്ഥായിയുമായ മനഃശുദ്ധിയാണെന്നദ്ദേഹം വിശ്വസിച്ചു. നിരന്തരമായ കർമ്മത്തിൽ കൂടിയെ അതു നേടാനാകൂ.

## ഈശ്വരനിലേക്കുള്ള വളർച്ച

ഗാന്ധിയുടെ മതത്തെ മനസ്സിലാക്കാൻ വേണ്ടി അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധിക്കാം. "സത്യവും അഹിംസയും - വിശാലമായ അർത്ഥത്തിൽ സ്നേഹം- ആണ് എന്നെ എന്റെ മതത്തിലേയ്ക്കു നയിക്കുന്നത്. ഈയിടെയായി ഈശ്വരനാണ് സത്യം എന്നു പറയുന്നതിനു പകരം സത്യമാണ് ഈശ്വരൻ എന്നു ഞാൻ പറയുന്നു. എന്റെ മതത്തെ നിർവ്വചിക്കാൻ വേണ്ടിയാണ് ഇങ്ങനെ പറയുന്നത്. നാമെല്ലാം സത്യത്തിന്റെ തീപ്പൊരികളാണ്. ഈ തീപ്പൊരികളുടെ ആകെത്തുകയാണ് അവർണനീയവും അജ്ഞാതവുമായ സത്യം. ഇങ്ങനെയുള്ള മതത്തോട് ആത്മാർത്ഥത പുലർത്തണമെങ്കിൽ എല്ലാ ജീവികളേയും നാം നിരന്തരമായി സേവിക്കണം. ആ സേവനത്തിൽ നാം ഇല്ലാതാകണം (എം. കെ. ഗാന്ധി–My religion 57–58).

> ഒരുവൻ അവനവനെ ത്തന്നെ ഭരിക്കുവാൻ പഠിക്കുമ്പോൾ, സ്വയം ഭരിക്കുമ്പോൾ സ്വയംഭരണം, സ്വരാജ് ആയി.

ഇങ്ങനെ നമ്മുടെ ചുറ്റുപാടുമുള്ള എല്ലാ ജീവികളേയും സേവിച്ചുകൊണ്ട് നാം സ്വയം ഇല്ലാതാവുമ്പോൾ ഉണ്ടാകുന്ന അനുഭൂതിയാണ് ഗാന്ധി ജീവിതലക്ഷ്യമായി പറഞ്ഞ ആത്മസാക്ഷാത്ക്കാരം. അതായത് "ഈശ്വരന്റെ മനുഷ്യത്വത്തിലുള്ള 'താഴ്ച'യേക്കാൾ മനുഷ്യന്റെ ഈശ്വരത്വത്തിലേയ്ക്കുള്ള 'ഉയർച്ച'യിൽ അദ്ദേഹം വിശ്വസിച്ചു" (രവീന്ദ്രവർമ്മ, സത്യഗ്രഹത്തിന്റെ ആദ്ധ്യാത്മികാടിസ്ഥാനം P.66). ഈ ജീവിതവീക്ഷണത്തിന്റെ അടിത്തറയിൽ നിന്നാണ് തന്റെ സ്വരാജ് അടക്കമുള്ള എല്ലാ ആശയങ്ങളും വികസിപ്പിച്ചെടുത്തത്. മനുഷ്യന്റെ/സമൂഹത്തിന്റെ ഇത്തരത്തിലുള്ള ഈശ്വരത്വത്തിലേയ്ക്കുള്ള ഉയർച്ചയാണ് യഥാർത്ഥ വളർച്ച, അല്ലെങ്കിൽ യഥാർത്ഥ പരിഷ്ക്കാരം.

നമ്മുടെ വികാര വിചാരങ്ങൾക്കുമേൽ പൂർണ്ണ നിയന്ത്രണം തേടലാണ് സന്മാർഗ്ഗാചരണം. നാം നമ്മെ അറിയുന്നതപ്പോഴാണ്" (ഹിന്ദ് സ്വരാജ് 35). ഇങ്ങനെയുള്ള സ്വയം അറിയലാണ് സ്വയംഭരണം എന്നു വേണമെങ്കിൽ പറയാം. ആത്മീയതയാണ് അതിന്റെ ഊർജ്ജം. ഇത്തരത്തിലുള്ള സന്മാർഗ്ഗാചരണവും ആത്മീയ ഊർജ്ജവുമില്ലാത്ത വ്യക്തികളാൽ നിയന്ത്രിക്കപ്പെടുന്ന പാർലമെന്റിനോ ആധുനിക ശാസ്ത്രത്തിനോ സാങ്കേതിക വിദ്യയ്ക്കോ പഞ്ചായത്തുകൾക്കോ സ്വരാജിലേയ്ക്ക് എത്തുവാനോ എത്തിക്കുവാനോ സാധിക്കുകയില്ല.

സ്വയം നിയന്ത്രണത്തിലൂടെ നമ്മുടെ ആവശ്യങ്ങളെ പരിമിതപ്പെടുത്തിക്കൊണ്ട് നമ്മുടെ ചുറ്റുപാടുകളുമായി താരതമ്യേന അഹിംസയിലധിഷ്ഠിതമായ ഒരു ബന്ധം സ്ഥാപിക്കുകയും ഗുണപരമായ ഉയർന്ന ഒരു ജീവിതത്തിലേയ്ക്ക് നയിക്കപ്പെടുകയും ചെയ്യുന്നതിനെ സ്വരാജിന്റെ ഭാഗമായി കാണാം.


## സ്വരാജ് എന്ന സ്വയംഭരണം

സ്വയംഭരണം/ സ്വരാജിലേയ്ക്കുള്ള വഴികളിൽ ഒന്നാണ് നിരന്തരമായ ആത്മപരിശോധന പ്രക്രിയയും പ്രതിരോധവും നിർമ്മാണവും അടങ്ങിയിരിക്കുന്ന സഹനസമരം/സത്യഗ്രഹം.

സ്വരാജിലേക്കുള്ള അടുത്തമാർഗ്ഗം സ്വദേശിയുടെ പരിപാലനത്തിലൂടെയാണ്. നമ്മുടെ ഏറ്റവും അടുത്തു ചുറ്റുപാടുകളെ ആശ്രയിക്കുവാനും ദൂരെ നിന്നുള്ളവയെ ഒഴിവാക്കുവാനും നമ്മളിൽ സഹജമായിട്ടുള്ള ആത്മശക്തിയെയാണ് സ്വദേശി എന്ന പദം കൊണ്ട് ഗാന്ധി അർത്ഥമാക്കിയത്.

ഗാന്ധിജിയുടെ വാക്കുകളിൽ സ്വരാജ് എന്നാൽ, "ഒരുവൻ അവനവനെത്തന്നെ ഭരിക്കുവാൻ പഠിക്കുമ്പോൾ, സ്വയം ഭരിക്കുമ്പോൾ സ്വയം ഭരണം, സ്വരാജ് ആയി. അതിനാൽ സ്വരാജ് നമ്മുടെ ഉള്ളംകൈയ്യിൽ തന്നെയുണ്ട്. നാം അത് നേടികഴിഞ്ഞാൽ അന്യർക്കത് നേടാനുള്ള പ്രേരണ ജീവിതാന്ത്യംവരെ നല്കിക്കൊണ്ടിരിക്കണം. അടിമകളായ നമുക്കെങ്ങനെ അന്യരെ സ്വതന്ത്രരാക്കാനൊക്കും?" സത്യാഗ്രഹവും സ്വദേശി

www.malankaralibrary.com



യും ജീവിത രീതിയാക്കി മാറ്റി അവനവനെത്തന്നെ ഭരിക്കുവാൻ സാധിക്കാതെ വന്ന സ്വതന്ത്ര്യാനന്തര ഭാരതത്തിലെ നമ്മൾ ഇംഗ്ലീഷുകാരെ പുറത്താക്കിയെങ്കിലും ഇംഗ്ലീഷ് രീതികൾ അവരെക്കാൾ ശക്തമായി നടപ്പാക്കിയതിനാൽ സ്വരാജിൽ നിന്ന് അകന്നുപോയിരിക്കുന്നു.

## വികേന്ദ്രീകരണം

ഗാന്ധി വിഭാവനം ചെയ്ത സ്വരാജിൽ പൂർണ്ണമായ രാഷ്ട്രീയ സാമ്പത്തിക വികേന്ദ്രീകരണം ഉൾപ്പെടുന്നു. ഇത്തരത്തിലുള്ള വികേന്ദ്രീകരണം മുകളിൽ നിന്നും താഴേക്കല്ല, മറിച്ച് താഴെതട്ടിൽ നിന്നുമാണ് ആരംഭിക്കേണ്ടത്.

ഓരോ ഗ്രാമവും പൂർണ്ണമായ അധികാരങ്ങളോടു കൂടിയ ഒരു റിപ്പബ്ലിക്കോ പഞ്ചായത്തോ ആകണം. പരമാവധി മേഖലകളിൽ സ്വയംപര്യാപ്തത നേടിയ പഞ്ചായത്തുകൾക്കേ സ്വയം ഭരണം സാധ്യമാകൂ.

## ദരിദ്രന്റെ സ്വരാജ്

സ്വരാജിനെക്കുറിച്ച് മറ്റൊരവസരത്തിൽ ഗാന്ധി പറഞ്ഞത് "അത് വിദേശ നിയന്ത്രണത്തിൽ നിന്നുള്ള പരിപൂർണ്ണമായ സ്വാതന്ത്ര്യവും, പരിപൂർണ്ണമായ സാമ്പത്തിക സ്വാതന്ത്ര്യവുമാണ്" (ഹരിജൻ 2.1.37). "എന്റെ സ്വപ്നത്തിലുള്ള സ്വരാജ് ദരിദ്രന്റെ സ്വരാജാണ്. ജീവിതാവശ്യങ്ങളെല്ലാം രാജകുമാരനും ധനികനും അനുഭവിക്കുന്നതോടൊപ്പം ദരിദ്രനും ലഭിക്കണം... ധനവാനു ലഭിക്കുന്ന എല്ലാ സാധാരണ ജീവിത സൗകര്യങ്ങളും അവർക്കും ലഭിച്ചേതീരൂ. ആ സൗകര്യങ്ങൾ വാഗ്ദത്തം ചെയ്യാത്തിടത്തോളം സ്വരാജ് പൂർണ്ണ സ്വരാജ് ആകുകയില്ലെന്ന കാര്യത്തിൽ എനിക്ക് സംശയമില്ല" (യംഗ് ഇൻഡ്യ 26.3-31).

അധഃകൃതരെന്നും അസ്പർശ്യരെന്നും മുദ്രയടിച്ച് ഹിന്ദു സമുദായം മാറ്റിനിർത്തിയ ജനവിഭാഗങ്ങളെ മറ്റുള്ളവർക്കൊപ്പം അവകാശങ്ങൾക്ക് അർഹരാക്കുക എന്നുള്ളത് സ്വരാജിലേയ്ക്കുള്ള മുൻ ഉപാധിയാണ്.

## സ്വരാജിന്റെ മാർഗ്ഗം

സ്വരാജ് നേടിയെടുക്കുന്നതിലും നിലനിർത്തുന്നതിലും ഉള്ള മാർഗ്ഗം അതിന്റെ ലക്ഷ്യം പോലെ തന്നെ ശുദ്ധമായിരിക്കണം. ഗാന്ധിയെ സംബന്ധിച്ചിടത്തോളം മാർഗ്ഗം വിത്താണെങ്കിൽ ലക്ഷ്യം മരമാണ്. വിത്തും മരവും തമ്മിൽ ഭേദിക്കാനാവാത്ത ബന്ധം പോലെയാണ് ലക്ഷ്യ-മാർഗ്ഗങ്ങൾ തമ്മിലുള്ളത്.

ഗാന്ധി വിഭാവനം ചെയ്ത സ്വരാജ് നിലനില്ക്കുന്നത് ആയുധശക്തിയെക്കാൾ പതിന്മടങ്ങ് ശക്തിയുള്ള സ്നേഹത്തിലും കാരുണ്യത്തിലുമാണ്. "നമ്മുടെ സംസ്ക്കാരവും പാരമ്പര്യവും സ്വരാജ് സങ്കല്പവും ആവശ്യങ്ങൾ ഇരട്ടിപ്പിക്കുന്നതിലോ അവ കൈയ്യടക്കുന്നതിലോ അല്ല, മറിച്ച് ആവശ്യങ്ങളെ നിയന്ത്രിക്കുന്നതിലും സ്വയം നിരാകരിക്കുന്നതിലുമാണ് ഊന്നൽ നല്കുന്നത്" (യംഗ് ഇന്ത്യ 6 Oct 1921).

മനുഷ്യരാശി സ്വരാജിന്റെ എതിർദിശയിലാണ് ജീവിച്ചതും ചിന്തിച്ചതും. അതിന്റെ ഫലമായി മനുഷ്യരാശി ഇന്ന് അവന്റെ തന്നെയും മറ്റു ജീവജാലങ്ങളുടെയും ജീവന്റേയും തന്നെ നിലനില്പിനെ ചോദ്യം ചെയ്യുന്ന അവസ്ഥയിൽ എത്തിനില്ക്കുകയാണ്.

നമ്മൾ തുടർന്നുകൊണ്ടുപോരുന്ന ഭൗതികതയിലടിസ്ഥാനപ്പെടുത്തിയ സാമൂഹ്യ സാമ്പത്തിക നിർമ്മാണ പ്രക്രിയ ഈ തരത്തിൽ മുന്നോട്ടു പോകുവാൻ സാധിക്കുകയില്ല എന്നു തെളിഞ്ഞുകൊണ്ടിരിക്കുന്നു. നമ്മൾ ജീവിക്കുന്ന ഈ ഭൂമിയും, ഭൂമിയിലെ മറ്റു ജീവജാലങ്ങളും മനുഷ്യൻ തന്നെയും നിലനില്ക്കണമെങ്കിൽ സ്വരാജിന്റെ മാർഗ്ഗത്തിലേയ്ക്ക് മനുഷ്യൻ തിരിയേണ്ടിയിരിക്കുന്നു. ■

www.malankaralibrary.com



# കെ. ഇ. എന്നിന്റെ തീവ്രവാദം

ഡോ. സിപ്രിയൻ ഇല്ലിക്കമുറി OFM Cap
*ദൈവശാസ്ത്രജ്ഞൻ, കപ്പൂച്ചിൻ സെമിനാരി, തെള്ളകം*

വന്ദിക്കുന്നതുപോലെ മതത്തെ നിന്ദിക്കാനും അവകാശമുണ്ട് എന്ന് കെ.ഇ.എൻ അഭിപ്രായപ്പെട്ടു. കെ.ഇ.എന്നിന്റെ വാദമുഖങ്ങളിലേക്കുള്ള വിമർശനാത്മകമായ ഒരന്വേഷണം.

തീവ്രവാദങ്ങൾ ഇന്ന് ലോകത്തിൽ ഒരു വലിയ വിപത്തായിത്തീർന്നിരിക്കുകയാണ്. ആഗോളതലത്തിലും ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിലും പിടിമുറുക്കിവന്ന ഈ പ്രതിഭാസം ദൈവത്തിന്റെ നാടെന്നറിയപ്പെടുന്ന നമ്മുടെ കൊച്ചു കേരളത്തിലും ഇന്ന് അഴിഞ്ഞാടാൻ തുടങ്ങിയിരിക്കുന്നു. അതിന്റെ പ്രകടനങ്ങളാണല്ലോ പലേടത്തും നടന്ന ബോംബ് സ്ഫോടനങ്ങളും കൈവെട്ടുകേസ്സുമൊക്കെ. മതത്തിന്റേയും ജാതിയുടേയും പാർട്ടിയുടേയുമൊക്കെ പേരിലാണ് തീവ്രവാദങ്ങൽ രൂപംകൊള്ളുന്നതും ഭീകരപ്രവർത്തനങ്ങൾ അരങ്ങേറുന്നതും.

ഇവയ്ക്കെതിരെ ഫലപ്രദമായി പ്രതികരിക്കേണ്ടത് രാജ്യത്തിന്റെ സുരക്ഷയ്ക്കും പൗരന്മാരുടെ ജീവന്റേയും സ്വത്തിന്റേയും സംരക്ഷണത്തിനും അവശ്യാവശ്യമായ ഒരു കാര്യമാണ്. അത് സർക്കാരിന്റേയും മതാധികാരികളുടെയും സമുദായാചാര്യന്മാരുടെയും സമൂഹത്തിലെ ബുദ്ധിജീവികളുടെയുമെല്ലാം ഗൗരവമേറിയ ചുമതലയുമാണ്.

എന്നാൽ ഈ പ്രതികരണങ്ങൾ ഒരിക്കലും തീവ്രവാദങ്ങൾക്കു സമാനമാകുകയോ പ്രതിതീവ്രവാദങ്ങളിലേയ്ക്കു നയിക്കുകയോ അരുത്. ഇതെഴുതാൻ കാരണം, "വന്ദിക്കുന്നതുപോലെ മതത്തെ നിന്ദിക്കുവാനും അവകാശമുണ്ട്" എന്ന ശീർഷകത്തിൽ കെ. ഇ. എൻ. പ്രകടിപ്പിച്ച അഭിപ്രായം മാതൃഭൂമി ദിനപത്രത്തിൽ റിപ്പോർട്ടു ചെയ്തിരുന്നതാണ് (2010 സെപ്തംബർ 15, പേജ് 11).

"നൈതികതയുടെ അടിസ്ഥാനത്തിൽ മതത്തെ വന്ദിക്കുന്നതുപോലെ നിന്ദിക്കാനും എല്ലാവർക്കും അവകാശമുണ്ടെന്നു കെ. ഇ. എൻ. കുഞ്ഞഹമ്മദ് അഭിപ്രായപ്പെട്ടു,'' എന്ന് മാതൃഭൂമി എഴുതി. പുരോഗമന കലാസാഹിത്യസംഘം ജില്ലാകമ്മറ്റി സംഘടിപ്പിച്ച "കൈവെട്ടും പിരിച്ചുവിടലും- ഫാസിസത്തിന്റെ ഭിന്നമുഖങ്ങൾ'' എന്ന സെമിനാറിൽ വിഷയം അവതരിപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: "കേരളത്തിൽ മതവിമർശനം അനുദിനം റദ്ദുചെയ്യപ്പെടുന്നു. മതപ്രചാരണത്തിനും മതവിശ്വാസത്തിനും ഒപ്പം മതവിമർശനത്തിനും സ്ഥാനമുണ്ട്. വിമർശനത്തിൽ നിന്ദയും ഉൾപ്പെടും."

ഇവിടെ വിമർശനവും നിന്ദയും തമ്മിലുള്ള അടിസ്ഥാനപരമായ അന്തരം കെ. ഇ. എൻ മറന്നുപോയെന്നു തോന്നുന്നു. വിമർശനം ബുദ്ധിയുടെയും യുക്തിയുടെയും പ്രവർത്തനഫലമാണ്; അതു സൃഷ്

www.malankaralibrary.com



ടിപരമാണ്. വാദപ്രതിവാദങ്ങളിലൂടെ സത്യത്തിലേയ്ക്കു വഴിതെളിക്കുവാൻ വിമർശനത്തിനു കഴിയും. എന്നാൽ നിന്ദ അപമാനിക്കൽ ആണ്. അതു വെറുപ്പിൽ നിന്നും ധിക്കാരത്തിൽ നിന്നുമാണ് സംജാതമാകുന്നത്. മതാനുയായികളുടെ മനസ്സിനെ അത് ആഴത്തിൽ മുറിവേല്പിക്കുന്നു.

ഒരു തരത്തിൽ പറഞ്ഞാൽ, കൈവെട്ടു കേസിനേക്കാൾ ഗൗരവമേറിയ തെറ്റാണത്. മനസ്സിനെ മുറിപ്പെടുത്തുന്നത് ശരീരത്തെ മുറിപ്പെടുത്തുന്നതിനേക്കാൾ വലിയ ദ്രോഹമാണല്ലോ? മതത്തെ ആരെങ്കിലും നിന്ദിച്ചാൽ മതത്തിന് ഒരു ഹാനിയും സംഭവിക്കയില്ലെന്നതു ശരിതന്നെ. അതുപോലെതന്നെ മതസ്ഥാപകരെയും മതാചാര്യന്മാരെയും നിന്ദിച്ചാൽ അവർക്കു ഒരു പോറൽ പോലും ഏൽക്കുകയില്ല. നിന്ദിക്കുന്നവന്റെ അല്പത്വമോർത്ത് അവൻ സഹതപിക്കുകയേയുള്ളൂ. എന്നാൽ മതവിശ്വാസികളെ വിശിഷ്യാ നിന്ദിക്കപ്പെടുന്ന മതത്തിന്റെ അനുയായികളെ അതു ക്രൂരമായി മുറിപ്പെടുത്തുകയും വേദനിപ്പിക്കുകയും ചെയ്യുന്നു. അവർ തീവ്രവാദികളായി രൂപാന്തരപ്പെടുന്നെങ്കിൽ അതിനുള്ള ഉത്തരവാദിത്വത്തിന്റെ വലിയ പങ്ക് നിന്ദിക്കുന്നവർക്കായിരിക്കും. നമ്മുടെ രാജ്യത്തെ കലാപഭൂമിയാക്കി മാറ്റാനും ഇവിടുത്തെ ക്രമസമാധാനനില തകർക്കാനുമെല്ലാം ഇതു ഇടയാക്കുകയും ചെയ്യും.

"നിന്ദിക്കാനുള്ള സ്വാതന്ത്ര്യം ഇല്ലാതായാൽ സാഹിത്യം, സിനിമ തുടങ്ങിയ മേഖലകളിലെ കലാകാരന്മാർ അവർ അറിയാതെ സെൻസർഷിപ്പിനു വിധേയരാകുമെന്ന" ആശങ്കയും കെ. ഇ. എൻ. പ്രകടിപ്പിക്കുകയുണ്ടായി. കൊല്ലാനും വ്യഭിചാരം ചെയ്യാനും കൈവെട്ടാനുമുള്ള സ്വാതന്ത്ര്യം ഇല്ലാതാകുമ്പോഴും സാഹിത്യം, സിനിമ തുടങ്ങിയ മേഖലകളിലെ കലാകാരന്മാർ ഇതുപോലെയുള്ള സെൻസർഷിപ്പിനു വിധേയരാകുകയാണല്ലോ. അതിനാൽ ഇവയ്ക്കെല്ലാമുള്ള സ്വാതന്ത്ര്യത്തിനുവേണ്ടിയും കെ. ഇ. എൻ. വാദിക്കുമോ? തീവ്രവാദത്തിനും കൈവെട്ടുകേസിനും എതിരായിട്ടാണ് അദ്ദേഹം സംസാരിച്ചതെങ്കിലും, മറ്റൊരു തീവ്രവാദത്തിലേയ്ക്കാണ് അദ്ദേഹത്തിന്റെ അഭിപ്രായം നയിക്കുന്നതെന്നു പറയാതെവയ്യ. തീവ്രവാദത്തെ തീവ്രവാദംകൊണ്ടു നേരിടുന്നതു ഒരിക്കലും ശരിയല്ലല്ലോ." ■

www.malankaralibrary.com



# ജനശബ്ദം

ഡോ. മാത്യു ഇല്ലത്തുപറമ്പിൽ
*മോറൽ തിയോളജി പ്രൊഫസർ, മംഗലപ്പുഴ*

ജനാധിപത്യത്തിന്റെ ആത്മാവാണ് ജനശബ്ദം അഥവാ ജനതാല്പര്യം. ഇതിന് ചെവികൊടുക്കേണ്ടവയാണ് ജനാധിപത്യ വ്യവസ്ഥയിലെ ഗ്രാമസഭകൾ മുതലുള്ള സ്ഥാപനങ്ങൾ. അവയുടെയും സഭയുടെയും ചുമതലകളിലേക്കുള്ള അന്വേഷണം.

ജനശബ്ദം ദൈവശബ്ദം (vox populi vox dei) എന്നത് പ്രസിദ്ധമായൊരു ലത്തീൻ പഴഞ്ചൊല്ലാണ്. ജനാധിപത്യത്തിന് ദൈവത്തിന്റെ പേരിലൊരു ശബ്ദവോട്ടായി ഈ പ്രയോഗത്തെ മനസ്സിലാക്കിയാൽ തെറ്റൊന്നുമില്ല. അതേസമയം ഭൂരിപക്ഷാഭിപ്രായത്തോടുചേർന്നേ ദൈവം എപ്പോഴും നിൽക്കൂ എന്നൊന്നും ഇതിന് അർത്ഥമൊട്ടില്ലതാനും. പക്ഷേ പൊതുനന്മ പ്രതിഫലിപ്പിക്കുന്ന ജനശബ്ദത്തിന് ദൈവികതയുണ്ട്; കാരണം അത് സത്യസ്വരമായിരിക്കും. എല്ലാ തിരഞ്ഞെടുപ്പുകളും ജനശബ്ദത്തിന്റെ മാറ്റൊലിയാണെന്നാണ് സങ്കല്പം. പക്ഷേ പലപ്പോഴും ജനശബ്ദം പണത്തിന്റെയും മത-ജാതി താല്പര്യങ്ങളുടെയും ഹുങ്കാരവത്തിൽ നേർത്തില്ലാതാകുകയാണ്. സംസ്ഥാനത്തെ ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പ് ജനശബ്ദത്തിന്റെ പ്രസക്തിയും വീര്യവും അളക്കാനുള്ള അവസരമായി മാറുകയാണ്.

## പൊതുജനരോദനം

ജനശബ്ദം ഇന്ന് പലപ്പോഴും വനരോദനം മാത്രമാണ്. ജനത്തിന്റെ മുറുമുറുപ്പുകളും പിറുപിറുക്കലുകളും ഉപകാരമില്ലാത്ത രോഷംകൊള്ളലുമായി അത് ഒടുങ്ങുന്നു. ഉദാഹരണത്തിന്, ദിനംപ്രതി ആയിരക്കണക്കിന് യാത്രക്കാരുള്ള ആലുവ റയിൽവേ സ്റ്റേഷനിൽ രണ്ടു റിസർവേഷൻ കൗണ്ടർ മാത്രം. യാത്രചെയ്യുന്ന സമയത്തേക്കാൾ കൂടുതൽ നേരം ജനം ക്യൂനിന്ന് വലയുന്നു. റയിൽവേയുടെ കരിപുരണ്ട നയത്തിനെതിരെയുള്ള ജനസ്വരം ഏറ്റെടുക്കാൻ ആരുമില്ല എന്നതാണ് സത്യം. ഇതുപോലെ ജനസ്വരം പാഴ്ശബ്ദമായിപ്പോകുന്ന എത്രയോ സന്ദർഭങ്ങൾ, ഇടങ്ങൾ. ഇതിനുംപുറമേ ജനസ്വരത്തിന്റെ നാവായി മാറേണ്ടവർതന്നെ അതിന്റെ കഴുത്തിന് പിടിക്കുന്ന സ്ഥിതിയും ഇവിടെ നിലവിലുണ്ട്.

## മൗനപ്പാർട്ടികൾ

ഇന്നാട്ടിൽ ഏറ്റവും കൂടുതൽ പൊതുവേദിയിൽ ശബ്ദിക്കുന്നവർ രാഷ്ട്രീയക്കാരാണ്. അതേസമയം അവർ മിക്കപ്പോഴും ജനകീയ പ്രശ്നങ്ങളെപ്പറ്റി മൗനത്തിലാണ്. ജനാധിപത്യപരമായ തിരഞ്ഞെടുപ്പിലൂടെ സ്വന്തം നേതാക്കളെ നിശ്ചയിക്കാൻ കഴിയാത്ത പാർട്ടികളുണ്ടിവിടെ. അതുപോലെ, പാർട്ടിയുടെ ഹിതം രാജ്യത്തിന്റെ ഹിതമായി മാറ്റിക്കളയാൻ ശ്രമിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഉണ്ടിവിടെ.

തിരഞ്ഞെടുപ്പുകൾപോലും ജനശബ്ദം പരീക്ഷിക്കപ്പെടുന്ന വേദികളാകുന്നില്ല എന്നതാണ് നമ്മുടെ ദുര്യോഗം. പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ എന്തുമാത്രം പ്രാദേശികവിഷയങ്ങൾ തിരഞ്ഞെടുപ്പു വിഷയ


www.malankaralibrary.com

മാകുന്നുണ്ട് എന്ന് നോക്കിയാലറിയാം തിരഞ്ഞെടുപ്പിലെ തട്ടിപ്പുകൾ. ഗ്വാട്ടിമാലയിലെ അതിക്രമങ്ങളോ ഒബാമയുടെ ഇറാക്ക് നയമോ കോമൺവെൽത്ത് ഗയിംസിന്റെ നടത്തിപ്പോ ഓഹരിവിപണിയിലെ കയറ്റിറക്കങ്ങളോ മസ്ജിദ്–മന്ദിർ തർക്കമോ ഒന്നുമല്ല, ഉദാഹരണത്തിന്, പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി പഞ്ചായത്തിൽ പ്രസക്തമാകുന്ന പ്രാദേശിക പ്രശ്നങ്ങൾ. ഗതാഗതസൗകര്യങ്ങൾ, കാർഷിക വായ്പകൾ, കുടിവെള്ളം, മാലിന്യസംസ്ക്കരണം, തിരഞ്ഞെടുപ്പ്ബൂത്ത് സൗകര്യം, അങ്ങനെ പലതുമാണ് ഓരോ പഞ്ചായത്തിലെയും വിഷയങ്ങൾ. ഇവ മത്സര വിഷയമാകാത്ത തിരഞ്ഞെടുപ്പുകൾ ഒന്നാന്തരം രാഷ്ട്രീയ തട്ടിപ്പാണ്. ഇത് തിരിച്ചറിയുന്നവർ പോളിംഗ് ബൂത്തിനെ പരിഹസിച്ച് വീട്ടിലിരിക്കും. ജനാധിപത്യം ആദ്യം തോല്ക്കുന്നത് ജനങ്ങളുടേതല്ലാത്ത തിരഞ്ഞെടുപ്പ് വിഷയം തീരുമാനിക്കുന്നിടത്താണ്. പഞ്ചായത്ത് തിരഞ്ഞെടുപ്പ് സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും വിലയിരുത്തലാണ് തുടങ്ങിയ പ്രസ്താവനകൾ തിരഞ്ഞെടുപ്പിന്റെ ഫോക്കസ് തെറ്റിക്കാനുള്ള ശ്രമമായിട്ടുവരാം.

## കാതില്ലാത്ത സർക്കാരുകൾ

ഭരണകൂടങ്ങൾ ജനങ്ങളോട് നിരന്തരം പലതും പറയുന്നുണ്ട്; മുണ്ടുമുറുക്കിയുടുത്ത് ജീവിക്കണം എന്നു തുടങ്ങി പലതും. പക്ഷേ, സർക്കാരുകൾ ജനങ്ങളെ കേൾക്കുന്നില്ല. അവരെ കേൾക്കേണ്ട കാര്യമില്ല എന്നും സർക്കാരുകൾ കരുതുന്നു. ജനായത്ത സർക്കാരുകൾക്കുള്ള ഒരു സൗകര്യമാണിത്.

പെട്രോൾ വില നിശ്ചയിക്കാനുള്ള സ്വാതന്ത്ര്യം എണ്ണക്കമ്പനികൾക്ക് വിട്ടുകൊടുത്ത് സർക്കാർ സ്വന്തം ഭരണഭാരത്തിലൊന്ന് ഒഴിവാക്കി. എണ്ണക്കുത്തകകൾ ജനങ്ങളെ എത്ര കൊള്ളയടിച്ചാലും ഇനി ചോദിക്കാനാരുമില്ല. ആഗോളതലത്തിൽ നിരോധിക്കപ്പെട്ട മരുന്നുകൾ പലതും ഈ രാജ്യത്ത് വ്യാപകമായി ഉപയോഗത്തിലുണ്ട്. പാവം രോഗികൾ അതു വാങ്ങിക്കഴിച്ച് പെട്ടെന്ന് നിര്യാതരാകുന്നു. വിഷമയമായ മാലിന്യങ്ങൾ തള്ളുന്നതിനെതിരെ ഒട്ടേറെ സ്ഥലങ്ങളിൽ ജനകീയ പ്രക്ഷോഭങ്ങൾ നടക്കുന്നുണ്ട്. ഇത്തരം ജനശബ്ദത്തിനെതിരെ സർക്കാരുകൾ വലിയവായിൽ വികസന വർത്തമാനം പറഞ്ഞു തോല്പ്പിക്കുന്നു. കശ്മീർ ജനതയുടെ സ്വരം ദീനവിലാപമായി മാറിയിട്ട് കാലം ഏറെയായി. പക്ഷേ പട്ടാള നിയമംകൊണ്ടുമാത്രം ഇന്ത്യയുടെ ഭൂപടത്തെ പരിക്കേൽക്കാതെ സംരക്ഷിക്കാമെന്ന് കരുതിപ്പോരുന്ന സർക്കാരുകൾ ഒരു ജനതയുടെ പീഡിതസ്വരത്തെ വെടിയൊച്ചകൾകൊണ്ട് ഒതുക്കിവയ്ക്കാൻ നോക്കുകയാണ്. ജനശബ്ദത്തിനെതിരെ കാതടയ്ക്കുന്ന സർക്കാരിനേ മാവോയിസത്തെ അടിച്ചൊതുക്കാമെന്ന് വ്യാമോഹിക്കാൻ കഴിയൂ.

ഗതാഗത സൗകര്യത്തിന് വേണ്ടത്ര റോഡുകൾ ഉണ്ടായേ മതിയാവൂ. പക്ഷേ അതുണ്ടാക്കാൻ അവലംബിക്കുന്ന മാർഗ്ഗങ്ങൾ സുതാര്യമാകണം. സർവക

www.malankaralibrary.com

ക്ഷിധാരണയെന്ന ഏർപ്പാടിൽ സർക്കാരും കരാറുകാരും ഭൂമാഫിയക്കാരും തമ്മിലുള്ള ഒത്തുകളിക്ക് ഉൾപ്പെടെ മാന്യത കിട്ടുന്നു; അത് ജനശബ്ദമായി അംഗീകരിക്കപ്പെടുകയും ചെയ്യുന്നു.

## മാധ്യമങ്ങൾ ആരുടെ മെഗാഫോൺ?

ജനങ്ങളുടെ നാവും കണ്ണുകളുമാണ് മാധ്യമങ്ങൾ എന്നാണ് സങ്കല്പം. പക്ഷേ മാധ്യമപ്രവർത്തനം വ്യവസായമായതോടെ ജനങ്ങളുടെ സ്വരത്തിന് ജീവൻ കൊടുക്കാനുള്ള കടമ പലരും കൈവിട്ടു. പകരം വാർത്തകളെപ്പോലും വിനോദമാക്കുന്ന വിദ്യയാണ് മലയാളത്തിലുൾപ്പടെയുള്ള പല മാധ്യമങ്ങളും പയറ്റിക്കൊണ്ടിരിക്കുന്നത്. സെലബ്രിറ്റികൾക്ക് പിന്നാലെ ക്യാമറയും തൂക്കി പായുന്ന മാധ്യമസംസ്ക്കാരത്തിൽനിന്ന് പൊതുജനങ്ങളുടെ ശബ്ദത്തിന് ഇടം കിട്ടും എന്ന് കരുതാനില്ല. മാധ്യമങ്ങൾക്ക് പിന്നിലെ സ്ഥാപിത താല്പര്യങ്ങൾ വാർത്തകളെ സൃഷ്ടിക്കുകയും സംഹരിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളും വിരളമല്ല. പണത്തിന് മീതെ ഒരു ചാനലും വാർത്തകൾ കാണുകയോ വായിക്കുകയോ ഇല്ലെന്നതിന് സമീപകാല ദൃശ്യങ്ങളും സാക്ഷി. കണ്ണൂർ കണ്ടൽപാർക്കിനെതിരെ ഉൾപ്പെടെ ഇന്നാട്ടിൽ ഉയർന്നുവന്ന സമരങ്ങളിൽനിന്ന് ചില മാധ്യമങ്ങൾ പാലിച്ച അകലം മതി ഇത് തെളിയിക്കാൻ. അതേസമയം മാധ്യമജാഗ്രത കൊണ്ട് ജനതാല്പര്യം സംരക്ഷിക്കപ്പെട്ടിട്ടുള്ള അവസരങ്ങളെ നമുക്ക് മറക്കാനും കഴിയില്ല.

## സഭയെന്ന ജനശബ്ദം?

ജനതാല്പര്യങ്ങൾക്ക് സ്വരംകൊടുക്കേണ്ട സാമൂഹികനാവുകൾ അടിക്കടി തളരുന്ന സാഹചര്യത്തിൽ സഭ എന്തുചെയ്യാൻ പോകുന്നു എന്നത് പ്രധാനമാണ്. സഭ ജനങ്ങളുടെ, പ്രത്യേകിച്ചും പാവപ്പെട്ടവരുടെ, ശബ്ദമാകേണ്ടതാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 'സഭ ആധുനിക ലോകത്തിൽ' എന്ന പ്രമാണരേഖ ആരംഭിക്കുന്നതിങ്ങനെയാണ്: "ഇക്കാലത്തെ മനുഷ്യരുടെ, പ്രത്യേകിച്ചും പാവപ്പെട്ടവരുടേയും പലതരത്തിൽ പീഡിതരായവരുടേയും സന്തോഷങ്ങളും പ്രതീക്ഷകളും സങ്കടങ്ങളും ആധികളും ക്രിസ്തുവിന്റെ അനുയായികളുടെ (സഭയുടെ) സന്തോഷങ്ങളും പ്രതീക്ഷകളും സങ്കടങ്ങളും ആധികളുമാണ്" (GS-1). ഇതിനർത്ഥം സഭ രാഷ്ട്രീയ പാർട്ടികൾക്കും സർക്കാരുകൾക്കും മാധ്യമങ്ങൾക്കും പകരം നിൽക്കണം എന്നല്ല. മറിച്ച് ഇവ പരാജയപ്പെടുന്നിടത്തെങ്കിലും സഭ പ്രവാചകനിഷ്ഠയോടെ ജനങ്ങളുടെ നാവാകണം.

> **സഭയൊരു സമുദായവാദി മാത്രമാണെന്ന് പൊതുസമൂഹത്തിന് തോന്നിയാൽ സഭയുടെ വാക്കുകൾക്ക് ജനശബ്ദത്തിന്റെ അംഗീകാരം കിട്ടുകയില്ല.**

ഒട്ടും എളുപ്പമല്ല സഭയുടെ ഈ ധർമ്മ നിർവഹണം. സഭയൊരു സമുദായവാദി മാത്രമാണെന്ന് പൊതുസമൂഹത്തിന് തോന്നിയാൽ സഭയുടെ വാക്കുകൾക്ക് ജനശബ്ദത്തിന്റെ അംഗീകാരം കിട്ടുകയില്ല. അധികാര കേന്ദ്രങ്ങളോട് ചങ്ങാത്തം പുലർത്തി ആനുകൂല്യങ്ങൾ സ്വീകരിച്ചാൽ സഭയ്ക്ക് ജനങ്ങൾക്കുവേണ്ടി മിണ്ടാനൊക്കുകയുമില്ല. പാവപ്പെട്ടവരും സ്ത്രീകളും ഭൂരഹിതരും കുടിയിറക്കപ്പെടുന്നവരും ചെറുകിട കർഷകരും അസംഘടിത തൊഴിലാളികളും ആദിവാസികളും തുച്ഛശമ്പളത്തിന് പണിയെടുക്കുന്നവരും അന്യസംസ്ഥാന തൊഴിലാളികളും വിചാരണത്തടവുകാരുമായ പുറംതള്ളപ്പെട്ടവർക്കുവേണ്ടി സഭ നിരന്തരം നിലപാടെടുക്കുമ്പോഴേ അതിന്റെ ശബ്ദത്തിന് വിശ്വാസ്യത ലഭിക്കൂ. അപ്പോഴേ ജനശബ്ദത്തിന്റെ അപ്രതിരോധ്യമായ ശക്തി സഭയുടെ വാക്കുകൾക്ക് പൊതുസമൂഹത്തിൽ കിട്ടുകയുള്ളൂ. ■



**ഡോ. മാത്യു ഇല്ലത്തുപറമ്പിൽ**

അറിയപ്പെടുന്ന മോറൽ തിയോളജിയൻ. ആലുവ മംഗലപ്പുഴ സെമിനാരിയിലെ പ്രൊഫസർ. വിവിധ സെമിനാരികളിലും പഠിപ്പിക്കുന്നു.

www.malankaralibrary.com



# രോഗീലേപനത്തിന്റെ കാർമ്മികൻ?

ഡോ. ജോസ് ചിറമേൽ
*കാനൻ നിയമ വിദഗ്ധൻ, സീറോ-മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ ട്രൈബ്യൂണലിന്റെ വൈസ് പ്രസിഡന്റ്*

സഭാനിയമങ്ങളെ (കാനൻനിയമം) സംബന്ധിച്ചുള്ള സംശയനിവാരണത്തിനായിട്ടുള്ള പംക്തിയാണിത്. ചോദ്യങ്ങൾക്ക് മറുപടി തയ്യാറാക്കുന്നത് കാനൻ നിയമപണ്ഡിതനായ ഡോ. ജോസ് ചിറമേൽ ആണ്. നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും കാരുണികന്റെ വിലാസത്തിൽ അയയ്ക്കുക.

● **ക്രൈസ്തവ വിശ്വാസികൾ ഗുരുതരമായ രോഗം മൂലമോ, പ്രായാധിക്യം മൂലമോ മരണം സംഭവിച്ചേക്കാം എന്ന് കരുതുമ്പോൾ അവർക്ക് നല്കുന്ന കൂദാശയാണല്ലോ രോഗീലേപനം. വൈദികരല്ലാത്തവർക്കു ഈ കൂദാശ പരികർമ്മം ചെയ്യാമോ? വൈദികരെ ലഭിക്കുക അസാധ്യമെങ്കിൽ ഡീക്കന്മാർക്കോ യോഗ്യരായ അല്മായർക്കോ ഈ കൂദാശ നല്കാമോ?**

അഗസ്റ്റിൻ തോമസ്, തൊടുപുഴ

സഭയുടെ ഏഴ് കൂദാശകളിൽപ്പെട്ട ഒന്നാണ് രോഗീലേപനം. രോഗികളുടെ മേൽ വിശുദ്ധതൈലം കൊണ്ട് പൂശുകയും കൈകൾവച്ച് പ്രാർത്ഥിക്കുകയും ചെയ്ത് അവരെ സുഖപ്പെടുത്തുക എന്ന അപ്പസ്തോലിക പാരമ്പര്യമാണ് സഭ കൂദാശയായി അംഗീകരിക്കുകയും അനുവർത്തിച്ചു പോരുകയും ചെയ്യുന്നത്. വൈദികർ മാത്രമാണ് രോഗീലേപനം എന്ന കൂദാശയുടെ കാർമ്മികർ. എല്ലാ വൈദികരും ഈ കൂദാശയുടെ കാർമ്മികരാണെങ്കിലും ദൈവജനത്തിന്റെ അജപാലന ഉത്തരവാദിത്വം ഏറ്റെടുത്തിട്ടുള്ള വൈദികരാണ് ഈ കൂദാശ നല്കുവാൻ പ്രത്യേക വിധത്തിൽ കടപ്പെട്ടിരിക്കുന്നത്. എന്നാൽ അത്യാവശ്യ സന്ദർഭങ്ങളിൽ ഏതൊരു വൈദികനും വിശ്വാസികൾക്ക് രോഗീലേപനം നല്കാവുന്നതാണ്.

ഈ അടുത്തകാലത്ത് രോഗീലേപനം എന്ന കൂദാശയെ സംബന്ധിച്ചുള്ള കത്തോലിക്കാസഭയുടെ പരമ്പരാഗതമായ പ്രബോധനത്തിൽ നിന്ന് വ്യത്യസ്തമായ ചിന്താഗതികൾ കണ്ടുവരുന്നുണ്ട്. അമേരിക്കയിലും ജർമ്മനിയിലും മറ്റു ചില യൂറോപ്യൻ രാജ്യങ്ങളിലുമാണ് ഈ ചിന്താഗതി വ്യാപകമായി കാണുന്നത്. വൈദികരുടെ ക്ഷാമം അനുഭവപ്പെടുന്ന രാജ്യങ്ങളിലാണ് പ്രധാനമായും മേല്പറഞ്ഞ ചിന്താഗതി വളർന്നുവരുന്നത്. വൈദികക്ഷാമം മൂലം ഡീക്കന്മാരെയോ പരിശീലനം ലഭിച്ച അല്മായരെയോ അത്യാവശ്യ സന്ദർഭങ്ങളിൽ രോഗീലേപനം എന്ന കൂദാശ വിശ്വാസികൾക്ക് നല്കുവാൻ നിയോഗിക്കേണ്ടതാണെന്നാണ് ഇക്കൂട്ടരുടെ വാദം.

വിശ്വാസകാര്യങ്ങൾക്കായുള്ള വത്തിക്കാൻ കാര്യാലയം (Congregation for the Doctrine of the Faith) 2005 ഫെബ്രുവരി 11-ാം തീയതി ഇത് സംബന്ധിച്ച് നല്കിയ ഖണ്ഡിതമായ പ്രഖ്യാപനത്തിൽ വൈദികനോ മെത്രാനോ മാത്രമാണ് രോഗീലേപനം എന്ന കൂദാശയുടെ കാർമ്മികൻ എന്ന് അർത്ഥശങ്കക്കിടയില്ലാത്ത വിധം വ്യക്തമാക്കിയിട്ടുണ്ട്. ഇത് സഭയുടെ അവിതർക്കിതമായ പ്രബോധനം (*defenitive tenenda*) ആണെന്നും വിശ്വാസകാര്യാലയം അറിയിക്കുകയുണ്ടായി. ലത്തീൻ നിയമസംഹിതയിലെ (The Code of

www.malankaralibrary.com

Canon Law) 1003–ാം കാനോനയും പൗരസ്ത്യ നിയമ സംഹിതയിലെ (Code of Canons of the Eastern Churches) 739–ാം കനോനയും ത്രെന്ത്രോസ് സൂനഹദോസിന്റെ (Sessio XIV, canon 4: DS 1719; Cfr. also the Catechism of the Catholic Church, no. 1516) ഇതു സംബന്ധിച്ച പ്രബോധനം കൃത്യമായി ആവർത്തിക്കുകയാണെന്നും വിശ്വാസകാര്യാലയത്തിന്റെ പ്രഖ്യാപനത്തിൽ പറയുന്നു. തന്മൂലം, ഡീക്കന്മാർക്കോ അല്മായർക്കോ ഈ കൂദാശ പരികർമ്മം ചെയ്യാൻ പാടില്ലെന്നും വൈദികനോ മെത്രാനോ ഒഴികെ ആരെങ്കിലും ഈ കൂദാശ പരികർമ്മം ചെയ്യുന്നത് കൂദാശയുടെ വ്യാജമായ പരികർമ്മമായിരിക്കും (simulation of the Sacrament) അതെന്നും വിശ്വാസകാര്യാലയം വ്യക്തമാക്കിയിട്ടുണ്ട്. വിശ്വാസകാര്യാലയത്തിന്റെ അന്നത്തെ ഫ്രീഫെക്ടറായിരുന്ന കർദ്ദിനാൾ റാറ്റ്സിംഗർ (ഇപ്പോഴത്തെ മാർപാപ്പ) ആണ് ഈ പ്രഖ്യാപനത്തിൽ ഒപ്പ് വച്ചിരിക്കുന്നത്.

ചില യൂറോപ്യൻ രാജ്യങ്ങളിൽ ഈ അടുത്തകാലത്ത് വൈദികരുടെ ക്ഷാമം അനുഭവപ്പെടുന്നതിനാൽ ഉയർന്നുവന്ന ചിന്താഗതികളേയും വാദമുഖങ്ങളേയും തള്ളിക്കളഞ്ഞുകൊണ്ടാണ് വിശ്വാസകാര്യാലയം സഭയുടെ പരമ്പരാഗതമായ പ്രബോധനം ആവർത്തിച്ച് പ്രഖ്യാപിച്ചത്. മേല്പറഞ്ഞ ചിന്താഗതികൾ സഭയുടെ വിശ്വാസത്തിന് കോട്ടം വരുത്തുന്നവയും രോഗിയുടെ ആത്മീയ നന്മയ്ക്ക് ഹാനികരമാകുന്നതുമാണെന്നാണ് വിശ്വാസകാര്യാലയം വിലയിരുത്തിയത്.

1983 –ൽ പുറത്തിറക്കിയ ലത്തീൻ നിയമസംഹിതയുടെ പരിഷ്ക്കരണത്തിന്റെ അവസരത്തിൽ ഡീക്കന്മാർക്കും ഈ കൂദാശ പരികർമ്മം ചെയ്യാം എന്ന വിധത്തിൽ നിയമം ഭേദഗതി ചെയ്യണമെന്ന നിർദ്ദേശം ചിലർ ഉന്നയിച്ചെങ്കിലും പ്രസ്തുത നിർദ്ദേശം അംഗീകരിക്കപ്പെട്ടില്ല. വിശുദ്ധ യാക്കോബിന്റെ ലേഖനത്തിലെ പ്രദിപാദനവും (യാക്കോ. 5:14–15) രോഗീലേപനം എന്ന കൂദാശയും തമ്മിലുള്ള ബന്ധവും പരിരക്ഷിക്കപ്പെടുന്നതിന്റെ ഭാഗമായിട്ടാണ് നിയമപരിഷ്ക്കരണ സമയത്ത് ഉയർന്നു വന്ന മേല്പറഞ്ഞ നിർദ്ദേശം നിരാകരിക്കപ്പെട്ടത്. വിശുദ്ധ യാക്കോബിന്റെ ലേഖനത്തിൽ ഇപ്രകാരം പറയുന്നു: "നിങ്ങളിൽ ആരെങ്കിലും രോഗിയാണെങ്കിൽ അവൻ സഭയിലെ ശ്രേഷ്ഠന്മാരെ വിളിക്കട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ തൈലാഭിഷേകം ചെയ്ത് അവനുവേണ്ടി പ്രാർത്ഥിക്കട്ടെ". ഇവിടെ ശ്രേഷ്ഠന്മാരെന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് വിശ്വാസികളുടെ സമൂഹത്തിലെ പ്രായമായവർ എന്നല്ല; മറിച്ച്, കൈവയ്പ് വഴി പരിശുദ്ധാത്മാവിനെ സ്വീകരിച്ച് അജപാലന ശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ടവർ എന്നാണ്.

സഭയിലെ രോഗീലേപനം എന്ന കൂദാശയുടെ വേദഗ്രന്ഥാടിസ്ഥാനം വിശുദ്ധ യാക്കോബിന്റെ ലേഖനത്തിലാണ് നാം കാണുന്നത് (5:14–15). ക്രിസ്തീയ ജീവിതത്തെപ്പറ്റിയുള്ള വിവിധ നിർദ്ദേശങ്ങൾ നല്കിയ ശേഷം യാക്കോബ് രോഗികൾക്കുവേണ്ടിയുള്ളൊരു നിർദ്ദേശം മുന്നോട്ടുവയ്ക്കുകയാണ്: "നിങ്ങളിൽ ആരാണ് രോഗിയായിട്ടുള്ളത്? രോഗിയായവൻ സഭയിലെ വൈദികരെ വിളിക്കട്ടെ. അവർ അവനെ ദൈവത്തിന്റെ നാമത്തിൽ തൈലാഭിഷേകം ചെയ്യുകയും അവനുവേണ്ടി പ്രാർത്ഥിക്കുകയും വേണം. വിശ്വാസത്തോടുകൂടിയ പ്രാർത്ഥന വഴി രോഗിക്ക് രോഗശാന്തി ലഭിക്കും. ഒപ്പം രോഗിയുടെ പാപങ്ങൾക്ക് മോചനം ലഭിക്കുകയും ചെയ്യും. വിശുദ്ധ യാക്കോബിന്റെ ലേഖനത്തിലെ പ്രതിപാദ്യം രോഗീലേപനത്തിന്റെ അടിസ്ഥാനമായി സഭ കണക്കാക്കിപോന്നു. പിന്നീട് ത്രെന്ത്രോസ് സൂനഹദോസ്സിന്റെ 14–ാം സെക്ഷനിലെ നാലുവരെയുള്ള കാനോനകൾ ഈ കൂദാശയ്ക്ക് നിയതമായ രൂപം നല്കുകയുണ്ടായി. അതനുസരിച്ച് രോഗീലേപനം എന്ന കൂദാശ നല്കുന്നതിനുള്ള വ്യവസ്ഥകൾ താഴെപറയുന്നവയാണ്: 1. Subject: (സ്വീകർത്താവ്) ഗുരുതരമായ രോഗാവസ്ഥയിൽ കഴിയുന്നവർ; 2. Minister: (കാർമ്മികൻ) വൈദികർ; 3. Matter: (കർമ്മസാധനം) വിശുദ്ധതൈലം കൊണ്ടുള്ള പൂശൽ; 4. Form: (കർമ്മസ്വരൂപം) വൈദികന്റെ പ്രാർത്ഥന; 5. Effect: (ഫലം) ദൈവാനുഗ്രഹം, പാപങ്ങളുടെ മോചനം, രോഗശാന്തി.

> രോഗീലേപനം എന്ന കൂദാശയുടെ വേദഗ്രന്ഥാടിസ്ഥാനം വിശുദ്ധ യാക്കോബിന്റെ ലേഖനത്തിലാണ് നാം കാണുന്നത് (5:14–15).

www.malankaralibrary.com

രോഗീലേപനം എന്ന കൂദാശയെ സംബന്ധിച്ചുള്ള സഭയുടെ ആദ്യത്തെ ആധികാരിക രേഖ 416 മാർച്ച് 19 ന് ഇന്നസെന്റ് ഒന്നാമൻ മാർപാപ്പയുടേതായിരുന്നു. വിശുദ്ധ യാക്കോബിന്റെ ലേഖനപ്രകാരം വൈദികർക്കു മാത്രമേ ഈ കൂദാശയുടെ പരികർമ്മണം പാടുള്ളൂ എന്ന വ്യാഖ്യാനത്തിനെതിരായിട്ടായിരുന്നു മാർപാപ്പയുടെ ഈ രേഖ. വൈദികരും മെത്രാന്മാരും ഈ കൂദാശയുടെ കാർമ്മികരാണെന്ന് മാർപാപ്പ വ്യക്തമാക്കി. ഇന്നസെന്റ് ഒന്നാമൻ മാർപാപ്പയുടെ പ്രസ്തുത രേഖ രോഗീലേപനം എന്ന കൂദാശ പരികർമ്മണം ചെയ്യുന്നതിന് അവൈദികരെ നിയമിക്കുന്നതിനുള്ള സാധ്യത തള്ളിക്കളഞ്ഞു. തന്മൂലം, തെന്ത്രോസ് കൗൺസിലിനു മുമ്പും രോഗീലേപനം എന്ന കൂദാശയുടെ കാർമ്മികൻ വൈദികൻ മാത്രമാണെന്ന് തന്നെയാണ് പഠിപ്പിച്ചിരുന്നത്. 1439 ൽ ഫ്ളോറൻസിൽ കൂടിയ കൗൺസിലും രോഗീ ലേപനത്തിന്റെ കാർമ്മികൻ വൈദികൻ മാത്രമാ ണെന്ന് സംശയാതീതമായി വ്യക്തമാക്കി.

പിന്നീട് സഭയിലെ നവോത്ഥാനവാദികൾ (Reformers) രോഗീലേപനം ഒരു കൂദാശയല്ലെന്നും മറിച്ച് മാനുഷികമായൊരു കണ്ടുപിടുത്തമാണെന്നും വാദിക്കാൻ തുടങ്ങി. അവരുടെ അഭിപ്രായത്തിൽ വി. യാക്കോബിന്റെ ലേഖനത്തിൽ പ്രതിപാദിച്ചിരിക്കുന്ന "presbyters" എന്നവാക്ക്കൊണ്ട് ഉദ്ദേശിക്കുന്നത് പൗരോഹിത്യം സ്വീകരിച്ച വൈദികർ മാത്രമല്ലെന്നും പ്രായമായവർ (elders) കൂടി ഈ കൂട്ടത്തിൽ പെടുമെന്നും ഇക്കൂട്ടർ വാദിച്ചു. തന്മൂലം തെന്ത്രോ (Trendo) യിൽ ചേർന്ന കൗൺസിൽ ഇക്കാര്യം സംബന്ധിച്ച് സഭയുടെ നിലപാട് വ്യക്തമായും സംശയാതീതമായും അവതരിപ്പിക്കുകയുണ്ടായി. മാത്രമല്ല, രോഗീലേപനം സഭയുടെ ഏഴ് കൂദാശകളിൽ ഒന്നാണെന്നും വൈദികൻ മാത്രമാണ് ഈ കൂദാശയുടെ കാർമ്മികൻ എന്നുമുള്ള സഭയുടെ പ്രബോധനത്തെ തള്ളിപ്പറഞ്ഞവരെ സഭയിൽ നിന്നും പുറത്താക്കുകയും ചെയ്തു.

തെന്ത്രോസ് കൗൺസിലിനുശേഷം 1917 ൽ സഭാനിയമങ്ങൾ ആദ്യമായി ക്രോഡീകരിക്കപ്പെട്ട കാലം വരെ ഇതുമായി ബന്ധപ്പെട്ട രണ്ടു സുപ്രധാന രേഖകളാണ് ഉണ്ടായിട്ടുള്ളത്. 1742 ലെ “ഏത്സി പാസ്ത്തോറാലീസ് (Etsi pastoralis) എന്ന അപ്പസ്തോലിക കോൺസ്റ്റിറ്റ്യൂഷനും 1756 ൽ ബനഡിക്ട് പതിനാലാമൻ മാർപാപ്പ പുറപ്പെടുവിച്ച “Ex Quo primum” എന്ന ചാക്രിക ലേഖനവുമായിരുന്നു അവ. സഭാനിയമങ്ങൾ ആദ്യമായി ക്രോഡീകരിക്കപ്പെട്ടത് 1917 ൽ ആയിരുന്നുവെന്ന് നാം കാണുകയുണ്ടായി. ലത്തീൻ സഭയ്ക്കു വേണ്ടി നിലവിൽ വന്ന ഈ കാനൻ നിയമസംഹിതയിലെ 938-ാം കാനോനയിലെ ഒന്നാം ഖണ്ഡിക തെന്ത്രോസ് സൂനഹദോസ് രോഗീലേപനം എന്ന കൂദാശയുടെ കാർമ്മികൻ ആരാണ് എന്നത് സംബന്ധിച്ച് പഠിപ്പിച്ച അതേകാര്യം തന്നെ ആവർത്തിച്ചു. അതുതന്നെ 1983 ൽ ലത്തീൻ നിയമസംഹിത പരിഷ്ക്കരിച്ച് പുറത്തിറക്കിയപ്പോഴും (CIC-1983,c. 1003/1) 1990 ൽ പൗരസ്ത്യ നിയമസംഹിത പുറത്തിറക്കിയപ്പോഴും (CCEO-1990, c. 739/1) ആവർത്തിക്കുകയാണുണ്ടായത്. അതനുസരിച്ച് രോഗീലേപനം എന്ന കൂദാശയുടെ കാർമ്മികൻ മെത്രാനോ വൈദികനോ മാത്രമാണ്. ഡീക്കനോ അല്മായനോ ഏതെങ്കിലും സാഹചര്യത്തിൽ ഈ കൂദാശ പരികർമ്മം ചെയ്യുന്നതിനെപ്പറ്റി യാതൊരു പരാമർശവും ഇവയിലൊന്നുമില്ല.

സഭയുടെ ഈ പ്രബോധനമനുസരിച്ച് രോഗീലേപനം എന്ന കൂദാശ ഏതെങ്കിലും സാഹചര്യത്തിൽ ഡീക്കനോ അല്മായനോ പരികർമ്മം ചെയ്യാനിടയായാൽ ആ കൂദാശ ഒരിക്കലും സാധുവായിരിക്കുകയില്ല. മാത്രമല്ല, ഇക്കൂട്ടരെ സഭാനിയമം അനുസരിച്ച് ശിക്ഷിക്കാവുന്നതുമാണ് (CIC.c.1379). പൗരസ്ത്യ നിയമം നിഷ്ക്കർഷിക്കുന്നതനുസരിച്ച്, വി. കുർബാനയുടേയോ മറ്റ് കൂദാശകളുടേയോ പരികർമ്മം കപടമായി (simulation) നടത്തുന്നവർക്ക് വലിയ മഹറോൻ ശിക്ഷയോ അനുയോജ്യമായ മറ്റു ശിക്ഷകളോ നല്കണമെന്ന് ആവശ്യപ്പെടുന്നുണ്ട് (CCEO.c.1443). ഓർത്തഡോക്സ് സഭകളിലും രോഗീലേപനം എന്ന കൂദാശ മെത്രാനോ വൈദികനോ മാത്രമേ പരികർമ്മം ചെയ്യാൻ പാടുള്ളൂ. ■



**ഡോ. ജോസ് ചിറമേൽ**

റോമിലെ പൊന്റിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും കാനൻ നിയമത്തിൽ 1990ൽ ഡോക്ടറേറ്റ്. ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ നിന്നും 1992-ൽ പോസ്റ്റ്-ഡോക്ടറൽ ഡിപ്ലോമ. വിവിധ സെമിനാരികളിൽ കാനൻ നിയമത്തിന്റെ പ്രൊഫസർ.

www.malankaralibrary.com



# സഭയുടെ മാധ്യമപ്രവർത്തനം

തയ്യാറാക്കിയത്: സി. ഷീല കൈപ്പിള്ളി



മോൺ. ഫെർഡിനന്റ് പീറ്റർ

അജപാലകർ തങ്ങളുടെ ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കുന്ന പംക്തിയാണിത്. ദീർഘകാലം പുരോഹിതശുശ്രൂഷ ചെയ്ത് സമൂഹത്തെ സേവിച്ചവരാണ് ഇവിടെ ഹൃദയം തുറക്കുന്നത്. ജീവിതം അവരെ പഠിപ്പിച്ചത് പിൻതലമുറക്ക് സമ്പത്തായിരിക്കും.

*1952 -ൽ കൊല്ലം ജില്ലയിലെ കണ്ണനല്ലൂരിൽ ജനിച്ചു. വൈദികപട്ടം 1978-ൽ. തൃശിനാപ്പള്ളി സെന്റ് പോൾ സെമിനാരിയിൽ വൈദിക പരിശീലനം. ക്ലാപ്പന, അഴീക്കൽ, മങ്ങാട്, പട്ടത്താനം എന്നീ ഇടവകകളിൽ വൈദികശുശ്രൂഷ. ഫിലിപ്പിയൻസ്, റോം എന്നിവിടങ്ങളിൽ കമ്മ്യൂണിക്കേഷനിൽ ഉപരിപഠനം. ഫാമിലി അപ്പസ്തോലിക് ഡയറക്ടർ, മീഡിയ കമ്മ്യൂണിക്കേഷൻ ഡയറക്ടർ, കെ. സി. എസ്. എൽ. ഡയറക്ടർ, സെന്റ് റാഫേൽസ് സെമിനാരി റെക്ടർ, ഫാത്തിമ ഹോസ്റ്റൽ വാർഡൻ എന്നീ തസ്തികകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.*

**● അങ്ങയുടെ വൈദിക ജീവിതത്തിലെ ഏറ്റവും സുന്ദരവും നല്ലതുമായ കാര്യം (സംഗതി) എന്താണ്?**

എന്റെ പൗരോഹിത്യ ജീവിതത്തിൽ സമ്പത്തിന്റെയും ദാരിദ്ര്യത്തിന്റേതുമായ അവസ്ഥകൾ നേരിടേണ്ടി വന്നിട്ടുണ്ട്. ഈ രണ്ടു സാഹചര്യങ്ങളിലും അമിതാഹ്ലാദമോ, നിരാശയോ എനിക്ക് തോന്നിയിട്ടില്ല. ബാഹ്യപ്രേരണകങ്ങളുടെ കുത്തൊഴുക്കിൽപ്പെടാതെ പൗരോഹിത്യമെന്ന മഹാധർമ്മത്തിൽ സ്ഥിരതയോടെ നിൽക്കാനായത് എന്നെ സംബന്ധിച്ചിടത്തോളം ഏറ്റവും സുന്ദരവും നല്ലതുമായ കാര്യമാണ്.

**● വൈദിക ജീവിതത്തിൽ അങ്ങേയ്ക്ക് ഏറ്റവും സംതൃപ്തി നല്കിയ കാര്യം?**

ഞാൻ ക്ലാപ്പനയിൽ വികാരിയായിരുന്ന സമയത്ത് പാവപ്പെട്ടയാളുകൾക്കായി ഭവനനിർമ്മാണം നടത്താൻ തീരുമാനിച്ചു. അപ്പോൾ ഇടവകയിലെ സാധാരണക്കാരടക്കം എല്ലാവരും അകമഴിഞ്ഞ് എന്നോട് സഹകരിച്ചു. ഇതുപോലെയുള്ള അവസരങ്ങളിൽ ജനങ്ങൾക്കിടയിൽ നിന്നും ലഭിക്കുന്ന പിന്തുണയാണ് എനിക്കേറ്റവും സംതൃപ്തി നല്കുന്നത്.

**● കേരളത്തിൽ വൈദികർ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി?**

സഭയും സന്യാസീസന്യാസിനികളും നിരവധി ആരോപണങ്ങൾക്ക് വിധേയരാകുന്നുണ്ട്. സഭ ആക്രമിക്കപ്പെടുന്നു എന്നതിനേക്കാൾ ആക്രമണവിധേയയാകുന്നുവെന്നതാണ് സത്യം. എളുപ്പം ആക്രമിക്കാൻ കഴിയത്തക്കവിധം സഭയ്ക്ക് ബലമില്ലാതായിയെന്നു

www.malankaralibrary.com

വേണം മനസ്സിലാക്കാൻ. ധീരമായ നിലപാടുകളെടുക്കാൻ സഭയ്ക്കായാൽ ഇത്തരം ആരോപണങ്ങൾ സഭയ്ക്കെതിരെ ഉയരുമെന്ന് എനിക്കുതോന്നുന്നില്ല.

**● വൈദികനെന്ന കർമ്മപാതയിൽ ഏറ്റവും ദുർഘടമായി അനുഭവപ്പെടുന്നത് എന്താണ്?**

ഞാൻ ആദ്യമായി വികാരിയായി ചെന്ന ഇടവകയിൽ പള്ളി പെരുന്നാളിന് മതാത്മകമല്ലാത്ത ഒട്ടേറെ അനാചാരങ്ങൾ കാണുവാനിടയായി. അവിടുത്തെ പ്രദക്ഷിണം ഉച്ചകഴിയുമ്പോൾ തുടങ്ങിയാൽ രാത്രിയേറെ വൈകിയാണ് പള്ളിയിൽ എത്തിച്ചേരുന്നത്. യാതൊരുവിധ ഭയഭക്തി ബഹുമാനങ്ങളും ഇല്ലാതെയാണ് രൂപക്കൂടുകളുമേന്തിയുള്ള ആ പ്രദക്ഷിണമെന്ന് എനിക്കുതോന്നി. സ്ത്രീകളും കുഞ്ഞുങ്ങളുമടങ്ങുന്ന പ്രദക്ഷിണം പോകുംവഴി അടിയും, വഴക്കും. എത്രദൂരം പ്രദക്ഷിണമായി പോകുന്നുവെന്നതല്ല, മറിച്ച് കുറച്ചായാലും ഭക്തിയോടെ പ്രദക്ഷിണം നടത്താനാവുന്നതാണ് നല്ലതെന്ന് ഞാൻ പറഞ്ഞു. അതിന് പലരും തയ്യാറായില്ല. എന്നു മാത്രമല്ല ശക്തമായ എതിർപ്പും എനിക്കു നേരിടേണ്ടി വന്നു.

**● കേരളത്തിലെ വൈദികർ നിർബന്ധമായും നടപ്പിലാക്കേണ്ട എന്തെങ്കിലും കാര്യം ഇന്നവർ അവഗണിക്കുന്നുണ്ടോ?**

മതത്തെ കച്ചവടവത്ക്കരിക്കുന്ന പ്രവണത നമ്മുടെ നാട്ടിൽ ഏറിവരികയാണ്. വാർത്താമാധ്യമങ്ങളിൽ തീർത്ഥാടനകേന്ദ്രങ്ങളെക്കുറിച്ചും, തിരുന്നാളുകളെക്കുറിച്ചും ധ്യാനകേന്ദ്രങ്ങളെക്കുറിച്ചുമുള്ള പരസ്യങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. ഭക്തജനങ്ങൾ അനുഗ്രഹങ്ങൾ തേടിവരുന്നതിന് പരസ്യങ്ങളുടെ ആവശ്യമില്ലയെന്നാണ് എന്റെ അഭിപ്രായം.

**● കർമ്മവേദിയിലെ നവാഗതരായ വൈദികർക്ക് എന്ത് ഉപദേശമാണ് നൽകാനുള്ളത്?**

സ്വാഭാവികമായും നവവൈദികർക്ക് മുൻതലമുറയിലെ വൈദികരെക്കാൾ കാര്യപ്രാപ്തിയും ചുറുചുറുക്കുമുണ്ട്. അവർ തങ്ങളേറ്റെടുക്കുന്ന കാര്യങ്ങൾ വളരെ കാര്യക്ഷമതയോടും അത്യുത്സാഹത്തോടും ചെയ്യാറുണ്ട്. എന്നാൽ സുവിശേഷം പ്രസംഗിക്കുന്നതിന് കുറച്ചുകൂടി ജാഗ്രത അവർക്കാവശ്യമാണ്. സുവിശേഷ പ്രചരണത്തെ ഒരു മിഷനായി ഏറ്റെടുത്ത് ജീവൻ പോലും കൊടുക്കാൻ യുവവൈദികർ തയ്യാറായാൽ നമ്മുടെ നാട്ടിൽ തീർച്ചയായും ആത്മീയ ഉണർവ്വുണ്ടാകും.

**● സഭയുടെ മാധ്യമപ്രവർത്തനങ്ങളെക്കുറിച്ച് അങ്ങേയ്ക്ക് എന്താണ് പറയുവാനുള്ളത്?**

സഭയുടെ മാധ്യമപ്രവർത്തനങ്ങളിൽ എനിക്ക് നിരാശയാണ്. പ്രത്യേകിച്ച് വിഷ്വൽ മീഡിയയിൽ. ഒരു സ്വകാര്യവ്യക്തി ആരംഭിച്ച 'ശാലോം' മാത്രമേ നമുക്കിന്നുള്ളൂ. മാധ്യമപ്രവർത്തനമെന്നത് മഹാസമുദ്രമാണ്. അതിലൊരു തുള്ളിയാവാൻ സഭയ്ക്കിതുവരെ കഴിഞ്ഞിട്ടില്ല.

മാധ്യമപ്രവർത്തനത്തിൽ ഡോക്ടറേറ്റും ബിരുദാനന്തരബിരുദവുമൊക്കെയുള്ള സമർത്ഥരായ ആളുകൾ ഇന്ത്യൻ സഭയിലുണ്ട്. എന്നാൽ ഈ റിസോഴ്സുകളെ വേണ്ടരീതിയിൽ ഉപയോഗപ്പെടുത്തുന്നതിൽ സഭ പരാജയപ്പെട്ടിരിക്കുകയാണ്. ഇന്ന് വിവിധ ക്രിസ്തീയ സഭകൾ തമ്മിൽ മത്സരമാണ്. ഒരുമിച്ചൊരു സംരംഭം ആരംഭിക്കാൻ ആരും മുതിരുന്നില്ല.

**● നേഴ്സിങ് കോളേജടങ്ങുന്ന ഒരു സ്ഥാപനത്തിന്റെ ഡയറക്ടറെന്ന നിലയിൽ സ്വാശ്രയകോളേജുകളെക്കുറിച്ച് അങ്ങയുടെ നിലപാടെന്താണ്?**

സഭാസ്ഥാപനങ്ങളുടെ നടത്തിപ്പിനായി ഒരു പൊതുപെരുമാറ്റച്ചട്ടം നിലവിൽ വരുന്നത് നമ്മുടെ ഉദ്ദേശ്യശുദ്ധി വ്യക്തമാക്കാനും സ്ഥാപനങ്ങളുടെ നല്ല നടത്തിപ്പിനും ഉപകരിക്കും. പാവപ്പെട്ടരായ വിദ്യാർത്ഥികൾക്ക് പണമില്ലാത്തതിനാൽ അർഹമായ വിദ്യാഭ്യാസം ലഭിക്കാതെ പോകരുത്. അതിനാൽ നിർദ്ധനരായ കുട്ടികൾക്ക് സൗജന്യവിദ്യാഭ്യാസം സഭാസ്ഥാപനങ്ങൾ നൽകണം. ഈ കാര്യങ്ങൾ ആ പെരുമാറ്റച്ചട്ടത്തിൽ ഉൾക്കൊള്ളിച്ചാൽ നന്നായിരിക്കും.

**● യുവജനങ്ങൾക്കിടയിൽ വർഷങ്ങളോളം പ്രവർത്തിച്ചയാളെന്ന നിലയിൽ അവരെ വേണ്ടരീതിയിൽ ഏകോപിപ്പിക്കാൻ സഭാനേതൃത്വസംഘടനകൾക്കാകുന്നുണ്ടോ?**

ഞാൻ പട്ടത്താനം ഇടവകയിൽ പ്രവർത്തിച്ചിരുന്ന കാലത്ത് 'യുവശക്തി' എന്നപേരിലൊരു സംഘടന ഇടവകാതലത്തിൽ രൂപീകരിച്ചു. യുവജനങ്ങൾക്കൊപ്പം നിന്നപ്പോൾ എനിക്കു മനസ്സിലായത് അവർക്ക് സഭയെ സംബന്ധിച്ചും സമൂഹത്തെ സംബന്ധിച്ചും നിരവധി ചോദ്യങ്ങളുണ്ട്. അവയ്ക്ക് ഉത്തരമേകാൻ യുവജനസംഘടനകൾക്കാകണം. എന്തുതന്നെയായാലും സഭ ഇന്ന് യുവജനങ്ങൾക്കായി സമയവും പണവും നീക്കിവയ്ക്കുന്നില്ലയെന്നാണ് എന്റെ അഭിപ്രായം. ■

www.malankaralibrary.com



# ഇന്ത്യയുടെ ബലഹീനത

മനുഷ്യപുത്രൻ

ഇതു കുറിക്കുമ്പോഴും ഇന്ത്യ സ്വർണ്ണക്കൊയ്ത്ത് തുടരുകയാണ്! ഇതാണ് മിക്ക പത്രങ്ങളിലും കോമൺവെൽത്ത് ഗയിംസിനെക്കുറിച്ചുള്ള തലക്കെട്ട്. ഈ പോക്ക് പോയാൽ ഗയിംസ് അവസാനിക്കുമ്പോൾ മെഡൽ നിലയിൽ ഇന്ത്യ രണ്ടാം സ്ഥാനത്തോ മൂന്നാം സ്ഥാനത്തോ ചെന്നുനില്ക്കും.

പക്ഷേ ഗയിംസ് തുടങ്ങുന്നതിന് തൊട്ടുമുമ്പുള്ള ബഹളമെല്ലാം എല്ലാവരും മറന്ന മട്ടാണിപ്പോൾ. എന്തെല്ലാമായിരുന്നു പൊല്ലാപ്പ്! സ്റ്റേഡിയത്തിന്റെ മേൽക്കൂര വീഴുന്നു, പാലം തകരുന്നു, കെട്ടിടം ചോരുന്നു, എന്തിന് ബഡ്റൂമിൽ പട്ടി മുള്ളിയ കഥവരെ!

ഫലമോ? പല രാജ്യങ്ങളും ഗെയിംസിൽ നിന്നു പിൻവാങ്ങുമെന്ന ഭീഷണി മുഴക്കുന്നു; ചില പ്രമുഖതാരങ്ങൾ യാത്ര റദ്ദാക്കുന്നു; ഗയിംസ് ഇത്തവണ നടക്കുമോന്നു തന്നെ സംശയമുയരുന്നു; കോമൺവെൽത്ത് ഗയിംസ് പ്രസിഡന്റ് പ്രധാനമന്ത്രിക്ക് കത്തെഴുതുന്നു; പ്രധാനമന്ത്രി ഇടപെടുന്നു. എല്ലാം കഴിഞ്ഞ് അവസാനം കൃത്യ സമയത്തുതന്നെ ഗയിംസിന്റെ തിരശീല ഉയരുന്നു.

രണ്ടുവർഷം മുമ്പാണ് നമ്മുടെ തൊട്ടടുത്തുള്ള ചൈനയിൽ ഒളിമ്പിക്സ് നടന്നത്. അവർക്ക് തയ്യാറെടുപ്പിന് കിട്ടിയത് 8 വർഷങ്ങളായിരുന്നു. കോമൺവെൽത്ത് ഗയിംസിനെക്കാൾ എത്രയോ മടങ്ങ് മികവും ഒരുക്കവും ആവശ്യമുള്ളതാണ് ഒളിമ്പിക്സ്. എന്നിട്ടും ഡെഡ്ലൈനിന് മാസങ്ങൾക്കുമുമ്പേ ചൈനക്കാർ ഒരുക്കങ്ങളെല്ലാം പൂർത്തിയാക്കി കഴിഞ്ഞിരുന്നു!

2003-ലാണ് കോമൺവെൽത്ത് ഗയിംസ് നടത്താനുള്ള ഉത്തരവാദിത്വം ഇന്ത്യ ഏറ്റെടുത്തത്. അതിനുശേഷം നീണ്ട എട്ടുവർഷങ്ങളുണ്ടായിരുന്നു നമുക്കും. എട്ടുവർഷമെന്നു പറഞ്ഞാൽ ചുരുങ്ങിയ സമയമാണെന്ന് ആരും പറയുമെന്ന് തോന്നുന്നില്ല. അതിനിടയിൽ ബി. ജെ. പി.യും കോൺഗ്രസ്സും മാറി മാറി ഭരിച്ചു. എന്നിട്ടാണ് 8-ാം വർഷത്തിന്റെ പൂർത്തിയിൽ, സമയമായപ്പോൾ ഒന്നും ശരിയാകാത്ത അവസ്ഥയിൽ രാജ്യം മുഴുവൻ നാണക്കേടിന്റെ വക്കിൽ നിന്നത്.

എന്താണ് ഗയിംസിന്റെ ഏറ്റവും വലിയ സംഭാവന? ഇന്ത്യയ്ക്കു കിട്ടിയ മെഡലും റെക്കോർഡുകളുമാണെന്ന് പറയുന്നവരുണ്ടാകും. ഒന്നു മാറി ചിന്തിച്ചാലോ? ഇന്ത്യൻ പ്രവർത്തനരീതിയുടെ ഏറ്റവും വലിയ ബലഹീനത ഗയിംസിലൂടെ അനാവരണം ചെയ്യപ്പെട്ടു എന്നതല്ലേ സത്യം? ഇന്ത്യയുടെ ബലഹീനത ഗ്ലോബൽ സ്റ്റേജിൽ സർവ്വ കൊട്ടിഘോഷത്തോടുംകൂടി അനാവരണം ചെയ്യപ്പെട്ടു. നഗരത്തിന്റെ നടുറോഡിൽ ഉടുതുണി നഷ്ടപ്പെട്ടവനെപ്പോലെ!

എന്തായിരുന്നു അനാവരണം ചെയ്യപ്പെട്ട നമ്മുടെ ബലഹീനത? കാര്യങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്യുന്നതിലുള്ള കഴിവില്ലായ്മ, അവ സമയബന്ധിതമായി നടപ്പിലാക്കുന്നതിലെ പിടിപ്പുകേട്, കൃത്യതയോടെ കാര്യങ്ങൾ ചെയ്യുന്നതിലെ വീഴ്ച ഇവയൊക്കെയാണ് ലോകസമക്ഷം അനാവരണം ചെയ്യപ്പെട്ട പിഴവുകൾ.

ഗ്രാമപഞ്ചായത്ത് മുതൽ രാഷ്ട്രപതി ഭവൻവരെ ഈ ഇന്ത്യൻ ബലഹീനതകൾ പ്രകടമാണ്. ഗ്രാമത്തിലെ കർഷകന്റെ ജീവിതം മുതൽ മെട്രോ നഗരത്തിലെ പ്രൊഫഷണലിന്റെ ജീവിതംവരെ ഈ ബലഹീനതകൾ നിറഞ്ഞതാണ്. ഇത് തിരിച്ചറിയാനും അംഗീകരിക്കാനും സ്വയം തിരുത്താനുമുള്ള അവസരമാണ് കോമൺവെൽത്ത് ഗയിംസ് ഒരുക്കിത്തന്നത്. അംഗീകരിക്കാനും പാഠം പഠിക്കാനുമുള്ള ആർജ്ജവം ഇന്ത്യക്കാരായ നമുക്കുണ്ടോ എന്നതാണ് പ്രധാന ചോദ്യം.

സ്വന്തം ബലഹീനത അംഗീകരിക്കാതെ, ഡെൽഹി മെട്രോയുടെ ശ്രീധരനെയും, പഴയ അബ്ദുൾ കലാമിനെയും ചൂണ്ടിക്കാട്ടി തടിതപ്പാനുള്ള പ്രലോഭനത്തിന് വഴിപ്പെടുക വളരെ എളുപ്പമാണ്. എങ്കിൽ ഒരു കാര്യം ഉറപ്പ്. അടുത്ത കാലത്തെങ്ങും ലോകരാജ്യങ്ങളോട് കിടപിടിക്കാനുള്ള കെല്പ് ഇന്ത്യക്ക് ഉണ്ടാവില്ല. 2020ൽ ഇന്ത്യ വികസിത രാജ്യമാകുമെന്നതൊക്കെ അബ്ദുൾ കലാമിന്റെ വെറും സ്വപ്നമായിത്തന്നെ അവശേഷിക്കും. ■

www.malankaralibrary.com



# 3 Workshops for Priests

## 1. PASTORAL LEADERSHIP

**For whom** : For pastors who are interested to understand leadership dynamics and its effective practice. There will be experiential learning opportunities in skills of interpersonal communication, counselling and trust building.

**Methodology** : Learner-centred, with active involvement of each participant.

**Number of seats** : 22

## 2. PRACTICAL TRAINING IN HOMILETICS

**For whom** : For pastors who are interested to improve their skill in delivering effective homilies to inspire and educate.

**Methodology** : Learner-centred, with practical training.

**Number of seats** : 22

## 3. COUNSELLING SKILLS

**For whom** : For pastors who are interested to know more of one's personality dynamics, to improve one's skills of listening and ablity to guide and counsel. There will be experiential learning opportunities.

**Methodology** : Learner-centred, with opportunities for practice.

**Number of seats** : 22

---

Date : Last week of November 2010.

Venue : Ashirbhavan, Kochi. The workshop is fully residential.

**50% Concession on Course fee for those who register before Oct 30th**

For details Please Contact : Sr. Leela Jose on 9447679783

www.malankaralibrary.com

# മീഡിയ ഹൗസ്

മൂല്യാധിഷ്ഠിത പ്രസാധനം വിതരണം

## നവംബർ പ്രസിദ്ധീകരണങ്ങൾ



എഴുതി തീരാത്ത പുസ്തകം
ഡോ. ചെറിയാൻ കുനിയാന്തോടത്ത്
₹ 160



കുടുംബം കുഞ്ഞിന്റെ അവകാശം
ഡോ. കെ. ശ്രീകുമാർ
₹ 70



മനസ്സ് അറിഞ്ഞതിനും അപ്പുറം
പ്രൊ. അഗസ്റ്റിൻ കെ. തോമസ്
₹ 150



അഹം വിഹംഗഃ
ഡോ. സി. തോമസ് എബ്രഹാം
₹ 100



യോഹന്നാൻ ക്രൂശിന്റെ മിസ്റ്റിക് ഗീതങ്ങൾ
ഡോ. കുര്യാസ് കുമ്പളക്കുഴി
₹ 90



ജയിക്കാൻ പഠിക്കാം
മുരളീധരൻ മുല്ലമറ്റം
₹ 80



വിജയ ജീവിതത്തിന്റെ മനഃശാസ്ത്രം
മുരളീധരൻ മുല്ലമറ്റം
₹ 165



ജയിക്കാൻ പഠിക്കാം
മുരളീധരൻ മുല്ലമറ്റം
₹ 80



മക്കളെ വളർത്തുമ്പോൾ മാതാപിതാക്കളറിയാൻ
മുരളീധരൻ മുല്ലമറ്റം
₹ 140




ഫാമിലി ഇൻ ലവ്
ജോസഫ് മറ്റം
₹ 100



ഇന്നു മുതൽ മരണം വരെ
ജോസഫ് മറ്റം
₹ 70



കൊച്ചു രാജകുമാരൻ
സുജ ചാക്കോ
₹ 70

മീഡിയ ഹൗസ് ബുക്കുകൾ 30% ഡിസ്കൗണ്ട്

**മീഡിയ ഹൗസിന്റെ പുസ്തകങ്ങൾ ലഭിക്കുന്ന സ്ഥലങ്ങൾ**

1. മീഡിയ ഹൗസിന്റെ 16 ഏജൻസികൾ
2. മാതൃഭൂമി, NBS Book Stalls
3. മറ്റു പ്രമുഖ ബുക്ക്സ്റ്റാളുകൾ

M.O/DD/Cheque അയക്കാൻ

**Address: Media House, Noor Complex, Mavoor Road, Kozhikode - 673 004**

അന്വേഷണങ്ങൾക്ക്: **Media House**
Noor Complex, Mavoor Road, Kozhikode - 673 004
Contact:- 97464440600 (Book Stall)
9746440800, 97460077500 (Office)
9746440700 (Admn.)
e-mail: mediahousecalicut@gmail.com

www.malankaralibrary.com


October 2010 / Karunikan Monthly RNI No. KERMAL/2007/19623 Postal Reg. No. KL/ALY/0010/2010-12
Licence No. KL/CR/ALY/WPP-02/2010-12 Licensed to Post Without Prepayment


# മീഡിയ ഹൗസിൽ നിന്ന്


ദൈവ വചനം



**അഭയശിലകൾ**
ജോസഫ് പാംപ്ലാനി
₹ 250



**വചനസന്ദേശം**
ഫാ. ജോസഫ് നെച്ചിക്കാട്ട്
₹ 400



**വചനവിരുന്ന്**
ഫാ. ജോസഫ് നെച്ചിക്കാട്ട്
₹ 160



**തിരുവചനം ബലിവേദിയിൽ**
ജോയ് ഫിലിപ്പ്
₹ 150



**അനുദിന ധ്യാനം**
ഫാ.ഫ്രാൻസിസ് നീലങ്കാവിൽ
₹ 300



**പുതിയ നിയമത്തിലെ സ്ത്രീകൾ**
ഡോ. മൈക്കിൾ കാരിമറ്റം
₹ 100




**യേശുവിന്റെ തിരുമൊഴികൾ - മത്തായി**
ഫാ. ജ്ഞാനദാസ്
₹ 300



**യേശുവിന്റെ തിരുമൊഴികൾ - മർക്കോസ്**
ഫാ. ജ്ഞാനദാസ്
₹ 180




**യേശുവിന്റെ തിരുമൊഴികൾ - ലൂക്കാ**
ഫാ. ജ്ഞാനദാസ്
₹ 250


**ബൈബിൾ നിഘണ്ടു**
ഫാ. ജ്ഞാനദാസ്
₹ 180

ദൈവ ശാസ്ത്രം

**2010-ലെ വൈജ്ഞാനിക സാഹിത്യത്തിനുള്ള മേരിവിജയത്തിന്റെ എം.വി. പൈലി അവാർഡ് നേടിയ ഡോ. സിപ്രിയൻ ഇല്ലിക്കമുറിയുടെ ദൈവശാസ്ത്ര ഗ്രന്ഥങ്ങൾ.**



₹ 100



₹ 100



₹ 100




₹ 110



₹ 110



₹ 100



₹ 100



₹ 95



₹ 75



₹ 130

**MO/ DD/ Cheque അയക്കാൻ**
**Address: Media House, Noor Complex, Mavoor Road, Kozhikode - 673 004**


Printed and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O. Kochi-682015, Ernakulam Dt.
Printed at St.Joseph's Orphanage Press, Changanacherry, Kerala - 686 101, Editor: Fr. Jacob Naluparayil